## ധനകാര്യം

## 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 14.03.2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ (`) | മൂലധനം (`) | റവന്യൂ (`) | മൂലധനം (`) | ആകെ (`) |
| (1) | (2) | (5) | (6) | (7) | (8) | (9) |
| XXXVII | വ്യവസായങ്ങൾ | 131,52,10,000 | 227,33,38,000 | 394,56,30,000 | 682,00,14,000. | 1076,56,44,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 36,18,75,000 | 10,52,50,000 | 108,56,26,000 | 31,57,50,000 | 140,13,76,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ഡോ. എം. കെ. മുനീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമന്റ് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ തക്കവിധം സംസ്ഥാനത്തിന്റെ സിമന്റ് ഉൽപ്പാദന മേഖലയെ സജ്ജമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമേഖലാസ്ഥാപനങ്ങളുടെ നിയമനങ്ങൾ ആർ.ഐ.എ.ബി. വഴി നടത്തണമെന്ന തീരുമാനം നടപ്പിലാക്കാതെ ബന്ധുക്കളേയും സ്വന്തക്കാരേയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത സ്ഥാനങ്ങളിൽ നിയമിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**(സൂചക വെട്ടിക്കുറയ്ക്കൽ)**

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1076,56,44,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പാറക്കൽ അബ്ദുള്ള

2. ശ്രീ. ടി. വി. ഇബ്രാഹിം:

## ധനാഭ്യർത്ഥന നമ്പർ XXXIX – വൈദ്യുത പദ്ധതികൾ

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

(ചർച്ച)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പാർലമെന്ററി നടപടിക്രമത്തിൽ കട്ട്മോഷൻസ് തന്നെ ഒരു സെൻസറിംഗ് മോഷൻ പോലെയാണ്. അതാണല്ലോ ഭരണപക്ഷത്തുനിന്ന് കട്ട്മോഷൻസ് അവതരിപ്പിക്കാത്തത്. കട്ട്മോഷന് നോട്ടീസ് കൊടുത്തിട്ട് പിന്നെ മൂവ് ചെയ്യുന്നില്ലായെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? അത് മന്ത്രിയോടോ അല്ലെങ്കിൽ മറ്റാരോടെങ്കിലും പ്രതിഷേധിച്ച് മൂവ് ചെയ്യുന്നില്ലായെന്ന് പറയുന്നത് ഏത് നടപടിക്രമമാണ്?

മി. സ്പീക്കർ: അങ്ങയുടെ സമയം പോകും. വെറുതേ വഴങ്ങേണ്ട.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അത് എന്ത് അർത്ഥത്തിലാണ്? ഫലത്തിൽ അത് ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതാണെന്ന് ഞാൻ പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുകയാണ്. വ്യവസായവും വൈദ്യുതിയും എന്ന വളരെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ രണ്ട് വകുപ്പുകളും പരസ്പരം

ബന്ധപ്പെട്ട് കിടക്കുന്നതാണ്. വൈദ്യുതി ഇല്ലെങ്കിൽ വ്യവസായമില്ല എന്ന് നമുക്കറിയാം. വ്യവസായ വളർച്ചയ്ക്ക് പ്രാഥമികമായി വേണ്ടത് വൈദ്യുതിയാണ്. വൈദ്യുതിയും വ്യവസായവുമാണ് വികസനത്തിന്റെ അടിത്തറ. അത് ഇവിടെ മാത്രമല്ല, ലോകത്ത് വികസനം പ്രാപിച്ച എല്ലാ രാജ്യങ്ങളിലും ഈ രണ്ടു കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് വികസനം ഉണ്ടാക്കിയിട്ടുള്ളതെന്ന് ചരിത്രം നോക്കിയാൽ അറിയാം.

കേരളത്തിലെ വ്യവസായ വികസനത്തിന് അടിത്തറ പാകിയത് 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റാണ്. പൊതുമേഖലയെ സംരക്ഷിക്കുകയും സ്വകാര്യമേഖലയ്ക്ക് ഇവിടെ കടന്നുവരാനുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുക്കുകയും ചെയ്തത് ആദ്യത്തെ ഇ.എം.എസ്. ഗവൺമെന്റാണെന്ന് നമ്മൾ ഓർക്കണം. മാവൂർ ഗ്വാളിയർ റയോൺസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കേരളത്തിൽ തുടങ്ങാനുള്ള സാഹചര്യങ്ങൾ അന്ന് ഈ ഗവൺമെന്റ് ഉണ്ടാക്കിയെന്നുള്ളതാണ് പിന്നീട് കേരളത്തിൽ വന്ന പല വ്യവസായങ്ങളുടെയും അടിത്തറയായിട്ടുള്ളത്. നമ്മുടെ ശ്രദ്ധയിൽപ്പെടുന്ന ഒരു കാര്യം, കേരളത്തിൽ എപ്പോഴെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നോ അപ്പോഴെല്ലാം നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

സംരക്ഷിക്കപ്പെടുകയും അത് ലാഭത്തിലാക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അത് ഒരു തുടർക്കഥപോലെ ഏത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാലും നമുക്ക് കാണാം.

അതേസമയം കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെല്ലാം നമ്മുടെ പ്രധാനപ്പെട്ട പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി. അത് സംരക്ഷിക്കുന്നതിനോ തൊഴിലാളി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ യാതൊരു തരത്തിലുമുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും യു.ഡി.എഫ്. ഗവൺമെന്റ് കാണിച്ചിട്ടില്ല എന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത. അതേ കാര്യം വീണ്ടും ഈ ഒരു വർഷംകൊണ്ട് കേരളത്തിൽ ആവർത്തിച്ചു. കേരളത്തിൽ നഷ്ടത്തിലായിരുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ കെ.എസ്.ഐ.ഡി.സി, ടി.ടി.പി.എൽ, ടി. സി.സി.എൽ തുടങ്ങി 17-ഓളം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം ലാഭത്തിലേക്ക് വന്നുവെന്നുള്ളതും ചവറ കെ.എം.എം.എൽ-ന്റെ പ്രവർത്തനം വിപുലീകരിക്കുകയും കൂടുതൽ ലാഭത്തിലേക്ക് വന്നുവെന്നുള്ളതും നമുക്ക് കാണാവുന്ന വസ്തുതയാണ്. കഴിഞ്ഞ ദിവസമെല്ലാം ഈ നിയമസഭയിൽ പരാമർശിക്കപ്പെട്ടതുപോലെ ഏറ്റവുമധികം അഴിമതി കുറഞ്ഞ ഒരു

സംസ്ഥാനമായി കേരളം മാറി. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളും അങ്ങനെ മാറിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് യു.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് നടന്ന അഴിമതിയും അവിടത്തെ പ്രൊഫഷണലായ മാനേജ്മെന്റ് സംവിധാനം നശിപ്പിച്ചതുമാണ് ഈ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാകാനുണ്ടായ കാരണം. ഈ രണ്ടുകാര്യങ്ങളിലും നിർണ്ണായകമായ ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയെന്നത് ഈ നാടിന്റെ മുൻപിൽ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ അഴിമതി രഹിതമായ ഒരു പ്രൊഫഷണൽ ഭരണം കൊണ്ടുവരുന്നതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിച്ചതാണ് അവ നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് വന്നതിന്റെ പ്രധാന കാരണം. ഇതിനൊരു രാഷ്ട്രീയ മുഖമുണ്ട്. കേന്ദ്രത്തിൽ ലാഭത്തിലോടുന്നതും നഷ്ടത്തിലായതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ഷിപ്പ് യാർഡ് ഉൾപ്പെടെയുള്ളവ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നിർബാധം

നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇന്ത്യയ്ക്കാകെ മാതൃകയായിക്കൊണ്ട് ഈ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനും ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും നമ്മുടെ ഗവൺമെന്റ് നടപടിയെടുത്തതെന്നത് അഭിമാനകരമായ കാര്യമാണ്. വ്യവസായ പുരോഗതിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഏറ്റവും വലിയ പ്രാധാന്യമാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളതെന്ന് കഴിഞ്ഞ രണ്ട് ബഡ്ജറ്റുകൾ നോക്കിയാൽ നമുക്ക് കാണാൻ സാധിക്കും. വ്യവസായ വികസനത്തിന് ആവശ്യമായ റോഡുകൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. വ്യവസായ നിക്ഷേപത്തിന് അനുകൂലമായ കാലാവസ്ഥ കേരളത്തിൽ ഇന്ന് നിലനിൽക്കുന്നു. അതിന് ആവശ്യമായ സാഹചര്യങ്ങളും എൽ.ഡി.എഫ്. ഗവൺമെന്റ് ഇന്ന് കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. വ്യവസായ അന്തരീക്ഷം അനുകൂലമാക്കുവാനും സങ്കീർണ്ണമായ നടപടിക്രമങ്ങളെല്ലാം ലഘൂകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുന്നതിനും മന്ത്രിസഭ സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടു. ഏതാണ്ട് 10 നിയമങ്ങൾ പുന:പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കാനാണ് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ

ആക്ട് കൊണ്ടുവരാൻ തീരുമാനിച്ചു. ഇതുരണ്ടും സ്വാഗതാർഹമായ നടപടികളാണ്. ഇത് കേരളത്തിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കാനും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ കേരളം ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാണെന്ന് മറ്റുള്ളവർക്ക് വളരെ എളുപ്പത്തിൽ മനസ്സിലാക്കാനുതകുന്ന സാഹചര്യം സ്വീകരിച്ചതിന്റെ ഫലം വരുംവർഷങ്ങളിൽ കേരളത്തിൽ പ്രകടമായി കാണാൻ പോകുന്നുവെന്നും നമുക്ക് മനസ്സിലാകും. ഈയൊരു വർഷക്കാലത്തിനുള്ളിൽ ഗവൺമെന്റിന്റെ കടുത്ത വിമർശകർക്കുപോലും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നിൽപോലും ഒരു ചെറിയ അഴിമതിയോ ആരോപണമോ ചൂണ്ടിക്കാണിക്കാൻ എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ലെന്നതും ശ്രദ്ധേയമാണ്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ പെട്രോ കെമിക്കൽസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള തീരുമാനമായി. അതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇത് കേരളത്തിൽ വലിയ വ്യവസായ കുതിപ്പിന് വഴിയൊരുക്കും. ഇത്രയും കാലം ഒട്ടനവധി കുരുക്കുകളിൽ കിടന്നിരുന്ന ഗെയിലിന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ നിശ്ചയദാർഢ്യത്തോടെ എടുക്കുന്നതിനും ഈ ഗവൺമെന്റ് തയ്യാറായി. അതിന്റെ നടപടിക്രമങ്ങൾ

നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ പൊതുമേഖലയെ ശക്തിപ്പെടുത്തിയും വ്യവസായ നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച് സംരംഭകരെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയെന്ന നയമാണ് മുൻ എൽ.ഡി.എഫ്. ഗവൺമെന്റേതുപോലെ തന്നെ ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. ഇത് കേരളത്തിന്റെ വ്യവസായകുതിപ്പിന് അടിത്തറയേകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയ്ക്കാകെ മാതൃകയായികൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ യത്നിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും ഈ ഗവൺമെന്റിനെയും ഈ നാടിനുവേണ്ടി ഈയവസരത്തിൽ ഞാൻ കലവറയില്ലാതെ അഭിനന്ദിക്കുകയാണ്. കേരളത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചുവെന്നതാണ് വൈദ്യുതി വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം. കേരളം ഒരു സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റി ഇന്ത്യയ്ക്കാകെ നമ്മുടെ നാട് മാതൃകയായിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടൊരു വസ്തുത. ഇക്കാര്യത്തിൽ എല്ലാവിഭാഗം ആളുകളും സഹകരിച്ചു. വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രവർത്തനം ഈ അവസരത്തിൽ ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനും വീടുകളിൽ വയറിംഗ്

നടത്തുന്നതിന് 5000, 6000 രൂപ ഇല്ലാതെ വൈദ്യുതി വേണ്ടായെന്ന് വച്ചിരുന്ന സാധാരണക്കാരായ ആളുകൾക്ക് വൈദ്യുതിബോർഡ് ജീവനക്കാർ വയറിംഗ് നടത്തുന്നതിനുള്ള പൈസ സ്വരൂപിച്ച് കൊടുത്തു. എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ കേരളത്തിന്റെ മിക്കവാറും എല്ലാ സ്ഥലത്തും അവരോട് ആവശ്യപ്പെട്ട എല്ലാ സ്ഥലങ്ങളിലും അവർ മുൻകൈ എടുത്ത് ചെയ്തുയെന്ന കാര്യം എനിക്ക് നേരിട്ടറിയാം. അതിന് ഈ അവസരത്തിൽ അവരോട് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ വരൾച്ച നേരിടുന്ന ഈ സന്ദർഭത്തിലും കേരളത്തിൽ വൈദ്യുതിക്ഷാമം ഇല്ലാതെ മുന്നോട്ട് പോകുകയാണ്. അതിനുവേണ്ടി നടപടിയെടുത്ത ഈ ഗവൺമെന്റിനെയും മന്ത്രിയെയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ ജല വൈദ്യുത പദ്ധതികൾ ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദനം നടത്തുന്നതാണെന്ന് നമുക്കറിയാം. പക്ഷെ ജലവൈദ്യുത പദ്ധതികളെല്ലാം ഒട്ടനവധി വിവാദങ്ങൾ ക്ഷണിച്ചുവരുത്തുന്നുണ്ടെന്നും നമുക്കറിയാം. പരിസ്ഥിതി സംബന്ധിച്ച് ഒട്ടനവധി പ്രശ്നങ്ങൾ ഉയർത്തുന്നുവെന്നുള്ളതുകൊണ്ട് നമ്മുടെ പല

പദ്ധതികളും തടസ്സപ്പെട്ടുകിടക്കുന്ന സന്ദർഭത്തിൽ മറ്റു സോഴ്സുകൾ ഉപയോഗിക്കാം. പ്രധാനമായിട്ടും സോളാർ എനർജി. കായംകുളം എൻ.ടി.പി.സി. യുടെ പ്ലാന്റുകൾ ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ വൻതോതിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിയെടുത്ത് പല സ്ഥലങ്ങളിലും വൈദ്യുതി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. അത് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കായംകുളത്ത് അവരുടെ തുറസ്സായി കിടന്ന ഭൂമിയിലാണ് സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിയെടുത്തത്. കേരളത്തിൽ പഞ്ചായത്തുകൾതോറും വികേന്ദ്രീകൃതമായി സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. പഞ്ചായത്തുകളിൽ തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ നമ്മൾ ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്ത തമിഴ്നാട്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങൾ ഇപ്പോൾ തന്നെ പരീക്ഷിച്ച് വലിയ വിജയം കണ്ടെത്തിയ പമ്പ്ഡ് സ്റ്റോറേജിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നുതന്നെ വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷമുള്ള വെള്ളം പമ്പ്

ചെയ്ത് ഉയർന്ന റിസർവ്വോയറിൽ എത്തിക്കുകയും വീണ്ടും അതേ പ്രോസസിൽകൂടി വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്. മൂഴിയാർ, കക്കാട്, കല്ലാർകുറ്റി, പൊന്മുടി തുടങ്ങിയ സ്ഥലങ്ങളിൽ ലോവർ റിസർവ്വോയറും ഉയർന്ന റിസർവ്വോയറും ഉണ്ട്. അതുകൊണ്ട് ഈ പ്രക്രിയ ഫലപ്രദമായി കേരളത്തിൽ ഉപയോഗിക്കാൻ കഴിയും. കേരളത്തിൽ ഏതാണ്ട് 5000 മെഗാ വാട്ട് വൈദ്യുതി പംപ്ഡ് സ്റ്റോറേജിൽ നിന്നും ഉൽപ്പാദിപ്പിക്കാമെന്നാണ് വിദഗ്ധരായിട്ടുള്ളവർ കണക്കാക്കിയിട്ടുള്ളത്. ഇതുവരെ നമ്മൾ അത് ഉപയോഗിച്ചിട്ടില്ല. ഇന്ന് പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനും മറ്റും ഒട്ടേറെ തടസ്സങ്ങളുള്ളപ്പോൾ പമ്പ്ഡ് സ്റ്റോറേജ് പ്രക്രിയയിൽ കൂടി കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നത് ഗൗരവമായി എടുക്കുകയും അത് നടപ്പാക്കുകയും ചെയ്യണം. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് നടപ്പിലാക്കി രാജ്യത്തിന് മാതൃക കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിൽ ഗുജറാത്തിലും തമിഴ്നാട്ടിലും ഈ സംവിധാനം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, അതിലെ ദുർമേദസ്സെല്ലാം മാറ്റി ഏറ്റവും ഭംഗിയായി ഈ രണ്ട് വകുപ്പുകളും

മുന്നോട്ടുകൊണ്ടുപോകുന്ന കാഴ്ചയാണ് നമുക്ക് ഇപ്പോൾ കാണാൻ കഴിയുന്നത്. വൈദ്യുതി വകുപ്പിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും ഈ കനത്ത വേനലിലും ലോഡ് ഷെഡിംഗ് ഇല്ലാതെ കേരളത്തിൽ വൈദ്യുതി ദൗർലഭ്യം ഉണ്ടെന്നുള്ള വസ്തുത ജനങ്ങളെ അറിയാിക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അഴിമതിയുടെ തുടർക്കഥയായിരുന്ന വ്യവസായ വകുപ്പിൽ ഉണ്ടായിരുന്നത്. ഒരു അഴിമതിപോലും ചൂണ്ടിക്കാണിക്കാനില്ലാതെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി കൊണ്ടുപോയി ഇന്ത്യയ്ക്കാകെ ഒരു ഇടതുപക്ഷ മാതൃക കാണിച്ചുകൊടുക്കുന്നുവെന്നതുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്രയായിട്ടുള്ളതെന്ന് എടുത്തുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ നിർത്തുന്നു. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, വ്യവസായം, വൈദ്യുതി എന്നീ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ച ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്.

വൈദ്യുതി വകുപ്പിനെ സംബന്ധിച്ചിടത്തോളം എതിർക്കാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല, കാരണം, വൈദ്യുതി വകുപ്പുമന്ത്രി കേരളത്തിലെ

സ്ത്രീകളെ മുഴുവൻ അപമാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നടത്തിയിരിക്കുകയാണ്. ആ പ്രസ്താവകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ള ആളുകൾ പ്രതികരിച്ചു. അങ്ങ് ഉൾപ്പെടെ, ശ്രീ. എ. കെ. ബാലനും ശ്രീമതി മേഴ്സിക്കുട്ടിഅമ്മയും ശ്രീമതി ശൈലജ ടീച്ചറും ശ്രീമതി ശ്രീമതി ടീച്ചറും സ്ത്രീകൾക്കെതിരെയുള്ള പരാമർശം ശരിയായില്ലായെന്ന് വൈദ്യുതി വകുപ്പുമന്ത്രിയെക്കുറിച്ച് പറയുകയുണ്ടായി. ഏറ്റവും അവസാനം, സി.പി.ഐ.(എം)ന്റെ സംസ്ഥാന സെക്രട്ടേറിയേറ്റ് കൂടി അദ്ദേഹത്തെ പരസ്യമായി ശാസിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. ഇങ്ങനെയൊരു മന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പിനുവേണ്ടി അവതരിപ്പിച്ച ഡിമാന്റുകളെ ഞങ്ങൾക്ക് എങ്ങനെ അനുകൂലിക്കാൻ സാധിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: ഇവിടെ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, വൈദ്യുതി വകുപ്പിന്റെ ചർച്ചയിൽ ഇടപെടാൻ അനുകൂലമായ സാഹചര്യമാണിവിടെയുള്ളത്. ഞാൻ പറഞ്ഞുവരുന്നത്, അങ്ങ് ഉദ്ദേശിക്കുന്നതുപോലെയോ മാധ്യമങ്ങൾ പറയുന്നതുപോലയോ മറ്റ് പരാമർശങ്ങൾ പോലെയോ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്ത്രീകളെ സംബന്ധിച്ച് ഒരു അപമാനവാക്കും പറഞ്ഞിട്ടില്ല.

അക്കാര്യത്തിൽ .............(മൈക്ക് ഓഫ്).....

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഹുമാനപ്പെട്ട രാജേന്ദ്രൻ, അങ്ങേയ്ക്ക് ഇത് പറയാതിരിക്കാൻ പറ്റുകയില്ല. അതിന്റെ കാരണമെന്താണെന്ന് പറയാൻ സമയമില്ല, എനിക്ക് ഇത് പറഞ്ഞ് അവസാനിപ്പിക്കണം. അതിന്റെ കാരണമെന്താണെന്ന് ചോദിച്ചാൽ വൈദ്യുതി വകുപ്പ്................

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: പോയിന്റ് ഓഫ് ഓർഡർ. റൂൾ 307 വാസ്തവവിരുദ്ധമായ ഒരു വിഷയം സഭയിൽ അവതരിപ്പിക്കരുത്. ടി.വി. യിൽ വന്ന പരാമർശങ്ങൾ നമ്മൾ കണ്ടു, സഭയിൽ എല്ലാവർക്കും വീണ്ടും അത് കാണാം. ബോധ്യപ്പെടാത്തവരെ ബോധ്യപ്പെടുത്താം. അതിൽ സ്ത്രീ എന്ന വാക്ക് ഏതെങ്കിലും നിലയിൽ വന്നിട്ടുണ്ടെങ്കിൽ സഭയിൽ നിലപാട് സ്വീകരിക്കാം. അത് ഇല്ലാതെ പെൺകൾ ഒരുമൈ എന്ന വാക്ക് ഉപയോഗിച്ചു. അത് ഒരു സമരത്തെ സംബന്ധിച്ചാണ്, ഏതെങ്കിലും ഒരു സ്ത്രീയെ സംബന്ധിച്ചല്ല. എല്ലാ കാര്യങ്ങളും മനസ്സിലാക്കുകയും പക്വത കാണിക്കുകയും നല്ല നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന ബഹുമാന്യരായ നിങ്ങളെല്ലാവരോടും അഭ്യർത്ഥിക്കുന്നത് ഇല്ലാത്ത വിഷയം ഉണ്ട് എന്ന് സ്ഥാപിക്കുന്ന നിലയിലുള്ള സമീപനം സ്വീകരിക്കരുത്. അതുകൊണ്ട് നിങ്ങൾ എല്ലാവരും ചർച്ചയിൽ പങ്കെടുക്കണം.

മി. ചെയർമാൻ: ഇതിൽ എന്താണ് പോയിന്റ്

ശ്രീ. എസ്. രാജേന്ദ്രൻ: സ്ത്രീകളെ സംബന്ധിച്ച് പരാമർശം നടത്തിയിട്ടില്ല. എന്നാൽ ചർച്ചയിൽ അത്തരം പരാമർശം നടത്തിയിട്ടുണ്ടെന്ന് സ്ഥാപിക്കുന്നു. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: രേഖ പരിശോധിച്ച് നടപടി സ്വീകരിക്കാം. *

ശ്രീ. അടൂർ പ്രകാശ്: ശ്രീ. രാജേന്ദ്രൻ പറഞ്ഞതെല്ലാം ഞാൻ കേട്ടു. അദ്ദേഹത്തിന് അത് പറയാതിരിക്കാൻ സാധിക്കുമോ? കാരണം അതിന്റെ ഗുണഭോക്താവാണ് രാജേന്ദ്രൻ. ആ രാജേന്ദ്രൻ ഇത് പറഞ്ഞില്ലെങ്കിൽ വേറെ ആരാണ് വൈദ്യുതി വകുപ്പുമന്ത്രി എം. എം. മണിക്കുവേണ്ടി പറയുന്നത്. ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട എ.കെ. ബാലനും ശ്രീമതി ശൈലജ ടീച്ചറും ശ്രീമതി മേഴ്സിക്കുട്ടിഅമ്മയും ശ്രീമതി ശ്രീമതി ടീച്ചറും ഉൾപ്പെടയുള്ളവർ ഇതിനെതിരെ പ്രതികരിച്ചു. അവർക്ക് എന്തെങ്കിലും അസുഖമുണ്ടോ? അവർ വെറുതെ പ്രതികരിച്ചതാണോ? എന്തായാലും ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമായി നിൽക്കുന്നു. കോടതി തന്നെ എന്താണ് ചോദിച്ചത്? മാതൃഭൂമി പത്രത്തിൽ വന്നതാണ്. സംസ്ഥാനത്ത് എന്താണ് സംഭവിക്കുന്നത്, സംസ്ഥാന പോലീസ്മേധാവി ഇതൊന്നും കാണുന്നില്ലേ എന്നും അതിനെതിരെ കേസ്സെടുത്തോ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 1993/ഇ.ബി./2017/നി.സെ.തീയതി.04-05-2017)സഭാരേഖകളിൽ നിലനിറുത്താൻ തീരുമാനിച്ചു.

എന്നമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്. അത് ഇപ്പോൾ പരിഗണനയ്ക്ക് വച്ചിരിക്കുന്നതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അങ്ങനെയുള്ള ഒരു അവസരത്തിൽ വൈദ്യുതി വകുപ്പിനുവേണ്ടി എന്ത് കാര്യം പറയാൻ സാധിക്കും.

വൻകിട-ചെറുകിട വ്യവസായം ഒരു പ്രതിസന്ധിയുമില്ലാതെ കഴിഞ്ഞ 11 മാസക്കാലമായി പോകുന്നുവെന്നുവെന്നും അഴിമതി രഹിതമായ പ്രൊഫഷണൽ ടച്ച് ഈ ഗവൺമെന്റ് കൊണ്ടുവന്നുവെന്നമാണ് ബഹുമാനപ്പെട്ട സുരേഷ് കുറുപ്പ് ഇവിടെ പ്രസംഗിച്ചത്. പ്രൊഫഷണൽ ടച്ച് കൊണ്ടുവരുന്നതിന് ഞങ്ങളാരും എതിരല്ല. അങ്ങനെ കൊണ്ടുവന്നുവെങ്കിൽ ഞങ്ങൾ അതിനെ അനുകൂലിക്കുന്നു.

നിക്ഷേപ സൗഹൃദ കേന്ദ്രമാക്കി കേരളത്തെ പതിനൊന്ന് മാസക്കാലം കൊണ്ട് മാറ്റിയിരിക്കുന്നു. കേരള ആട്ടോമൊബൈൽസ് പ്രതിസന്ധിയിലേയ്ക്ക്, 17.2.2017-ന് വന്നതാണ് നാല് മാസമായി മാനേജിംഗ് ഡയറക്ടറില്ല. ജീവനക്കാർക്ക് മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ല. 300-ഓളം ആട്ടോകൾക്ക് ഓർഡർ ലഭിച്ചിട്ടും ഒരോ മാസവും പുറത്തിറങ്ങുന്നത് 50 എണ്ണത്തിൽ താഴെമാത്രമാണ്. തുടക്കത്തിലുള്ള പ്രശ്നങ്ങളിൽ നിന്ന് കരകയറിയ KAL മാസംതോറും 700 ആട്ടോറിക്ഷകൾ പുറത്തിറക്കിക്കൊണ്ടിരുന്നതാണ്. ഇതാണോ

പ്രൊഫഷണൽ ടച്ച്? എം.ഡി. യെ നിയമിക്കാതെ ആ സ്ഥാപനം കൊണ്ടുനടക്കുന്നതാണോ പ്രൊഫഷണൽ ടച്ച് എന്ന് ബഹുമാന്യനായ സുരേഷ് കുറപ്പ് ഇവിടെ പറഞ്ഞത്.

പട്ട് വ്യവസായ പുനഃസംഘടനാ പദ്ധതി അട്ടിമറിക്കപ്പെടുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച 113 കോടി രൂപ വിനിയോഗിക്കാതെ പോകുന്നു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്ന് ചോദിച്ചാൽ, സംസ്ഥാന ഗവൺമെന്റ് അതിന്റെ ഇരുപത് ശതമാനം ഇവിടെ വിനിയോഗിക്കണം. സംസ്ഥാന ഗവൺമെന്റ് ഇരുപത് ശതമാനം വിനിയോഗിക്കാൻ ഡോ. തോമസ് ഐസക് അനുവദിച്ചുകൊടുത്തിട്ടില്ല. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോടുള്ള വിരോധമാണോയെന്ന് എനിക്കറിയില്ല. ഞാൻ അങ്ങനെ പറയുന്നില്ല. പക്ഷേ ആവശ്യമായ പണം ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചുതരുന്ന പ്രശ്നമുണ്ടാകില്ലായെന്നതുകൊണ്ട് അത് അങ്ങനെ പോകുന്നു.

കഞ്ചിക്കോട് വ്യവസായ മേഖല സ്തംഭിച്ചു. മുതലെടുപ്പിന്, പാവപ്പെട്ട തൊഴിലാളികളെ അപ്പുറത്തുകൊണ്ടുപോയി തൊഴിലെടുപ്പിക്കാൻവേണ്ടി തമിഴ്നാട് ലോബി നിൽക്കുകയാണ്. ബാലരാമപുരം സ്പിന്നിംഗ് മിൽ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക്

പരിഹാരമാർഗ്ഗങ്ങളുണ്ടാക്കാൻ കഴിഞ്ഞോ? ഹാന്റെക്സ് പ്രോസസ്സിംഗ് ഹൗസ് താഴെ വീണിട്ട് ഒരു പതിറ്റാണ്ടായി. കുലത്തൊഴിൽ വേരറ്റുപോകുന്നു. കരിമണൽ രാജാവുമായി ഒത്തുകളി, ടൈറ്റാനിയം മാനേജരെ പിരിച്ചുവിട്ടു. ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും നിലനിൽക്കുകയാണ്. കിൻഫ്രാ പാർക്കിലെ കുടിവെള്ള ഫാക്ടറി അടച്ചുപൂട്ടലിലേയ്ക്ക് ഇതുപോലെയുള്ള വ്യവസായ സംരംഭങ്ങളെ അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ കഴിഞ്ഞ പതിനൊന്ന് മാസക്കാലം കൊണ്ട് എടുത്തിരിക്കുകയാണ്. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്നതാണ് നിങ്ങളുടെ മുദ്രാവാക്യം. ഇതാണോ എൽ.ഡി.എഫ്. വന്നതിനുശേഷമുള്ള പതിനൊന്ന് മാസക്കാലം കൊണ്ട് നിങ്ങൾ ശരിയാക്കിയതെന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭം കുറിച്ച നമ്മുടെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ തൊഴിലാളികൾക്ക് 2010-11 വരെയുള്ള കാലയളവിൽ കൊടുത്തിരിക്കുന്ന വേതനം എത്രയാണെന്ന് അറിയുമോ? 100 രൂപയും 110 രൂപയും മാത്രമാണ്. 2011 ജനുവരി മാസത്തോടുകൂടി നിങ്ങൾ ഇൻകം സപ്പോർട്ട് സ്കീം ഇവിടെ നടപ്പാക്കി അൻപത് രൂപകൂടി വർദ്ധിപ്പിച്ചുകൊടുത്തു. കയർ മേഖലയിൽ നിന്നും വരുന്ന മന്ത്രിയായ ബഹുമാന്യനായ തിലോത്തമൻ ഇവിടെ ഇരിക്കുന്നുണ്ട്, അദ്ദേഹത്തിന് ഇതിനെക്കുറിച്ച് നന്നായി അറിയാം. 100 രൂപയും 150 രൂപയും

മാത്രം വേതനം കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ പിരിമേഖലയിൽ 300 രൂപയായും കയർ ഉല്പാദനമേഖലയിൽ 500 രൂപയായും ഉയർത്തി. ഇത് കൂടുതലാണെന്നെനിക്ക് അഭിപ്രായമില്ല. പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം. പാവപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ വേതനം കൊടുക്കണമെന്നുതന്നെയാണ് എനിക്ക് ഈ ഗവൺമെന്റിന് മുമ്പിൽ പറയുവാനുള്ളത്. ഇപ്പോൾ കയർ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ വേണ്ടി പല പ്രവർത്തനങ്ങളും നടത്തി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. ജി. സുധാകരന്റെ പേര് പറയുന്നുവെന്നതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്-ന് ഇഷ്ടപ്പെടില്ല എന്നെനിക്കറിയാം. 2011 ഫെബ്രുവരി മാസം 1-ാം തീയതി മുതൽ ഫെബ്രുവരി മാസം 5-ാം തീയതിവരെ കയർ കേരള നടത്താൻ തീരുമാനിച്ചത് ശ്രീ. ജി. സുധാകരനാണ്. ആ കയർ കേരള കഴിഞ്ഞ 5 വർഷക്കാലം ഞങ്ങൾ തുടർന്ന് നടത്തിക്കൊണ്ടിരുന്നു. 2010-11 കാലഘട്ടത്തിൽ 807 കോടി രൂപയുടെ എക്സ്പോർട്ട് ഉണ്ടായിരുന്ന സ്ഥാനത്ത് 2015-16 ആയപ്പോൾ 1901 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിരിക്കുകയാണ്. പല രാജ്യങ്ങളിൽ നിന്നും ആളുകൾ കയർ കേരളയിൽ പങ്കെടുക്കാൻ ഇവിടെ

വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ മാത്രമല്ല, ആഭ്യന്തര വിപണയിൽ നിന്നും ആളുകൾ പങ്കെടുക്കുന്നു. അതുകൊണ്ട് കയറിന്റെ വിപണി വർദ്ധിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതൊന്നും അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുന്നു. വിദേശരാജ്യത്തെക്കുറിച്ച് പറയണോ; പറയാം. ശ്രീ. രാജു എബ്രഹാം ആണോ ചോദിച്ചത്; ആരാണ് ചോദിച്ചത്; ചോദിക്കാനുള്ള ആൾ എഴുന്നേറ്റ് ചോദിക്കണം. അല്ലാതെ രഹസ്യമായി ചോദിക്കേണ്ട. ഞാൻ പറയാം.

<u>ശ്രീ. വി. ജോയി</u>: സർ, …….. (മൈക്ക് ഓഫ്)………വച്ച പൈസ എടുത്താണോ പോയതെന്നതിനെ സംബന്ധിച്ച് സംശയമുണ്ടായിരുന്നു. ഒറ്റയ്ക്കല്ല...

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കയർ വ്യവസായ രംഗത്തെ സെക്രട്ടറി അടക്കമുള്ളവർ ആ മേഖലയിലെ വിപണി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പോയിട്ടുണ്ട്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. അങ്ങനെ പോയതിന്റെ അടിസ്ഥാനത്തിൽ 2010-11 കാലഘട്ടത്തുണ്ടയിരുന്ന 10,42,000/- രൂപയുടെ എക്സ്പോർട്ട് 2016-17 ആയപ്പോൾ 10,18,00,000/- രൂപയായി വർദ്ധിപ്പിച്ചു. നിങ്ങൾ ആലോചിക്കുന്നതുപോലെ, നിങ്ങൾ ചിന്തിക്കുന്നതുപോലെയുള്ള കാര്യങ്ങളല്ല ഇവിടെയുള്ളത്. കയർ മേഖലയിൽ വലിയ പുരോഗതി

കൈവരിക്കുവാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് പലകാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇവർ അന്വേഷണം നടത്തിയല്ലോ; വിജിലൻസിന്റെ അന്വേഷണം നടത്തിയിട്ട് എന്തെങ്കിലും കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോയെന്ന് ഈ സഭയിൽ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ കൊണ്ടുവരണം. നിങ്ങൾ അന്വേഷണം നടത്തണം. ആ അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരണം. അല്ലാതെ വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. ആരെയെങ്കിലും മോശക്കാരാക്കുന്നതിനുവേണ്ടി എന്തും പറയാമെന്നുള്ള ഒരു ചിന്താഗതിയുമായി പോകുന്നത് നിങ്ങൾക്ക് ഭൂഷണമല്ല എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്......ബഹുമാനപ്പെട്ട മെമ്പർ, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കയർ മേഖലയിൽ ഒരു പുതിയ സ്ഥാപനം ഏനാദിമംഗലത്ത് തുടങ്ങി. ആ സ്ഥാപനം വേറെ എങ്ങുമല്ല. കിൻഫ്രയുടെ സ്ഥലത്താണ് അതാരംഭിച്ചത്. PVC tufted mat ആരംഭിക്കുവാൻ വേണ്ടി ഞങ്ങൾ തീരുമാനമെടുത്തു. ആ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ അവിടെ പണം ചെലവഴിച്ചു. പണം മുടക്കി.

2015-16 സെപ്റ്റംബർ മാസത്തിൽ അതിന്റെ ഉദ്ഘാടനം നടത്തി. 60 ശതമാനവും ബൈബാക്ക് അറേഞ്ച്മെന്റ് ഉണ്ടാക്കിക്കൊണ്ടാണ് ഞങ്ങൾ അതിന് മുൻകൈ എടുത്തത്. അല്ലാതെ നിങ്ങൾ കാണിക്കുന്നതുപോലെ, നിങ്ങൾ ചിന്തിക്കുന്നതുപോലെയല്ല ഞങ്ങൾ ഈ വ്യവസായത്തെ കൊണ്ടുപോയത്. അതിന്റെയടിസ്ഥാനത്തിൽ ഇന്ന് കയർ വ്യവസായ രംഗത്തെ കയർ കോർപ്പറേഷന് പി.പി.എസ്. സ്കീം നടപ്പാക്കുന്നതിനുവേണ്ടി ഇപ്പോൾ കൊടുത്തിരിക്കുന്നത് എത്ര രൂപയാണെന്ന് അറിയാമോ; കഴിഞ്ഞ വർഷം 2016-17-ൽ 49 കോടി രൂപ കൊടുത്തു. 49 കോടി രൂപ കൊടുത്തിട്ടും അവിടത്തെ ടേൺ ഓവർ 105 കോടി രൂപ മാത്രമാണ്. അതേസമയം ഞങ്ങൾ 10 കോടി രൂപ കൊടുത്തു. 2015-16-ൽ ഞങ്ങൾ 10 കോടി രൂപ കൊടുത്തു. അന്ന് വന്നിട്ടുള്ളത് 102 കോടി രൂപയുടെ ടേൺ ഓവറാണ്. നിങ്ങൾ കയറിനെക്കുറിച്ച് മനസ്സിലാക്കാതെ വർത്തമാനം പറയരുത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....പ്ലീസ് കൺക്ലൂഡ്.... ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: സർ, ഈ വ്യവസായത്തെക്കുറിച്ച് മനസ്സിലാക്കാതെ വർത്തമാനം പറയരുത്. ഞങ്ങൾ പല മേഖലയിലും കൊടുത്തു. ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലമായ ചിറയിൻകീഴിൽ. അദ്ദേഹം ഇവിടെയുണ്ട്. ഡെപ്യൂട്ടി സ്പീക്കറോട്

ചോദിക്കണം. അദ്ദേഹം ഒരു പ്രോജക്ട് തന്നു. ഞങ്ങൾ 2 കോടി രൂപ അവിടെ കൊടുത്തു. ആ 2 കോടി രൂപ ഇതുവരെയും ചെലവഴിച്ചിട്ടില്ല. ഇത് ചിറയിൻകീഴിലുള്ള ഒരു പ്രത്യേകതയാണ്. ഞാൻ തന്നെ പല സഹകരണ സംഘങ്ങളിലും പോയതാണ്. സംഘങ്ങൾ പണം വാങ്ങി വയ്ക്കുന്ന ഒരേർപ്പാട് മാത്രമാണ് അവിടെയുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിലും ഞാൻ പറയുന്നില്ല. വ്യവസായ രംഗം - വൻകിട വ്യവസായമോ ചെറുകിട വ്യവസായമോ പരമ്പരാഗത വ്യവസായമോ ആയിക്കൊള്ളട്ടെ, തകർത്ത് തരിപ്പണമാക്കിക്കൊണ്ട് മുമ്പോട്ട് പോകുന്ന ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഈ ഡിമാന്റുകളെ അനുകൂലിക്കാൻ യാതൊരു നിവൃത്തിയുമില്ല എന്നുള്ളതുകൊണ്ട് ഇതിനെ അനുകൂലിക്കുന്നില്ല.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങുകയാണ്. എന്റെ ബഹുമാന്യ സുഹൃത്ത് അടൂർ പ്രകാശ് അൽപ്പംകൂടി ക്ഷമകാണിക്കാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകുമെന്നുള്ളത് എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപനമാണ്. അത് പ്രാവർത്തികമാകാൻ പോകുന്ന കാര്യമാണ്. ഒരു സംശയവും വേണ്ട. പതിനൊന്ന് മാസമല്ലേ ആയുള്ളൂ. ഈ

പതിനൊന്ന് മാസത്തിനുള്ളിൽ നിങ്ങൾ കാട്ടിക്കൂട്ടിയ എല്ലാ വിക്രിയകൾക്കും പരിഹാരം കാണാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. ആദ്യം പ്രതലം ഒന്ന് ശരിയാക്കട്ടെ. എന്നിട്ടാകാം ബാക്കി കാര്യങ്ങൾ. ദീർഘമായ 49 മാസങ്ങൾ കിടപ്പുണ്ട്. എല്ലാം ശരിയാകുമോ ഇല്ലയോ എന്നുള്ളകാര്യം അപ്പോൾ നിങ്ങൾക്ക് വിലയിരുത്താൻ കഴിയും. ഇത് എൽ.ഡി.എഫ്. ആണ്. എൽ.ഡി.എഫ്. ഇച്ഛാശക്തിയുള്ള ഭരണം നടത്തുന്ന ഒരു രാഷ്ട്രീയ കൂട്ടുകെട്ടാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട എന്നതാണ് എനിക്ക് ആദ്യമായി ഓർമ്മപ്പെടുത്താനുള്ളത്.

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയിൽ വ്യാവസായിക പുരോഗതി നിർണ്ണായകമാണ്. കാർഷികമേഖലയുടെ ആധുനികവൽക്കരണം, ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മയുടെ പരിഹാരം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിന് ശക്തമായ വ്യാവസായിക അടിത്തറ അനിവാര്യമാണ്. രാജ്യത്തെ ജനങ്ങളുടെ പ്രതിശീർഷ വരുമാനവും അതുവഴി ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിന് വ്യാവസായിക പുരോഗതി നിർണ്ണായകമാണ്. കേരളത്തിന്റെ വ്യാവസായിക അടിത്തറയെ ശക്തിപ്പെടുത്തുന്നതിന് പര്യാപ്തമായ ഭാവനാപൂർണ്ണമായ പദ്ധതികളെ

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബഡ്ജറ്റ് ജനഹൃദയങ്ങളിൽ ഏറ്റുവാങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ പൊതുമേഖലാ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ സമഗ്ര പുരോഗതി ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. കേരളത്തിന്റെ വ്യാവസായിക പുരോഗതിയെ തകർക്കുംവിധം പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ട കേന്ദ്രങ്ങളാക്കിയ ആളുകളാണ് യു.ഡി.എഫ്. എന്നത് നാം വിസ്മരിക്കാൻ പാടില്ല. കേരളത്തിലെ വ്യാവസായിക വളർച്ചാ നിരക്ക് 2014-15-ൽ 2.46 ശതമാനം മാത്രമായിരുന്നു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിലേറിയശേഷം പതിനൊന്ന് മാസങ്ങൾക്കുള്ളിൽ അത് 12.65 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് വിസ്മരിക്കാൻ പാടില്ല. പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും യു.ഡി.എഫ്. ഭരണകാലത്ത് ഏറ്റവുമധികം തകർന്ന നിലയിലായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് അഴിമതിക്കാരെയും ധൂർത്ത് നടത്തുന്നവരെയും നിയമിച്ച് അഴിമതിയുടെ വിളനിലങ്ങളാക്കിയ പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയായിരുന്നു. പരമ്പരാഗത മേഖലയിൽ ഉൾപ്പെട്ട വ്യവസായങ്ങൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഏറ്റവും തകർച്ച നേരിട്ട

കാലമായിരുന്നു. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവരും തൊഴിലെടുക്കുന്ന ഈ മേഖലയുടെ ഉന്നമനം കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ പ്രധാന സ്രോതസ്സ് കൂടിയാണ്. ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും എൽ.ഡി.എഫ്.ന് കഴിഞ്ഞിട്ടുണ്ടെന്നത് വിസ്മരിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. ഞാൻ കൊല്ലം ജില്ലയുടെ പ്രതിനിധിയാണ്. കൊല്ലത്തെ സുപ്രധാനമായ ഒരു പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം. ആ വ്യവസായം യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ 5 വർഷക്കാലം എത്ര ദയനീയമായിരുന്നു. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ, പൊതുമേഖലയിലുള്ള സഹകരണ മേഖലയിലുള്ള കാപ്പെക്സ് ഇവ രണ്ടും അടച്ചുപൂട്ടപ്പെട്ടതാണ്. അത് തുറക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. മാതൃകാപരമായി പ്രവൃത്തിക്കാൻ നിയോഗിക്കപ്പെട്ട ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടതിന്റെ ഫലമായി സ്വകാര്യ മേഖല യഥേഷ്ടം തൊഴിലാളി വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ച് ആ വ്യവസായത്തെ തകർക്കുന്നതിനുള്ള സർവ്വ നടപടികളും ആരംഭിച്ചു. കണ്ണുംപൂട്ടി ഇരിക്കുകയായിരുന്നു യു.ഡി.എഫ്. യാതൊരു നടപടിയും സ്വീകരിച്ചില്ല. അഴിമതിക്കാരെക്കൊണ്ട് നിറഞ്ഞതായിരുന്നു കാഷ്യൂ കോർപ്പറേഷൻ. എത്ര കഥകളാണ് പുറത്തുവന്നിട്ടുള്ളത്.

എന്ത് നടപടിയാണ് യു.ഡി.എഫ്. സ്വീകരിച്ചത്?

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കശുവണ്ടി ഫാക്ടറികൾ തുറക്കുമെന്ന് പറഞ്ഞു. കാഷ്യു കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ തുറന്നു തൊഴിലാളികൾക്ക് തൊഴിൽ നൽകി. അവരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കാനുള്ള നടപടികൾ സ്വീകരിച്ചു. 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആർക്കാണ് ഗ്രാറ്റുവിറ്റി കൊടുത്തത്. ഒരു തൊഴിലാളിക്കെങ്കിലും ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിഞ്ഞോ; ആർക്കും കൊടുക്കാൻ കഴിഞ്ഞില്ല, കൊടുത്തില്ല. ആ കുടിശ്ശിക തീർക്കാനുള്ള ബാദ്ധ്യത എൽ.ഡി.എഫ്.-ൽ നിക്ഷിപ്തമാകുകയായിരുന്നു. എന്തൊരു ദുരവസ്ഥയായിരുന്നു. സ്വകാര്യ മേഖലയിൽ ഏകദേശം 800-ഓളം കശുവണ്ടി ഫാക്ടറികളുണ്ട്. അതിൽ 462 ഫാക്ടറികൾ എൽ.ഡി.എഫ്. വന്നതിനുശേഷം തുറന്നുപ്രവർത്തിപ്പിച്ചു. ബാക്കിയുള്ളത് തുറക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആ രംഗത്ത് കശുവണ്ടിയുടെ കുറവുണ്ടെന്നത് ഒരു വസ്തുതയാണ്. ആ വസ്തുത ബോദ്ധ്യപ്പെട്ടുകൊണ്ട് അത് പരിഹരിക്കാനാവശ്യമായ നടപടികൾ ഇച്ഛാശക്തിയോടുകൂടി ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതേപോലെതന്നെ കൊല്ലത്തിന്റെ,

കേരളത്തിന്റെ ഒരഭിമാന സ്ഥാപനമാണ് കരിമണൽ മേഖലയിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ. എന്ന സ്ഥാപനം. അവിടെ എം.ഡി.-മാരെ നിയമിക്കുന്നതിനെക്കുറിച്ച് ശ്രീ. അടൂർ പ്രകാശ് ഇവിടെ ചോദിച്ചുവല്ലോ; സുപ്രധാനമായ ആ വ്യവസായ സ്ഥാപനത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു സ്ഥിരം എം.ഡി. ഉണ്ടായിരുന്നോ; അവസാന നാളുകളിലാണ് ഒരു സ്ഥിരം എം.ഡി.-യെ നിയമിക്കാൻ കഴിഞ്ഞത്. ഏകദേശം 4 വർഷത്തിലധികം കാലം എം.ഡി.-യില്ലാത്ത അനാഥാവസ്ഥയായിരുന്നു കെ.എം.എം.എൽ. എന്ന സ്ഥാപനത്തിനുണ്ടായിരുന്നത്. അതിന്റെ ഫലമെന്തായിരുന്നു; ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആ സ്ഥാപനം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി, പ്രതിസന്ധിയിലായി. കരിമണൽ മേഖലയിലെ ഖനനം പൂർണ്ണമായും നിന്നുപോകുന്ന ഒരവസ്ഥയുണ്ടായി. അസംസ്കൃത വസ്തുവിന്റെ അഭാവം ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇന്ന് സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. മൈനിംഗ് മേഖല വീണ്ടും സജീവമാകാൻ പോകുകയാണ്. അതിനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എം.എം.എൽ. വീണ്ടും ലാഭത്തിലേയ്ക്കായി. ഞാൻ ചോദിക്കട്ടെ, എന്താണ് യു.ഡി.എഫ്.-ഉം

എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. യു.ഡി.എഫ്. വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങനെ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്നു? എൽ.ഡി.എഫ്. വരുമ്പോൾ എങ്ങനെയാണ് അത് തിരിച്ചുവരുന്നത്; അത് ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമല്ലേ? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ പുറംവാതിൽ നിയമനങ്ങൾ നടത്തി പാർശ്വവർത്തികളെ, ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ ശ്രമിച്ചതിന്റെ ഫലമെന്തായിരുന്നു; ആ സ്ഥാപനങ്ങളുടെ വരുമാനത്തിൽ കവിഞ്ഞ തുക ശമ്പളം നൽകുന്നതിന് വിനിയോഗിക്കേണ്ട അവസ്ഥയായി. ഈ പുറംവാതിൽ നിയമനം ഇഷ്ടംകൊണ്ട് മാത്രം നടത്തിയതായിരുന്നോ; ലക്ഷക്കണക്കിന് രൂപയുടെ കോഴയുടെ കഥകൾ അതിന് പിന്നിലില്ലേ; നിഷേധിക്കാൻ കഴിയുന്നതാണോ; ആരെല്ലാം ഇപ്പോൾ അഴിമതി ആരോപണങ്ങൾക്ക് വിധേയമായി വിചാരണ നേരിടുകയാണ്. എന്തൊരു ദുരവസ്ഥയാണിത്. ഈ ദുരവസ്ഥയിൽ നിന്ന് കേരളത്തെ വിമോചിപ്പിക്കാനുള്ള കഠിനമായ പരിശ്രമമാണ് എൽ.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു പരിധിവരെ അതിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നത് ഞങ്ങൾക്ക് ആത്മവിശ്വാസം നൽകുന്ന കാര്യമാണ്. ആ ആത്മവിശ്വാസത്തിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് കാലാവധി

പൂർത്തിയാക്കുമ്പോൾ കേരളത്തെ ഒരു പുതിയ കേരളമാക്കി തീർക്കുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിലൊരു തെറ്റിദ്ധാരണയും വേണ്ട. ഇപ്പോൾ പ്രതിപക്ഷം യഥാർത്ഥത്തിൽ ഈ ഗവൺമെന്റിനെ വിമർശിക്കാൻ വിഷയ ദാരിദ്ര്യംകൊണ്ട് നട്ടംതിരിയുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ ഒരവസ്ഥയിൽ എങ്ങനെയാണ് അവർ പോയി പെട്ടത്; ഇന്നുതന്നെ ഇവിടെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചു. എന്ത് ആവശ്യത്തിനുവേണ്ടിയായിരുന്നു; എന്താണ് അതിൽനിന്ന് നേടിയത്; ആ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ പ്രതിപക്ഷ നേതാവിന്റെ വാക്കുകളിൽ വിഷയ ദാരിദ്ര്യം പ്രകടമായിരുന്നു. ഈ സഭ കണ്ടതും കേട്ടതുമാണ്. ഇങ്ങനെയൊരു ദുരവസ്ഥയിൽ ഈ പ്രതിപക്ഷം പോയി പെട്ടിട്ടുള്ള അനുഭവം ചെറുതാണോ, ഒറ്റപ്പെട്ടതാണോ; ഇവിടെ ഈ സഭ തുടങ്ങിയ ദിവസം മുതൽ സ്ത്രീകളെ അപമാനിച്ചുവെന്ന ഒറ്റ കാര്യമാണ് അവർക്ക് പറയാനുള്ളത്. ഇവർക്കെന്നാണ് ഈ സ്ത്രീ സ്നേഹം തുടങ്ങിയത്. സ്ത്രീകൾക്കുപോലും ഇവരെ വിശ്വാസമില്ല. സ്ത്രീ സമൂഹം വെറുത്തവരാണിവർ. അവരുടെ വെറുപ്പ് ഏറ്റുവാങ്ങിയവരാണിവർ. അവരുടെ ശാപംകൊണ്ടാണ് ഒരാളിനെപ്പോലും ഇവർക്ക് ഇവിടെ കൊണ്ടുവരാൻ കഴിയാതെ പോയത്. ഒറ്റയാളിനെ മരുന്നിന് കൊണ്ടുവരാൻ

കഴിയാത്ത യു.ഡി.എഫ്.ആണ് സ്ത്രീകളെക്കുറിച്ച് പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ചില സ്ത്രീകൾക്ക് ഉറങ്ങാൻ സമയമില്ലായിരുന്നു. കാരണമെന്താണെന്നുവച്ചാൽ, അവർക്ക് ഫോൺ അറ്റന്റ് ചെയ്യാനേ സമയമുള്ളൂ. നാം കണ്ടതാണ്. ആ സമയത്തെ ഈ സ്ത്രീസ്നേഹം, അത് മറ്റൊരു തരത്തിലുള്ള സ്നേഹമായിരുന്നു. ഇവിടെ പ്രകടിപ്പിച്ച സ്നേഹമായിരുന്നില്ല അത്. അത് ഒരു സംസ്കാരത്തിന്റെ വിഷയമാണ്. ആ സംസ്കാരം എൽ.ഡി.എഫ്.-ന്റെമേൽ കെട്ടിച്ചമയ്ക്കാൻ ആരും ശ്രമിച്ചിട്ടുകാര്യമില്ല. എൽ.ഡി.എഫ്. വേറിട്ട ഒരു രാഷ്ട്രീയ മുന്നണിയാണ്. ആ യാഥാർത്ഥ്യം തിരിച്ചറിയണം. എൽ.ഡി.എഫ്.-ന് മറച്ചുവയ്ക്കാനായി ഒന്നുമില്ല. തുറന്ന പുസ്തകമാണ് എൽ.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങൾ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ. അഴിമതി രഹിതമായ ഒരു ഭരണം ഈ കേരളത്തിന് പ്രദാനംചെയ്യാൻ എൽ.ഡി.എഫ്.-ന് കഴിയുന്നുവെന്നതുതന്നെ പ്രഥമനേട്ടമായി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങൾ 10 മാസം മുമ്പ് സംഭവിച്ച ഒരു

കൈയ്യബദ്ധത്തിന് പ്രായശ്ചിത്തം ചെയ്യാൻ കിട്ടുന്ന ഏത് അവസരത്തെയും കാത്തിരിക്കുകയാണ്. ആ അവസരം മലപ്പുറത്തുകാർക്ക് ആദ്യം കിട്ടി. അവർ അത് നന്നായി വിനിയോഗിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മലപ്പുറത്തെ 7 മണ്ഡലങ്ങളിലായി 4,93,275 വോട്ടാണ് യു.ഡി.എഫ്.-ന് ലഭിച്ചതെങ്കിൽ 10 മാസത്തെ ഇടത് ഭരണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ആ ഭൂരിപക്ഷം 5,15,330 ആയി ഉയർന്നു. കേരള ചരിത്രത്തിൽ ഒരാൾക്കും കിട്ടാത്ത ഭൂരിപക്ഷമാണ്. 5 ലക്ഷത്തിൽ കൂടുതൽ വോട്ട് കിട്ടുന്ന സാഹചര്യമുണ്ടായി. അതായത്, ഇരുപത്തിരണ്ടായിരത്തിൽപ്പരം വോട്ടിന്റെ വർദ്ധനവ്. അതേസമയം, അന്ന് എൽ.ഡി.എഫ്.-ന് 3,73,879 വോട്ട് ലഭിച്ചപ്പോൾ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ചത് 3,44,370 വോട്ടാണ്. ഏകദേശം 30,000 വോട്ടിന്റെ കുറവ്. ഭരണ കാലാവധിയുടെ ആദ്യത്തെ ഒരു വർഷം പിന്നിടുമ്പോൾ ഇടതു സർക്കാരിനോടുള്ള ജനങ്ങളുടെ മനോഭാവം ഈ തെരഞ്ഞെടുപ്പ് ഫലത്തിൽതന്നെ പ്രകടമാണ്. ഭരണത്തിന്റെ വിലയിരുത്തലാകുമെന്ന് പാർട്ടി സെക്രട്ടറി, സി.പി.ഐ. (എം.) സെക്രട്ടറി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. അപ്പോൾ ഭരണത്തിന്റെ വിലയിരുത്തൽ കൃത്യമായി ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഐക്യ കേരളം രൂപീകരിച്ചശേഷം പത്തോളം മുഖ്യമന്ത്രിമാർ കേരളം ഭരിച്ചിട്ടുണ്ട്, സഖാവ്

ഇ.എം.എസ്. മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെ. ഈ കാലഘട്ടത്തിൽ ഒരിക്കൽപ്പോലും കാണാത്തവിധം ഇപ്പോഴത്തെ സംസ്ഥാനഭരണം നാണക്കേടിന്റെ പടുകുഴിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. കുത്തഴിഞ്ഞ അവസ്ഥയിലാണ് സംസ്ഥാന ഭരണം മുന്നോട്ടുപോകുന്നതെന്ന വിമർശനമാണ് സി.പി.ഐ.(എം.) നേതൃയോഗത്തിൽ വരെ ഉയർന്നുകേട്ടത്. ഫയൽ നീക്കം അസാധാരണമായി വൈകുന്നുവെന്ന് മാസങ്ങൾക്കുമുമ്പ് സർക്കാർ തന്നെ വിലയിരുത്തിയതാണ്. സമീപകാലത്ത് ചേർന്ന മന്ത്രിസഭാ യോഗങ്ങളെല്ലാം മന്ത്രിസഭയ്ക്കുള്ളിലെ തർക്കങ്ങൾ ചർച്ച ചെയ്യാനായിരുന്നു. അല്ലാതെ ജനജീവിതത്തെ ബാധിക്കുന്ന വികസനഗന്ധിയായ ഒരു വിഷയത്തിൽ തീരുമാനമെടുക്കാനോ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനോ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഭരിക്കാനുള്ള മികച്ച ഭൂരിപക്ഷമുണ്ടായിട്ടും ചക്കിൽ കെട്ടിയ കാളയെപ്പോലെ നിന്നിടത്തുനിന്ന് തിരിയുകയാണ് സംസ്ഥാന ഭരണം. 10 മാസത്തെ ഭരണത്തിൽ ഓരോ മന്ത്രിക്കും മാർക്കിട്ടാൽ ഓരോരുത്തർക്കും എത്ര കിട്ടുമെന്ന് അവർ തന്നെ സ്വയം വിലയിരുത്തണം. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും എതിർപ്പും വെറുപ്പും എങ്ങനെ ഒറ്റയടിക്ക് നേടിയെടുക്കാനാകുമെന്ന പരീക്ഷണത്തിൽ സർക്കാർ 100 ശതമാനം വിജയിച്ചിരിക്കുന്നുവെന്നുവേണം മനസ്സിലാക്കാൻ. സംസ്ഥാനം

ജനാധിപത്യ ഭരണത്തിൽ നിന്ന് ഉപദേശക ഭരണത്തിലേയ്ക്ക് വഴി മാറുകയാണ്. വിവിധ വകുപ്പുകളിലായി മുഖ്യമന്ത്രിക്ക് മുക്കാൽ ഡസനോളം ഉപദേഷ്ടാക്കളുണ്ട്. ശ്രീ. എം. കെ. ദാമോദരനെ നിയമോപദേഷ്ടാവായി നിയമിച്ചുകൊണ്ടായിരുന്നു ഉപദേശകഭരണത്തിന്റെ തുടക്കം. ഏറെ വിവാദങ്ങൾ സൃഷ്ടിച്ച ഈ നിയമനത്തിൽനിന്നും ശ്രീ. എം. കെ. ദാമോദരൻ സ്വമേധയാ പിൻമാറി. അവസാനമായി നിയമിച്ച പോലീസ് ഉപദേഷ്ടാവ് ശ്രീ. രമൺ ശ്രീവാസ്തവ ഒരു കാലത്ത് സി.പി.ഐ.(എം)-ന്റെ കടുത്ത പ്രതിയോഗിയും അനഭിമതനായിരുന്നെങ്കിൽ ഇന്നവർക്ക് ഏറെ അഭിമതനായിരിക്കുന്നു. ബി.ജെ.പി.-യുടെ അദ്ധ്യക്ഷനായിരുന്ന ശ്രീ. മുരളീ മനോഹർ ജോഷി നയിച്ച രഥയാത്രയെത്തുടർന്ന് പാലക്കാട്ടുണ്ടായ വെടിവയ്പിൽ സ്വന്തം വീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്ന സിറാജുനിസ എന്ന പതിനൊന്ന് വയസ്സുള്ള പെൺകുട്ടി വെടിയേറ്റ് മരിച്ചു. അന്ന് വെടിവയ്പിന് ആഹ്വാനം ചെയ്ത ശ്രീ. രമൺ ശ്രീവാസ്തവ പോലീസ് വയർലെസ് സെറ്റിലൂടെ നടത്തിയ ആക്രോശങ്ങൾ വലിയ വിവാദം സൃഷ്ടിച്ചിരുന്നു. സി.പി.ഐ.(എം) ആയിരുന്നു അതിന്റെ മുഖ്യപ്രചാരകർ. അതൊക്കെ വിഴുങ്ങിക്കൊണ്ടാണ് ഇപ്പോൾ ശ്രീ. രമൺ ശ്രീവാസ്തവയെ ഡി.ജി.പി.-ക്ക് മുകളിൽ ചീഫ് സെക്രട്ടറി കേഡറിൽ പോലീസ് ഉപദേഷ്ടാവായി

നിയമിച്ചിട്ടുള്ളത്. ഒരു കൊലക്കേസിൽ പ്രതി ചേർക്കപ്പെട്ട ഒരാൾ ഈ മന്ത്രിസഭയിൽതന്നെ അംഗമാണ്. എന്തുതന്നെ ചെയ്താലും അതിനെ ന്യായീകരിച്ച് വെള്ളപൂശാനുള്ള ഇടതുപക്ഷ വൈഭവം ഇതിനുമുമ്പും കേരളം പല കാര്യത്തിലും കണ്ടതാണ്. എന്റെ നേതാവ് മഹാനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മൂന്ന് പതിറ്റാണ്ട് മുമ്പ് ഈ നിയമസഭയിൽതന്നെ പറഞ്ഞിട്ടുണ്ട്, സി.പി.ഐ.(എം)-ന്റെ ഇത്തരം നിലപാടുകളെ "തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലോസ് തൊട്ടാലതു ശുദ്ധമാകും" എന്ന്. ഏത് വസ്തു അശുദ്ധമായാലും അത് സി.പി.ഐ.(എം) തൊട്ടാൽ ശുദ്ധമാകുന്ന ഒരു നിലപാടാണ് സാധാരണ ഈ കാര്യങ്ങളിലൊക്കെ സി.പി.ഐ.(എം) സ്വീകരിക്കുന്നത്. കൊടും വരൾച്ചയും കുടിവെള്ള ക്ഷാമവും രൂക്ഷമായ വിലക്കയറ്റവും റേഷൻ ലഭ്യതയുടെ കുറവും ക്രമസമാധാന തകർച്ചയുംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നു. നാടുനീളെ പീഡന കഥകളാണ്. ഒരു വയസ്സുള്ള പിഞ്ചുകുഞ്ഞ് മുതൽ തൊണ്ണൂറ് വയസ്സുള്ള മുതുമുത്തശ്ശിവരെ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെടുന്നു, രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുന്നു, ആരാധനാലയങ്ങൾ പോലും കൊലക്കളമായി മാറുന്നു. കൊടിഞ്ഞിയിലെ ഫൈസൽ വധം, കാസർഗോഡ് ചെങ്കളയിലെ റിയാസുദ്ദീൻ മൗലവി വധം എന്നിവയുമായി ബന്ധപ്പെട്ട പോലീസ് നടപടികൾ ന്യൂനപക്ഷ

വിഭാഗങ്ങൾക്കിടയിൽ കടുത്ത ആശങ്കയും ഉത്കണ്ഠയും ജനിപ്പിച്ചിരിക്കുകയാണ്. താനൂരിലെ കലാപകേന്ദ്രങ്ങളിൽ പോലീസ് തന്നെ വേട്ടക്കാരുടെ വേഷം കെട്ടിയെന്ന് അവിടെ സന്ദർശിച്ച ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിരപരാധികൾക്കുണ്ടായ നഷ്ടം കണക്കാക്കാൻ ഒരു കമ്മീഷനെ വയ്ക്കാനും പ്രസ്തുത റിപ്പോർട്ടിൽ പാരമർശമുണ്ട്. സംഘപരിവാർ സംരക്ഷകരായി പോലീസ് മാറുമ്പോൾ അവരെ തിരുത്തുവാൻ ന്യൂനപക്ഷ സംരക്ഷണം ഉറപ്പ് നൽകി ഭരണത്തിലെത്തിയ സർക്കാരിനാകുന്നില്ല. പകരം കൊടും കുറ്റവാളികളെക്കൂടി ജയിലിൽനിന്നും തുറന്നുവിട്ട് എരിതീയിൽ എണ്ണയൊഴിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. എന്റെ സമീപപ്രദേശമായ വളയത്തെ ജിഷ്ണു പ്രണോയ് ദുരൂഹ സാചര്യത്തിൽ മരണപ്പെട്ടിട്ട് മൂന്ന് മാസം കഴിഞ്ഞെങ്കിലും കൺമുന്നിലുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ പോലീസും സർക്കാരും തയ്യാറാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പോലീസ് മേധാവിയെ കാണാൻ തിരുവനന്തപുരത്ത് വന്ന അമ്മയോടും കുടുംബത്തോടും ഏത് രീതിയിലാണ് പോലീസ് പെരുമാറിയതെന്ന് കേരളം മുഴുവൻ ദൃശ്യമാദ്ധ്യമങ്ങളിലൂടെ കണ്ടതാണ്. എന്നിട്ടും അതിനെ ന്യായീകരിക്കാനും പത്രപ്പരസ്യം വഴി അതിനെ സാധൂകരിക്കാനും നടത്തുന്ന ശ്രമങ്ങൾ കേരള ജനത

അവജ്ഞയോടും ലജ്ജയോടുംകൂടിയാണ് കണ്ടതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. എന്റെ സമീപപ്രദേശമായ നാദാപുരത്ത് മുസ്ലീം ലീഗ് പ്രവർത്തകൻ മുഹമ്മദ് അസ്‌ലം കൊല ചെയ്യപ്പെട്ടത് 2016 ആഗസ്റ്റ് 12-ന് ആയിരുന്നു. എട്ട് മാസം കഴിഞ്ഞു. പ്രതികളെ പൂർണ്ണമായും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സർക്കാർ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മലപ്പുറം തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന് മണിക്കൂറുകൾക്കകമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് ഉത്തരവുണ്ടായത്. വിലക്കയറ്റംകൊണ്ടും വറുതികൊണ്ടും ശ്വാസം മുട്ടുന്ന സാധാരണ ജനങ്ങൾക്ക് 'ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു' എന്ന് പറയുന്നതുപോലെയായി ഈ നടപടി. ചാർജ് വർദ്ധനവിലൂടെ 591 കോടി രൂപയുടെ വർദ്ധനവുണ്ടാകുമെന്നാണ് കെ.എസ്.ഇ.ബി.യുടെ കണക്ക്. എന്നാൽ നഷ്ടക്കണക്ക് പറഞ്ഞ് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച കെ.എസ്.ഇ.ബി., തങ്ങൾക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകാനുള്ള വൻകിട ആശുപത്രികൾ, ഹോട്ടലുകളടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങളെ തൊടുന്നില്ല. വൻകിട സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് മാത്രം പലിശ കൂടാതെ 469.6 കോടി രൂപയാണ് കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ളത്. ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽനിന്നും 127.42 കോടി രൂപയും ബോർഡിന് കുടിശ്ശികയായി

കിട്ടാനുണ്ട്. ആകെ 596.48 കോടി രൂപയാണ് സ്വകാര്യസ്ഥാപനങ്ങളിൽനിന്നും ബോർഡിന് കുടിശ്ശികയായി കിട്ടാനുള്ളത്. സ്വകാര്യ സ്ഥാപനങ്ങളെ കൂടാതെ വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് കെ.എസ്.ഇ.ബി.ക്ക് 2044.78 കോടി രൂപ നൽകാനുണ്ട്. നിരക്ക് വർദ്ധനവ് വഴി പ്രതിവർഷം 550 കോടി രൂപ വരെ അധികം ലഭിക്കുമെന്നാണ് ബോർഡിന്റെ കണക്ക്. എന്നാൽ സ്വകാര്യസ്ഥാപനങ്ങളിൽനിന്നും കിട്ടാനുള്ള 596.48 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിച്ചാൽതന്നെ നിരക്ക് വർദ്ധനയില്ലാതെ ബോർഡിന് ഇത്രയും തുക കണ്ടെത്താനാകുമായിരുന്നു. ഇതിന് തുനിയാതെ സാധാരണക്കാരന്റെ പിച്ചത്തൊട്ടിയിൽ കൈയിട്ടു വാരാനാണ് ബോർഡും റഗുലേറ്ററി കമ്മീഷനും ശ്രമിക്കുന്നത്. കേന്ദ്ര പദ്ധതിയുടെ അനുബന്ധമായുള്ള ത്രികക്ഷി കരാറിൽ കേരള സർക്കാരും റഗുലേറ്ററി ബോർഡും ഒപ്പ് വച്ചിട്ടുണ്ട്. അനിവാര്യത വ്യക്തമാകുന്നപക്ഷം 2019-ൽ മാത്രമെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാവൂ എന്നാണ് കാരാറിലെ നിബന്ധന. ഗാർഹിക ഉപഭോക്താളുടെ കാര്യത്തിൽ ഇത് ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനയില്ല. അതിന് കാരണം ഈ കരാർതന്നെയാണ്. സാമ്പത്തിക ശേഷിയുള്ള ഈ സംഘടിത

വിഭാഗം കോടതിയിൽനിന്നും നിരോധന ഉത്തരവ് വാങ്ങുമെന്നറിയാവുന്ന ബോർഡും സർക്കാരും സാധാരണക്കാരുടെ കീശയിലേയ്ക്കാണ് വേഗം കൈനീട്ടിയത്. അതേസമയം ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അതിരപ്പിള്ളി സ്വപ്നത്തിനപ്പുറം ഒരു പുരോഗതിയുമില്ലാതെ കിടക്കുന്നു. വരൾച്ച രൂക്ഷമായതോടെ ജലവൈദ്യുത നിലയങ്ങളുടെ ഉൽപ്പാദനം 30 ശതമാനമായി കുറഞ്ഞു. കൂടംകുളം ആണവനിലയത്തിൽനിന്നുള്ള വൈദ്യുതി തുടങ്ങിയ കാര്യങ്ങളൊക്കെ അങ്ങനെ കിടക്കുകയാണ്. ഇതിനൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടലുകളോ നടപടിയോ ഉണ്ടാകുന്നില്ല. വ്യവസായവുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ രണ്ട് പ്രധാന കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒട്ടേറെ കർഷകരുള്ള കുറ്റ്യാടിയിലും പരിസരത്തും തേങ്ങയുടെ ഉൽപ്പാദനം, വിപണനം, സംസ്കരണം എന്നിവ ലക്ഷ്യം വച്ച് ഒരു നാളികേര വികസന പാർക്ക് ആരംഭിക്കുവാൻ നേരത്തെ സർക്കാർ തീരുമാനിക്കുകയും അതിനായി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച 42 കോടി രൂപയുടെ പ്രൊപ്പോസലിന് കേരള സർക്കാർ ഭരണാനുമതി നൽകിയതുമാണ്. എന്നാൽ ഏറ്റെടുത്ത സ്ഥലത്തിന് ഉയർന്ന കോമ്പൻസേഷൻ ലഭിക്കാനായി സ്ഥലയുടമ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും

കോടതി അത് അനുവദിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സി.-യും അഫിഡവിറ്റ് ഫയൽ ചെയ്തു. ഇതുകാരണം തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പദ്ധതി വഴിമുട്ടി നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കേസ് അവസാനിപ്പിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊരു കാര്യം പറയാനുള്ളത്, എന്റെ മണ്ഡലത്തിലെ മൺപാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെക്കുറിച്ചാണ്. ഇവർ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗമായി വളരെ കഷ്ടപ്പെട്ട് ജീവിതം തള്ളിനീക്കുന്നവരാണ്. മൺപാത്ര നിർമ്മാണത്തിന്റെ രണ്ട് പ്രധാന അസംസ്കൃതവസ്തുക്കളാണ് കളിമണ്ണും മണലും. പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഇവയുടെ ലഭ്യത കുറച്ചതോടെ മൺപാത്ര നിർമ്മാണവും കുറഞ്ഞു. കൂടാതെ ഈ രംഗത്തുള്ള ആധുനിക സാമഗ്രികളുടെ കടന്നുവരവും മൺപാത്ര നിർമ്മാണത്തിന് തടസ്സമായി. ഇതോടെ ഈ കുലത്തൊഴിൽ വേറിട്ട് പോകുകയും ഇതിനെ ആശ്രയിച്ച് ജീവിച്ചുവന്ന പാവപ്പെട്ട ജനവിഭാഗത്തിന്റെ ജീവിതം വഴിമുട്ടുകയും ചെയ്തിരിക്കുകയാണ്. ഈ സാഹര്യത്തിൽ ഈ കുലത്തൊഴിൽ സംരക്ഷിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുന്നു.

ആഴക്കടൽ മണൽ ഖനനത്തിന് സർക്കാർ ഒരുങ്ങുന്നതായ വാർത്ത കണ്ടു. ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും സുനാമിപോലുള്ള പ്രകൃതി ദുരന്തങ്ങൾക്കും പദ്ധതി കാരണമാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കൂടാതെ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയേയും പദ്ധതി പ്രതികൂലമായി ബാധിക്കും. ഇതിൽനിന്നും സർക്കാർ പിൻതിരിയണമെന്ന് അഭ്യർത്ഥിക്കുന്നു. കൈത്തറി വസ്ത്രങ്ങൾക്ക് പ്രിയമേറുമ്പോഴും കൈത്തറി വ്യവസായം കടുത്ത പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും പുതിയ തലമുറ ഈ മേഖലയിലേയ്ക്ക് കടന്നുവരാത്തതുമാണ് കൈത്തറി മേഖലയുടെ പ്രതിസന്ധിക്ക് കാരണം. ഈ മേഖലയെ സംരക്ഷിക്കാൻ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവണം. നെയ്ത്തുകാർക്ക് സർക്കാർ ആനുകൂല്യങ്ങളും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കണം. സർക്കാർ സബ്സിഡി, റിബേറ്റ് എന്നീയിനങ്ങളിൽ ചെലവാക്കുന്ന തുക തൊഴിലാളികൾക്ക് അധിക വേതനം നൽകാൻ ഉപയോഗിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഒരു

വർഷം പൂർത്തിയാക്കാൻപോകുന്ന സർക്കാർ ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് സംഘടിത വ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും ഏറെയില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 1957-1959 കാലഘട്ടത്തിലാണ് പൊതുമേഖലാ വ്യവസായങ്ങൾക്കും സ്വകാര്യമേഖലയിലെ ചില സംഘടിത വ്യവസായങ്ങൾക്കും തുടക്കം കുറിച്ചത്. പിൽക്കാലത്ത് കേന്ദ്ര ഗവൺമെന്റുകളുടെ തെറ്റായ നടപടികളുടെയും നയങ്ങളുടെയും ഫലമായി വ്യവസായ മേഖല ദുർബലപ്പെടുകയാണുണ്ടായത്. കേരളം അതിന്റെ ഒരു ദൃഷ്ടാന്തമാണ്. യു.ഡി.എഫ്. ഭരണത്തിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ ദുർബലമാകുകയാണുണ്ടായത്. എണ്ണപ്പെട്ട വ്യവസായങ്ങളെല്ലാം നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി. തകർന്ന വ്യവസായങ്ങൾ നിരവധിയാണ്. അതിൽ ഒരു വ്യവസായമാണ് തുടർച്ചയായ 24 വർഷം ലാഭകരമായി പ്രവർത്തിക്കുകയും സർക്കാരിലേയ്ക്ക് ലാഭവിഹിതം നൽകുകയും ചെയ്ത് വന്നിരുന്ന കണ്ണൂർ കേന്ദ്രമായി പ്രവർത്തിത്തിച്ചിരുന്ന ക്ലേ ആന്റ് സിറാമിക്സ് എന്ന സ്ഥാപനം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആ വ്യവസായം തകർത്തത്. പേരിനുമാത്രം അത് പ്രവർത്തിക്കുന്നു. 350-ൽപ്പരം തൊഴിലാളികൾക്ക് അവിടെ തൊഴിലില്ല,

വരുമാനമില്ല. ആ വ്യവസായത്തെ പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അതിന് വേണ്ടിയുള്ള പരിശ്രമം നടത്തുമെന്നതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ വ്യവസായങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള ക്രിയാത്മകമായ നടപടികളുമായി വ്യവസായ വകുപ്പുമന്ത്രി മുന്നോട്ട് പോകുന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിലാളികളിൽ കൂടുതലും ജോലി ചെയ്യുന്നത് പരമ്പരാഗത വ്യവസായങ്ങളിലാണ്. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെ നവീകരണവും വൈവിധ്യവൽക്കരണവും ഒഴിച്ചുകൂടാനാകാത്തതാണ്. എങ്കിൽ മാത്രമേ കേരളത്തിലെ ഇത്തരം വ്യവസായങ്ങളെ പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. അതിന് തുടക്കം കുറിച്ചതിന്റെ ഒന്നാമത്തെ ഉദാഹരണമാണ്, വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി. അതിന്റെ ഭാഗമായി 3,600 തറികളിൽ ഇപ്പോൾ തുണി ഉൽപ്പാദനം നടത്തിക്കൊണ്ടിരിക്കുകയാണ്. 19

ലക്ഷം മീറ്റർ തുണി ഉൽപ്പാദനമാണ് അതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ പ്രഖ്യാപിച്ചതുപോലെ ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകാനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ ഏതാണ്ട് ഒരു 10,000 തറികളെങ്കിലും പ്രവർത്തിപ്പിക്കാൻ സാധിക്കും. കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പരമ്പരാഗത വ്യവസായങ്ങളിലൊന്നായ ഖാദി മേഖലയെ സഹായിക്കുന്നതിനായി സർക്കാർ പല പദ്ധതികളും മുന്നോട്ടുവച്ചിട്ടുണ്ട്. നമുക്ക് അറിയുന്നതുപോലെ Income Support Scheme പ്രകാരം ഏറ്റവും കൂടുതൽ തുക ഈ സാമ്പത്തിക വർഷമാണ് (2016-17) ഖാദി മേഖലയ്ക്ക് നൽകിയത്. ഏതാണ്ട് 30 കോടിയോളം രൂപ ഖാദിക്ക് സർക്കാർ നൽകിയിട്ടുണ്ട്. അത് ആ മേഖലയ്ക്ക് ആശ്വാസം പകരുന്ന ഒന്നാണ്. എന്നാൽ അതോടൊപ്പംതന്നെ ഖാദിയുടെ നവീകരണം എന്നത് ഒഴിച്ചു കൂടാനാകാത്തതാണ്. ഖാദി മേഖലയ്ക്ക് പഴയ രീതിയിൽ തുടർന്നുപോകാൻ സാധിക്കില്ല. ഇവിടെ കാണേണ്ട ഒരു കാര്യം, പരമ്പരാഗത വ്യവസായ മേഖലകളിൽ വിപണിയുടെ പ്രശ്നമല്ല ഇപ്പോൾ നിലനിൽക്കുന്നത്. വിപണിയിൽ ആവശ്യമുള്ള ഉൽപ്പന്നങ്ങൾ ആ മേഖലയിൽനിന്ന് ലഭിക്കുന്നില്ല.

കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല എന്നതാണ് ആ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയം. അതോടൊപ്പംതന്നെ വ്യവസായങ്ങൾ നവീകരിക്കുന്നതിലൂടെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കണം. ഒരു തൊഴിലാളിയുടെ പ്രതിദിന വരുമാനം 600 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുമെന്ന് സർക്കാർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിലേയ്ക്ക് എത്തിച്ചേരേണ്ടതായിട്ടുണ്ട്.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബീഡി വ്യവസായത്തിനുമേൽ നികുതി ചുമത്തിക്കൊണ്ട് അതിനെ തകർക്കാൻ ശ്രമിച്ചു. ഈ സർക്കാർ വന്നതിനുശേഷം നികുതി വരുമാനത്തിലൂടെ ഉണ്ടാകുന്ന തുക അതേ സ്ഥാപനങ്ങൾക്കുതന്നെ തിരിച്ചു കൊടുക്കുന്നതിനു വേണ്ടിയുള്ള പ്രഖ്യാപനവും നടപടിയുമുണ്ടായി. എന്നാൽ അതോടൊപ്പം തന്നെ പുതിയ നിയമങ്ങൾ വരാൻ പോവുകയാണ്. ജി.എസ്.ടി. നടപ്പിലാകുന്നതോടുകൂടി അതിന്മേൽ കൂടുതൽ ബാധ്യതകൾ വരാൻ പോവുകയാണ്. എങ്ങനെ അതിനെ സംരക്ഷിക്കാൻ സാധിക്കുമെന്ന് സർക്കാർ ആലോചിക്കേണ്ടതാണ്. കണക്ക് കൂട്ടിയപ്പോൾ ഒരു ബീഡിയുടെ വില രണ്ട് രൂപയിൽ എത്തുമെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ആളുകൾ ബീഡി ഉപയോഗിക്കില്ല. ആ വ്യവസായത്തെ സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെ മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ചില മേഖലകളിൽ ചില ബോർഡുകളും മറ്റും രൂപീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ്, ഖാദി ക്ഷേമനിധി വ്യവസായ വകുപ്പിന്റെ കീഴിലാണ്. മറ്റെല്ലാം തൊഴിൽ വകുപ്പാണെങ്കിൽ ഇത് വ്യവസായ വകുപ്പിന്റെ കീഴിലാണ്. ഒരു വർഷം പൂർത്തിയാകാറായിട്ടും ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ സാധിച്ചില്ല എന്നത് ആ മേഖലയിൽ പ്രയാസങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിന് അടിയന്തരമായി പരിഹാരം കാണേണ്ടതായിട്ടുണ്ട്. അവർക്ക് കൊടുക്കാനുള്ള പെൻഷൻ യഥാസമയം കൊടുക്കാൻ സാധിക്കുന്നില്ല. അടിയന്തരമായി അത് പുനഃസ്ഥാപിക്കേണ്ടതായിട്ടുണ്ട്.

കൈത്തറി, കയർ, കശുവണ്ടി, ഖാദി, ബീഡി, കള്ളുചെത്ത്, ആർട്ടിസൻസ്, ഈറ്റ-കാട്ടുവള്ളി തുടങ്ങിയ വ്യവസായങ്ങളെയാണ് ഇവിടെ പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയെ നവീകരിച്ചുകൊണ്ട് മാത്രമേ അതിൽ തൊഴിലും വരുമാനവും ഉറപ്പു വരുത്താൻ നമുക്ക് സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചിട്ടുള്ളതുപോലെ പരമ്പരാഗത മേഖലയിൽ ഉൽപ്പന്നങ്ങൾ ആവശ്യത്തിന് കിട്ടാത്ത ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. വിപണി

ഇല്ലാത്ത വിഷയം ഇവിടെ നിലനിൽക്കുന്നില്ല എന്നത് പ്രത്യേകമായിട്ടും ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

നേരത്തെ തന്നെ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരുന്നു. പരമ്പരാഗത വ്യവസായങ്ങൾക്ക് നിലനിൽക്കാൻ സാധിക്കണമെങ്കിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സാധിക്കണം. ഇത് സാധിക്കണമെങ്കിൽ ഈ മേഖലയിൽ നവീകരണം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഒട്ടേറെ നിർദ്ദേശങ്ങൾ ഇക്കാര്യത്തിലുണ്ട്. ആ നിർദ്ദേശങ്ങളാകെ നടപ്പിലാക്കാൻ സാധിക്കണമെങ്കിൽ ഈ പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ഒരു ആശയം നേരത്തെ മുൻപോട്ടു വച്ചിട്ടുണ്ട്. സർക്കാർ തന്നെ അത് പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം അടിയന്തരമായും നടപ്പിലാക്കാൻ സാധിക്കണം. ഈ വിധത്തിൽ കേരളത്തിലെ ദുർബ്ബലമാകുന്ന വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും സാധിക്കേണ്ടതായിട്ടുണ്ട്.

വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

വൈദ്യുതി വകുപ്പ് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. അതുപോലെതന്നെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച തീയതിക്ക് മുൻപുതന്നെ എന്റെ മണ്ഡലമുൾപ്പെടെ കണ്ണൂർ ജില്ലയിലെ 11 മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് അതിന്റെ പ്രഖ്യാപനം നടത്തുകയുമുണ്ടായി. ഈ വിധത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വൈദ്യുതി വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നതിനുവേണ്ടി ഈ സമയം ഞാൻ വിനിയോഗിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വൻകിട വ്യവസായങ്ങൾ ഇവിടെയില്ല. എന്നാൽ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ സർക്കാർ മുൻകയ്യെടുക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഈ വിധത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിനെയും വൈദ്യുതി വകുപ്പിനെയും വ്യവസായ വകുപ്പിനെയും ബന്ധപ്പെട്ട മന്ത്രിമാരുടെയുമെല്ലാം പ്രവർത്തനങ്ങൾ ഇനിയും ശക്തിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള എല്ലാവിധ പിന്തുണയും സഹായവും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല.

പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തിലെല്ലാം എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകും എന്ന മുദ്രാവാക്യമാണ്. അതെല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നത് നല്ലൊരു കാര്യമാണ്. കാരണം ഓരോ മേഖലയെയും ആ വിധത്തിൽ ദുർബ്ബലമാക്കിയ, തകർത്തെറിഞ്ഞവയെ നേരെയാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ആ വിധത്തിൽ ഒരു വർഷം പൂർത്തിയാക്കുന്നതിന് മുൻപുതന്നെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ ഇടപെടലുകളുമായി മുന്നോട്ടു പോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ ഭാഗമായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിൽ തൊഴിൽ ആഗ്രഹിക്കുന്ന ലക്ഷക്കണക്കിനാളുകൾ പ്രതീക്ഷയോടെ നോക്കുന്നത് വ്യവസായ വകുപ്പിനെയാണ്. ഇവിടെ പരമ്പരാഗത വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്കുള്ള തൊഴിൽ ഉറപ്പാക്കുക എന്നുള്ള ഒരു

കാര്യമുണ്ട്. അതിനപ്പുറത്ത് പുതിയ അവസരങ്ങളുണ്ടാകണമെങ്കിൽ ചെറുകിട വ്യവസായ രംഗത്തും അതുപോലെ തന്നെ പുതിയ മേഖലകളിലുമെല്ലാം തൊഴിലവസരങ്ങളുണ്ടാകണം. പരമ്പരാഗതമായി നോക്കുമ്പോൾ കേരളം വ്യവസായ സംരംഭകർ വളരെ കുറവുള്ള ഒരു സംസ്ഥാനമാണ്. മഹാരാഷ്ട്രയിലോ, ഗുജറാത്തിലോ, പഞ്ചാബിലോ ഉള്ളതുപോലെ സംരംഭങ്ങൾ ഇവിടെ വളരെക്കുറവാണ്, പരമ്പരാഗതമായ രീതിയാണത്. മറ്റു സ്ഥലങ്ങളിൽ പോയി ജോലി ചെയ്യും, റിസ്ക്കെടുത്ത് പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആളില്ല. അതിനാവശ്യമായ പരിശീലനം കൊടുക്കുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു സുരക്ഷിതബോധം അവർക്കില്ല, അതുകൊണ്ടാണ് പലരും രംഗത്ത് വരാതിരിക്കുന്നത്. കേരളത്തിൽ ഇന്ന് നടക്കുന്ന ചില പ്രധാനപ്പെട്ട സെന്റേഴ്സ്, ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി - ഈ മേഖലകളിലെ യൂണിറ്റുകളെല്ലാം വളരെ വിജയകരമായി മുന്നോട്ടുനീങ്ങുന്നുണ്ട്. അവർക്കവിടെ സുരക്ഷിതത്വബോധമുണ്ട്. അത്തരത്തിലുള്ള കൂടുതൽ സെന്റേഴ്സ് കേരളത്തിൽ തുടങ്ങിക്കൊണ്ട് ഈ രംഗത്ത് മുന്നേറുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒട്ടേറെ സ്ഥലങ്ങൾ ഏറ്റെടുത്തുകൊണ്ട് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ

ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. മട്ടന്നൂർ, പനയത്തു പറമ്പിൽ 1000 ഏക്കർ, തൊടുപുഴയിൽ 900 ഏക്കർ, മങ്കടയിൽ 700 ഏക്കർ, വിഴിഞ്ഞത്ത് 500 ഏക്കർ, കാസർഗോഡ് 500 ഏക്കർ; 5000 ഏക്കർ സ്ഥലം ഏറ്റെടുക്കും, 5100 കോടി രൂപ ചെലവ് ചെയ്ത് സ്ഥലങ്ങൾ ഏറ്റെടുക്കുമെന്നാണ് പറഞ്ഞത്. നടപ്പു വർഷം 1000 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്നു. നടപ്പു വർഷത്തിൽ ഒന്നും സംഭവിച്ചില്ല. ഈ വർഷവും അതുതന്നെ ആവർത്തിച്ചിരിക്കുകയാണ്. വലിയ ഇടപെടലുകൾ വ്യവസായ മേഖലകളിലുണ്ടാകും, ഇൻഡസ്ട്രിയൽ ഇടനാഴി, ഇവിടെയും 5000 ഏക്കർ സ്ഥലം വീണ്ടും ഏറ്റെടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഒരു കണ്ടീഷൻ പറഞ്ഞിരിക്കുന്നു, ഭൂമി ഏറ്റെടുത്താൽ കിഫ്ബിയിൽ നിന്നും പണം നൽകുന്നതിന് തടസ്സമൊന്നും ഉണ്ടാകുകയില്ല. ഏറ്റെടുത്തിട്ടല്ലേ പണം നൽകാൻ. ഈ രംഗത്ത് പ്രഖ്യാപിച്ച ഒരു കാര്യവും നടന്നതായി ഞാൻ കാണുന്നില്ല. തൊടുപുഴയിലെ 900 ഏക്കർ എനിക്കറിയാം, അവിടെ നടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിലവസരങ്ങളുണ്ടാകണമെങ്കിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിയേ പറ്റൂ. ആ ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കേണ്ടത് ഏറ്റവും അടിസ്ഥാനപരമായ ഒരു കാര്യമാണ്. കിൻഫ്രയുടെ ഒട്ടേറെ പ്രോജക്ടുകൾ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഇപ്പോൾ ആ രംഗത്ത്

കാര്യമായ പ്രവർത്തനം നടക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല, അവർ മുന്നോട്ട് പോകുന്നില്ല.

നമുക്കുള്ള അസംസ്കൃത സാധനങ്ങൾ ശരിയായി വിനിയോഗിക്കുക എന്നുള്ളതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട്, നാളികേരത്തിന്റെ വിലയിടിവിനെപ്പറ്റി നമ്മൾ പലപ്പോഴും സംസാരിക്കാറുണ്ട്. എന്നാൽ പോസ്റ്റ് ഹാർവെസ്റ്റ് ഓപ്പറേഷൻ - നാളികേര സംസ്കരണത്തിലൂടെ വൻതോതിൽ നാളികേര മേഖലയ്ക്ക് ഒരു ഉണർവ് ഉണ്ടാക്കാൻ കഴിയും. വെർജിൻ കോക്കനട്ട് ഓയിൽ പോലുള്ള ഉല്പന്നങ്ങൾ - ഫിലിപ്പൈൻസാണ് നാളികേര ഉൽപ്പന്നങ്ങളുണ്ടാക്കി ലോക വിപണിയിലേയ്ക്ക് വിടുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് ചില തുടക്കങ്ങൾ കുറിച്ചിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിലിന്റെ 22 യൂണിറ്റുകൾ കേരളത്തിലുണ്ട്. ഇന്ത്യയിലെ പല ഭാഗത്തുമുണ്ട്, അയൽ സംസ്ഥാനങ്ങളിലുമുണ്ട്. ഇതെല്ലാം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. രാജ്യത്തിനകത്തും പുറത്തും ഇതിന് വിപണിയുണ്ട്. എന്തുകൊണ്ട് നമുക്കിത് തുടങ്ങാൻ കഴിയുന്നില്ല? ഒരു യൂണിറ്റിന് രണ്ടു കോടിരൂപ മാത്രമേ മുതൽമുടക്ക് ഉണ്ടാകുന്നുള്ളൂ. അത്തരത്തിലുള്ള കുറേ യൂണിറ്റുകൾ തുടങ്ങിയാൽ തീർച്ചയായിട്ടും നാളികേരത്തിന്റെ വിലയിൽ വലിയ വർദ്ധനവുണ്ടാകും, ഒട്ടേറെ ആളുകൾക്ക് തൊഴിലുമുണ്ടാകും. കോക്കനട്ട്

മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട് തുടങ്ങിയ ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട്. ഒരു ഇന്റഗ്രേറ്റഡ് യൂണിറ്റ് തുടങ്ങാൻ 10 കോടിരൂപയെ ചെലവാകുകയുള്ളൂ. നാളികേര സംഭരണം നടത്തിയാൽ അത് എന്തുചെയ്യണമെന്നറിയാതെ ഇന്ന് കൃഷി വകുപ്പ് ബുദ്ധിമുട്ടുകയാണ്. ഈ സംഭരിക്കുന്ന നാളികേരം മുഴുവൻ അത്തരത്തിലുള്ള ഒരു ബൃഹത് യൂണിറ്റിൽനിന്ന് ഉൽപ്പാദിപ്പിച്ച് ആ ഉൽപ്പന്നങ്ങൾ രാജ്യത്തിനകത്തും പുറത്തും വിൽക്കാൻ കഴിയും. അത്തരത്തിലുള്ള നീക്കങ്ങളൊന്നും ഈ രംഗത്ത് ഉണ്ടാകുന്നതായി കാണുന്നില്ല. പുതിയ മേഖലകളിലേയ്ക്ക് കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

അതുപോലെ ഫുഡ് പ്രോസ്സസിംഗ് - ഇന്ന് ഇന്ത്യയിൽ ഏറ്റവും വളർന്നു വരുന്ന ഒരു മേഖലയാണത്. ഏതാണ്ട് 26000 കോടി രൂപയുടെ ഉല്പന്നങ്ങൾ കഴിഞ്ഞ വർഷം കയറ്റുമതി ചെയ്തു എന്നുള്ളതാണ്. അതുപോലെ കേരളത്തിൽ ഫുഡ് പാർക്കുകൾ എന്ന പ്രഖ്യാപനവുമുണ്ട്. എത്ര പാർക്കുകൾ ഭംഗിയായി പ്രവർത്തിക്കുന്നു, അതെല്ലാം സമയബന്ധിതമായി നല്ലനിലയിൽ പ്രവർത്തിപ്പിക്കുവാനുള്ള ഒരു സംവിധാനമുണ്ടാകണം. ഓരോ മേഖലയ്ക്കുമുള്ള പ്രത്യേക പാർക്കുകളും അവിടെയുള്ള ഇൻഫ്രാസ്ട്രക്ച്ചറും ഡെവലപ് ചെയ്തുകൊണ്ട് ഒട്ടേറെ പുതിയ സംരംഭകരെ ആ രംഗത്തേയ്ക്ക് കൊണ്ടുവരാൻ കഴിയും.

അതുപോലെ എന്റർപ്രണർ ട്രെയിനിംഗിനുള്ള ഒട്ടേറെ ആനുകൂല്യങ്ങൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഹ്യൂമൻ റിസോഴ്സ് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുള്ള സംവിധാനങ്ങൾ ഇവിടെ വ്യവസായ വകുപ്പുമായും യൂണിവേഴ്സിറ്റിയുമായും മറ്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളുമായും ബന്ധപ്പെട്ടുകൊണ്ട് അവരെ ട്രെയിൻ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു.

അതുപോലെ മിൽക്ക് പ്രോസസിംഗ് - ഗുജറാത്തിലാണ് അതിന്റെ പരീക്ഷണം. എങ്ങനെയാണ് പാലിന് അവിടെ വിലകൂടിയത്; പാലുൽപ്പന്നങ്ങൾ ഉണ്ടാക്കി അവർ വിപണിയിലിറക്കി. ആരുമായും മത്സരിക്കത്തക്ക വിധത്തിലുള്ള പാലുല്പന്നങ്ങൾ. കേരളത്തിലും പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുള്ള മേഖലകളുണ്ട്. നമുക്കുള്ള അസംസ്കൃത സാധനങ്ങൾ ഉപയോഗിക്കുക എന്നുള്ളതാണ്. ഇവിടെ നമുക്ക് കൊക്കോ സുലഭമായി ഉല്പാദിപ്പിക്കാൻ കഴിയും. പാലും കൊക്കോയും ഉണ്ടെങ്കിൽ ഒന്നാന്തരം ചോക്ലേറ്റായി. രാജ്യത്തിനകത്തും പുറത്തും അതിന് വിപണിയുണ്ട്. ഇത്തരത്തിലുള്ള മേഖലകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വ്യവസായ വകുപ്പിന് കഴിയണം. ആ നിലയിലുള്ള നീക്കങ്ങളൊന്നും ഉള്ളതായി കാണുന്നില്ല. ആ രംഗത്ത് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വൈദ്യുതി ചാർജ്ജ് കുറവുള്ള സംസ്ഥാനമായതുകൊണ്ടാണ് വ്യവസായത്തിന് അനുകൂലമായ ഒരു കാലാവസ്ഥ ഇവിടെ ഉണ്ടായിരുന്നത്. ഇന്നിപ്പോൾ അടിക്കടി വൈദ്യുതി ചാർജ്ജ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതെങ്ങനെ നമുക്ക് കുറയ്ക്കാൻ കഴിയും. കാർഷിക മേഖലയ്ക്കുള്ള വൈദ്യുതി ചില സംസ്ഥാനങ്ങളിൽ, തമിഴ്നാട്ടിൽ ഫ്രീയാണ്, ഇവിടെ കാർഷിക മേഖലയ്ക്കുള്ള വൈദ്യുതിക്ക് വൻതോതിലുള്ള റേറ്റാണ് വാങ്ങുന്നത്. ആ രംഗത്തെല്ലാം ഒരു പുനഃപരിശോധന നടത്താൻ കഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഇന്നുള്ള വ്യവസായ രംഗത്ത് ഒരു ചലനം സൃഷ്ടിക്കുവാനാവശ്യമായ നിലയിൽ ഇൻഫ്രാസ്ട്രക്ചർ ഒരുക്കുക, പരമാവധി പൊതുവായ സ്ഥലങ്ങൾ ഏറ്റെടുത്തുകൊണ്ട് അവിടെയെല്ലാം വൈദ്യുതിയും റോഡും വെള്ളവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ തീർച്ചയായിട്ടും കേരളത്തിലെ വ്യവസായ രംഗത്ത് നമുക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. പ്രഖ്യാപനം നടത്താൻ എളുപ്പമാണ്. വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാകുന്നുണ്ടോ എന്നുള്ളതാണ് പരിശോധിക്കേണ്ടത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ മിക്കതും നടപ്പായിട്ടില്ല എന്നുള്ളതാണ് വസ്തുത. ആ അനശ്ചിതാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുവാനും കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കാനുമുള്ള രീതിയിൽ

വ്യവസായ വകുപ്പ് മുന്നോട്ട് പോകണമെന്നാണ് ഈ അവസരത്തിൽ പറയുവാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ വർഷങ്ങളായി മണ്ണെണ്ണയുടെ വില വർദ്ധനവ് കാരണം രാത്രികാലത്ത് കേരളത്തിലെ പാവങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ വെളിച്ചത്തിന്റെ സഹായമില്ലാത്ത ഒരു ഘട്ടത്തിൽ കേരളത്തിലെ എല്ലാ വീടുകളിലും, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കാൻ സാധിച്ചു. എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി വന്നാണ് അതിന്റെ ഉത്ഘാടന കർമ്മം നിർവ്വഹിച്ചത്. കേരളത്തിലുടനീളം പാവപ്പെട്ട ആളുകളുടെ വീടുകളിൽ വൈദ്യുതി എത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത് കേരളത്തിലെ ജനങ്ങൾ വളരെ നന്ദിയോടുകൂടി ഓർക്കും. ഇവിടുത്തെ പ്രശ്നം വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കലാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വലിയ വില ഇല്ലാതെ തന്നെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയും വേണം. ഓരോ ദിവസവും നമ്മൾ പറയുന്നത്, കേരളത്തിൽ ചൂട് വർദ്ധിച്ചു എന്നാണ്. ആ വർദ്ധിച്ചു വരുന്ന ചൂടിനെ ഉപയോഗിച്ച് നമ്മുടെ ആവശ്യത്തിന് സൗരോർജ്ജം ഉൽപ്പാദിപ്പിക്കാൻ സാധിക്കണം. ജലവൈദ്യുതി പുതുതായി ഉല്പാദിപ്പിക്കാനുള്ള വിഷമതകളുണ്ട്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗരോർജ്ജത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് എങ്ങനെ സാധിക്കുമെന്നത് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ ആലോചനയ്ക്ക് വിധേയമാകേണ്ട പ്രധാനപ്പെട്ട വസ്തുതയാണത്. പല കമ്മിറ്റികളിലും നമ്മൾ പങ്കെടുക്കുമ്പോൾ അറിയാൻ സാധിക്കുന്നത് വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ കോടിക്കണക്കിന് ഉറുപ്പിക വൈദ്യുതി വകുപ്പിന് വർഷംതോറും കടമുണ്ടാകുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് ഇന്ന് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടി വരുന്നത്. അങ്ങനെ കടമായി പോകുന്ന ഒരു സ്ഥാപനത്തിന് നിലനിൽക്കാൻ സാധിക്കില്ല. അപ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കാൻ വൈദ്യുതി വകുപ്പ് നിർബന്ധിതമാകുന്നു. ഇതിന് പരിഹാരം കാണണമെങ്കിൽ നിശ്ചയമായും സൗരോർജ്ജം പോലെ കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന മേഖലകളെ സംബന്ധിച്ച് നമ്മൾ ആലോചിക്കണം.

കേരളത്തിന്റെ ഭരണരംഗത്ത് ശോഭിക്കാൻ സാധിക്കുന്നയാളാണ് വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീൻ. ഒരു ചെറുപ്പക്കാരനെന്ന നിലയ്ക്ക് കേരളത്തിന്റെ വ്യവസായ രംഗത്ത് തന്റെ വ്യക്തിത്വം കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിക്കും. എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത് മലബാർ ഭാഗത്ത്, ബ്രിട്ടീഷുകാരുടെ കാലത്തടക്കം ഉണ്ടായിരുന്ന വ്യവസായ മേഖലകൾ പലതും

നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് തൊഴിലില്ലാത്ത അവസ്ഥയാണ്.

ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സി. കൃഷ്ണൻ സൂചിപ്പിച്ചതുപോലെ, കൈത്തറി മേഖല ഈ ഗവൺമെന്റ് വന്നശേഷം വളരെ സജീവമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം കൈത്തറി സൊസൈറ്റികളുണ്ട്. ആദ്യം അവിടെയല്ലാം പണിയില്ലായിരുന്നു, ഇന്ന് അവിടെ വളരെ സന്തോഷത്തോടുകൂടി തൊഴിലാളികൾ ജോലി ചെയ്യുന്നു.

അതുപോലെ ഖാദി മേഖല, സിന്തറ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ ഫലമായി ശരീരത്തിനുണ്ടാകുന്ന രോഗങ്ങളിൽ നിന്നും രക്ഷനേടാൻ ലോകം മുഴുവൻ നാച്വറൽ മേഖലയിലേയ്ക്ക് മാറുകയാണ്. അവിടെയാണ് കൈത്തറിയുടെയും അതിനേക്കാൾ പ്രാധാന്യമുള്ള ഖാദിയുടെയും പ്രസക്തി. ഖാദി വസ്ത്രങ്ങൾ ധരിക്കുന്നതിനും ഖാദിയുമായി ബന്ധപ്പെട്ട മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള അവബോധം സൃഷ്ടിക്കാൻ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട് സാധിക്കും. ഇതെല്ലാം ജനങ്ങൾ സ്വീകരിക്കുന്ന ഒരു ഘട്ടമാണ് ഇപ്പോഴുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ചെന്നാൽ മറ്റേതൊരു കച്ചവട സ്ഥാപനത്തേക്കാളും തിരക്കുള്ളതായി മാറിയിരിക്കുന്നു ഖാദി ആന്റ് വില്ലേജ്

ഇൻഡസ്ട്രീസിന്റെ സ്ഥാപനങ്ങൾ. അതിന് പ്രോത്സാഹനം നൽകാൻ നമുക്ക് സാധിക്കും.

ഇപ്പോൾ വിദ്യാർത്ഥികളിൽ അധികവും ഐ.ടി. മേഖലയിലുള്ളവരാണ്. ഇപ്പോഴത്തേത് കൂട്ട കുടുംബമല്ലല്ലോ, ഒരച്ഛനും, അമ്മയും അവരുടെ മക്കളും മാത്രം. ഇന്ന് ഐ.ടി. പാസ്സായാൽ, മക്കൾ അകലെ ജോലിചെയ്യുന്ന അവസ്ഥയാണുള്ളത്. കേരളത്തിനകത്ത് നിന്നും പുറത്തുനിന്നും ഐ.ടി. പഠിച്ച് പാസ്സായിരിക്കുന്ന ഇഷ്ടംപോലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കേരളത്തിലുണ്ട്. അവർക്ക് നമ്മുടെ നാട്ടിൽ ജോലി ലഭിക്കുന്നതിനുള്ള അവസരമുണ്ടാക്കണം. മലബാർ ഭാഗത്ത് ഐ.ടി. വ്യവസായമെന്ന രീതിയിൽ കെട്ടിടം പൂർത്തിയായത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും അതിനടുത്തുള്ള സർക്കാർ ഐ.ടി. പാർക്കും മാത്രമാണ്. അതിൽതന്നെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സ്ഥലത്ത് കുറച്ച് ഐ.ടി. കമ്പനികൾ വന്നു എന്നതിൽ കവിഞ്ഞ് മലബാർ ശൂന്യമാണ്. അതിന് പരിഹാരമുണ്ടാകണം. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന, ഇനിയും ഭാവിയുണ്ട് എന്ന് പ്രതീക്ഷിക്കുന്ന ഐ.ടി. വ്യവസായ മേഖലയ്ക്ക്, സംസ്ഥാന ഗവൺമെന്റ് പരമാവധി പ്രോത്സാഹനം നൽകണം. ഐ.ടി. മേഖലയിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്കെല്ലാം ജോലി ലഭിക്കുന്ന രീതിയിൽ എങ്ങനെ ഈ

മേഖലയെ വളർത്തിയെടുക്കാൻ സാധിക്കുമെന്ന കാര്യത്തെ സംബന്ധിച്ച് ഗൗരവമായ ആലോചന ആവശ്യമാണ്.

കാർഷിക മേഖലയിൽ നാളികേരത്തിന്റെ കാര്യം പരിശോധിച്ചാൽ, ഉല്പാദിപ്പിക്കാൻ കഴിയുന്നതിന്റെ പകുതി പോലും നാം ഇപ്പോൾ ഉല്പാദിപ്പിക്കുന്നില്ലെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി.ജെ. ജോസഫ് പറഞ്ഞതുപോലെ, നാളികേരത്തിന്റെ പല തരത്തിലുള്ള ഉല്പന്നങ്ങൾ വിദേശ മാർക്കറ്റുകൾ തേടുകയാണ്. ഞാൻ ഒരിക്കൽ എണ്ണയിൽ മണത്തിന് ചേർക്കുന്നതിനുവേണ്ടിയുള്ള ഒരു ഓയിൽ വാങ്ങുന്നതിനായി എറണാകുളത്ത് ഒരുസ്ഥലത്ത് പോയിരുന്നു. അവിടെ റോസിന്റെ നാച്വറൽ ഓയിൽ ഉണ്ടാക്കുന്നുണ്ട്. അവിടെ വലിയ തോതിൽ റോസിന്റെ നേഴ്സറിയുണ്ട്. അവിടെ ഉല്പാദന മേഖലയിൽ ജോലിയെടുക്കുന്നവർക്കായി പ്രത്യേകം വീടുകൾ പോലും ഉടമസ്ഥർ ഉണ്ടാക്കിയിരിക്കുന്നു. നാച്വറൽ ഓയിൽ ഉണ്ടാക്കി വിദേശത്തയയ്ക്കുന്നു. നമ്മുടെ നാട്ടിലും അങ്ങനെ ചെയ്യാം. ഞാൻ പറയുന്നത്, മലബാർ ഭാഗത്ത് കൂടുതൽ വ്യവസായ ശാലകൾ ഉണ്ടാക്കണമെന്നാണ്.

കളിമൺ വ്യവസായം തകർന്നിരിക്കുന്നു, അത് ഫറൂക്കിലായാലും വടകരയിലായാലും മലബാറിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിരുന്ന ആ വ്യവസായം

തകർന്നിരിക്കുന്നു. അവിടത്തെ തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ ചില സൗകര്യങ്ങളൊക്കെ ലഭിച്ചതുകൊണ്ട് പലഭാഗങ്ങളിലായി കഷ്ടപ്പെട്ട് വേറെ തൊഴിലെടുക്കുകയാണ്. ഇന്ന് മലബാർ മേഖലയിൽ കോഴിക്കോട് നഗരത്തിലും മറ്റ് ഭാഗങ്ങളിലും വളർന്നു വരുന്നത് വലിയ ആശുപത്രികളാണ്. പാവപ്പെട്ട ആളുകൾ, സർക്കാർ ജീവനക്കാരായിരുന്നാലും, റിട്ടയർ ചെയ്ത് കഴിഞ്ഞാൽ അവർക്കോ, ബന്ധത്തിലാർക്കെങ്കിലുമോ രോഗം വന്നാൽ അവർക്ക് ലഭിച്ച തുക മുഴുവനും തികയാതെ ബാക്കി കടം വാങ്ങി ചെലവഴിക്കേണ്ടി വരുന്ന രൂപത്തിലുള്ളവയാണ് ഈ സ്വകാര്യ ആശുപത്രികൾ. അതിനെ ഞാൻ ആക്ഷേപിക്കുകയല്ല, അവിടെയും ആളുകൾ വരുന്നുണ്ടാവും, മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി സർക്കാരിന് വരുമാനമുണ്ടാകുമോ ഇല്ലയോ എന്നൊന്നും എനിക്കറിയില്ല. ഇതല്ലാതെ മറ്റൊരു വ്യവസായം നമ്മുടെ നാട്ടിൽ വളരുന്നില്ല. മലബാർ ഭാഗത്ത് പ്രധാനപ്പെട്ട വ്യവസായങ്ങൾ എങ്ങനെ വളർത്തിയെടുക്കാൻ സാധിക്കും, ഐ.ടി. മേഖല എങ്ങനെ വ്യാപിപ്പിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെപ്പറ്റി ആലോചിക്കണം. കേരളത്തിന്റെ വ്യവസായവത്ക്കരണത്തിൽ തന്റേതായ വ്യക്തിത്വം പുലർത്താൻ ശ്രീ. എ. സി. മൊയ്തീന് സാധിക്കും എന്നുള്ള വിശ്വാസമുണ്ട്.

അതുപോലെ കേരളത്തിന് ആരംഭത്തിൽ വൈദ്യുതി നല്കിയ ഇടുക്കിയുടെ

ആളാണ് വൈദ്യുതി വകുപ്പുമന്ത്രി. ജലവൈദ്യുതിയല്ലെങ്കിലും, കാറ്റിനേയും മറ്റ് സ്രോതസ്സുകളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ നേതൃത്വം നൽകുന്നതിന് അദ്ദേഹത്തിന് കഴിയും, മന്ത്രിയായ ശേഷം തനിക്ക് ലഭിച്ച മേഖലയിൽ തന്റേതായ വ്യക്തിത്വം പുലർത്താൻ അദ്ദേഹത്തിന് സാധിക്കും എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പണ്ടേ മൊട്ടിട്ട പ്രണയങ്ങൾപോലും പൂക്കുന്ന നല്ല കാലമാണ് എൽ.ഡി.എഫ്-ന്റെ ഭരണകാലമെന്ന് പ്രതിപക്ഷ നിരയിലെ ശ്രീ. കെ. എസ്. ശബരീനാഥൻ തെളിയിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് മുൻകൂറായി എല്ലാ ആശംസകളും നേരുന്നു.

ഉറങ്ങുന്ന ആളെ ഉണർത്തുവാൻ ബുദ്ധിമുട്ടാണ്, എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്താൻ അതിലും ഏറെ ബുദ്ധിമുട്ടാണ്. പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ഇതാണ്. മറവിരോഗമായിരുന്നെങ്കിൽ നമുക്കത് പരിഹരിക്കാമായിരുന്നു, അതിന് പ്രതിവിധി പറഞ്ഞുകൊടുക്കാമായിരുന്നു. എന്നാൽ മറവിരോഗം അവർ അഭിനയിക്കുകയാണ്, പ്രിറ്റന്റഡ് അൽഷിമേഴ്സാണ് അവർക്കുള്ളത്. കേരളത്തിലെ ജനങ്ങൾക്കും ഈ രീതിയിലുള്ള മറവിരോഗം ബാധിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

ധരിച്ചിരിക്കുന്നതെന്ന് തോന്നുന്നു. ഇന്ന് ഇവിടെ അടിയന്തരപ്രമേയം അവതിരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ പിറവം മെമ്പർ ശ്രീ. അനൂപ് ജേക്കബ് പറഞ്ഞ കാര്യങ്ങൾ, അദ്ദേഹം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയായിരുന്ന കാലത്ത് നല്ലവണ്ണം പ്രവർത്തിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഇക്കാര്യങ്ങളൊന്നും പറയേണ്ടി വരുമായിരുന്നില്ല. സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേദിവസം മണ്ണെണ്ണ വിതരണം നിർത്താനുള്ള നിർദ്ദേശം അദ്ദേഹത്തിന്റെ വകുപ്പ് കൊടുത്തു. ഞങ്ങളാരും ഇത് മറക്കില്ല. കേരളത്തിലെ മത്സ്യത്തൊഴിലാളികളും, പാവപ്പെട്ടവരും ഇത് മറക്കില്ല. കേരളത്തിലെ ജനങ്ങൾക്ക് മറവിരോഗമുണ്ടെന്ന ധാരണ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തിരുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം, മൂന്നാർ വിഷയത്തിൽ യഥാർത്ഥ വിഷയത്തിൽ നിന്ന് എന്തുകൊണ്ടാണ് നിങ്ങൾ അകന്ന് പോകുന്നത്? 2012-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം മൂന്നാറിലേയ്ക്ക് പോയി. അതിനുശേഷം രണ്ടു വർഷത്തിനുള്ളിൽ പട്ടയ വിതരണം പൂർത്തിയാക്കുമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പ്രഖ്യാപിച്ചു. അപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, രണ്ട് വർഷം ആവശ്യമില്ല, ഒരു വർഷം കൊണ്ട് പട്ടയവിതരണം പൂർത്തിയാക്കും എന്ന്. അപ്പോൾ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി

പറഞ്ഞത്, അങ്ങനെയായെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു പൊൻമോതിരം നൽകും എന്നാണ്. എവിടെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളേ ആ പൊൻമോതിരം? എൽ.ഡി.എഫ്. സർക്കാരിന്റെ നയം വളരെ കൃത്യമാണ്. കയ്യേറ്റത്തേയും കുടിയേറ്റത്തേയും രണ്ടായി കാണും. വൻകിട കയ്യേറ്റങ്ങളെ ഒഴിപ്പിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് cloud 9 ഉൾപ്പെടെയുള്ള റിസോർട്ടുകളെ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികളെ എതിർത്തുകൊണ്ട് അവർക്ക് 10 ലക്ഷം രൂപ കൊടുക്കുവാനുള്ള കോടതി വിധി സമ്പാദിച്ചവരാണ് നിങ്ങൾ. അതുകൊണ്ട് ഈ രീതിയിൽ എൽ.ഡി.എഫ്. സർക്കാരിനെ വിമർശിക്കുമ്പോൾ പണ്ട് നിങ്ങൾ ചെയ്തത് എന്താണെന്ന് ആലോചിച്ചുവേണം വിമർശിക്കേണ്ടത്.

വ്യവസായ രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വലിയ ഉണർവാണ് ഉണ്ടായിരിക്കുന്നത്. യു.ഡി.എഫ്. ഭരിച്ച കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പൂട്ടിപ്പോയവയും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയവയുമായ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 17-ഓളം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരിക്കുകയാണ്. ടി.സി.സി., ടി.ടി.പി., ടെൽക്, അങ്കമാലി തുടങ്ങി നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്.

അതിൽ ഒരു ഉദാഹരണം മാത്രം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. എറണാകുളം ജില്ലയിലെ ഏലൂരിൽ പ്രവർത്തിക്കുന്ന TCC (Travancore Cochin Chemicals). 2015-16 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 7.50 കോടി രൂപയുടെ നഷ്ടമാണ് എറണാകുളം ജില്ലയിലെ ഏലൂരിൽ പ്രവർത്തിക്കുന്ന TCC (Travancore Cochin Chemicals)-ക്ക് ഉണ്ടായിരുന്നത്. ഇത് പ്രധാനപ്പെട്ട കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സാമ്പത്തിക വർഷം 5.50 കോടി രൂപയുടെ ലാഭമാണ് പ്രസ്തുത സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നത്. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന Castic Soda വലിയ ഡിമാന്റുള്ള വസ്തുവാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് വിശദമായൊരു പഠനം 'റിയാബ്' മുഖേന നടത്തുകയുണ്ടായി. അതിനുശേഷം ഫലപ്രദമായ ഇടപെടലുകളുണ്ടായി. കുത്തഴിഞ്ഞ ഭരണവും അഴിമതിയും അവസാനിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ ഇടപെടലും കൃത്യമായ മാനേജ്മെന്റും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായതിന്റെ ഫലമായാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. KSDP (Kerala State Drugs and Pharmaceutical Limited) എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഒരു

ഉദാഹരണം പറയാം. അവിടെ വലിയ രീതിയിലുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുകയാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപ്പാദനക്ഷമത 100 കോടി രൂപയായി മാറ്റുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുപോലും ഈ സ്ഥാപനത്തിലേയ്ക്ക് ഓർഡർ വരികയാണ്. ഈ സാഹചര്യത്തിലേയ്ക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുകയാണ്. ഈ രീതിയിലുള്ള ഇടപെടലിന് വായ്പയും വായ്പാകുടിശ്ശികയും മൂലധനമാക്കി മാറ്റുകയാണ് ചെയ്തത്. ആ രീതിയിൽ കൃത്യമായ ഇടപെടൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്നു എന്നുള്ളത് നാം കാണാതിരിക്കരുത്. ഈ രീതിയിലുള്ള രാഷ്ട്രീയപശ്ചാത്തലം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടക്കുമ്പോൾ രാജ്യത്ത് എന്താണ് സംഭവിക്കുന്നത് എന്നുകൂടി നാം ആലോചിക്കണം. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ, ഇന്ത്യയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യമേഖലയ്ക്ക് തീറെഴുതുവാനുള്ള വലിയ ശ്രമങ്ങളാണ് നടക്കുന്നത്. രാജ്യസുരക്ഷയേയും സാമ്പത്തിക ഭദ്രതയേയും ബാധിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പ്രതിരോധ മേഖലയ്ക്ക് ഉപകരണങ്ങളും വാഹനങ്ങളും നൽകുന്ന BEML (Bharath Earth Movers Limited) എന്ന സ്ഥാപനം റിലയൻസിന് മൂലധനത്തിന്റെ പത്തിലൊന്ന് തുകയ്ക്ക് മാത്രം വിൽക്കാൻ

തയ്യാറാവുകയാണ്. ആയിരം കോടി രൂപയ്ക്ക് റിലയൻസിന് BEML എന്ന സ്ഥാപനം ഉപകരണങ്ങളും വാഹനങ്ങളും വിൽക്കുകയാണ്. ഇങ്ങനെയുള്ള രാഷ്ട്രീയ സാഹചര്യത്തിലാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ റിവൈവ് ചെയ്യുവാനുള്ള പ്രതിജ്ഞാബദ്ധമായ ഇടപെടൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്നത്. എന്തുകൊണ്ടാണ് കേരളത്തിൽ ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളതാണ് നാം കാണേണ്ടത്. ബദൽ രാഷ്ട്രീയവും ബദൽ ഭരണവും സാധ്യമല്ല എന്ന് വരുത്തി തീർക്കേണ്ടത് വലതുപക്ഷ ശക്തികളുടെ ആവശ്യമാണ്. അതുകൊണ്ടാണ് റിയൽ ഇഷ്യൂസിൽ നിന്ന് മാറ്റി മറ്റു ചില വിഷയങ്ങളിലേയ്ക്ക് വാർത്തകളെ എത്തിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കൊപ്പം വൻകിട-ചെറുകിട സംരംഭകരെ ആകർഷിക്കാനുള്ള എല്ലാവിധ ശ്രമങ്ങളും നടക്കുന്നുണ്ട്. ' Ease of doing business' പട്ടികയിൽ കേരളം വളരെ താഴെയാണ്. അതിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാനുള്ള വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇ-ഗവേണൻസ് ഉറപ്പാക്കാൻ വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മാത്രമല്ല, വൻകിട ഇടത്തരം സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം 482 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 100 കോടിരൂപയിൽ നിന്നും ഏതാണ്ട് മൂന്നിരട്ടിയായി

പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഏതാണ്ട് 270 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന റോ മെറ്റീരിയലായ പരുത്തി ധാരാളമായി എത്തിച്ചു കൊടുക്കുകയാണ്. ആ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് വലിയ രീതിയിലുള്ള ഉണർവ്വുണ്ടായിരിക്കുകയാണ്.

വൈദ്യുതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ കുറേ മാസങ്ങളായി ആവേശകരമായ പ്രവർത്തനമാണ് എന്റെ മണ്ഡലത്തിലുൾപ്പെടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്നത്. പ്ലാസ്റ്റിക് മറയുള്ള, ഭിത്തിയില്ലാത്ത വീടുകളിൽപ്പോലും വൈദ്യുതി എത്തിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. ഇടമലക്കുടി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്ക് 27 കി.മി അണ്ടർഗ്രൗണ്ട് കേബിൾ ഉപയോഗിച്ചാണ് വൈദ്യുതി എത്തിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാട്ടിക്കൂട്ടിയ വികസന ശ്രമങ്ങളല്ല, പലയിടത്തും ഓടി നടന്ന് തറക്കല്ലുകൾ ഇടുന്നതുപോലെ ആയിരുന്നില്ല. ഈ സർക്കാർ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങി സാധാരണക്കാർക്കും പാവപ്പെട്ടവർക്കും

പ്രയോജനമുണ്ടാകുന്ന രീതിയിലുള്ള സാമൂഹ്യ ഇടപെടലുകളും വികസന പ്രവർത്തനങ്ങളുമാണ് നടത്തുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ സമ്പൂർണ്ണ വൈദ്യുതിവത്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഒരു പൊൻതൂവലായി സമ്പൂർണ്ണ വൈദ്യുതീകരണം മാറാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്ത് ജലക്ഷാമവും വരൾച്ചയും ഉണ്ടായിട്ടും പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഉണ്ടായിരുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങും അപ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങും ഉണ്ടായിരുന്നു. എപ്പോൾ കറണ്ട് പോകുമെന്ന് നമുക്ക് അറിയാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ വൈദ്യുതിവകുപ്പിൽ നിന്ന് കൺസ്യൂമേഴ്സിന്, ഉപഭോക്താക്കൾക്ക് ഇവിടെ പണി നടക്കുന്നതിനാൽ ഇന്ന സമയം മുതൽ ഇത്ര മണിക്കൂർ വരെ നിങ്ങളുടെ വീട്ടിൽ കറണ്ട് ഉണ്ടാകില്ലെന്നുള്ള സന്ദേശമാണ് മൊബൈലിലേയ്ക്ക് വരുന്നത്. ഊർജ്ജ ദൂത് പോലെ കൺസ്യൂമർ ഫ്രണ്ട്ലി ആയിട്ടുള്ള ധാരാളം പദ്ധതികൾ വൈദ്യുതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ടതും എടുത്തുപറയേണ്ടതുമായ ഒരു കാര്യമുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ മാസത്തിൽ കാലാവധി പൂർത്തിയാക്കാൻ പോകുന്ന മസ്ദൂർ

തസ്തികയിൽ ഏതാണ്ട് ആയിരം പേർക്ക് നിയമനം നൽകുകയുണ്ടായി. ആ ഉദ്യോഗാർത്ഥികൾ ഈ സർക്കാരിന് നന്ദി പറയുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടക്കമിട്ട പല ജലവൈദ്യുത പദ്ധതികളും ഈ സർക്കാർ വന്നതിനുശേഷം കമ്മീഷൻ ചെയ്യുകയുണ്ടായി. ഊർജ്ജ രംഗത്ത് ബദൽ മാർഗ്ഗങ്ങളും കൊണ്ടുവരികയുണ്ടായി. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ സോളാർ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഏതാണ്ട് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് സ്ഥാപിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. 30 മെഗാവാട്ടിന്റെ പദ്ധതി പൂർത്തിയായി. വിവിധ പദ്ധതികളിലായി 12 മെഗാവാട്ട് സോളാർ വൈദ്യുതി കൂടി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. വെള്ളത്തൂവൽ, പദംഗയം, പെരുംതേനരുവി എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി. വളരെ പ്രധാനപ്പെട്ട കാര്യമുണ്ട്. പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പ്രസരണ പദ്ധതിക്കായി കിഫ്ബിയിൽ ആദ്യം തന്നെ 5200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആ രീതിയിൽ വൈദ്യുതി രംഗത്ത് ഇതുവരെ കേരളം കാണാത്ത രീതിയിലുള്ള ഇടപെടലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കാനുള്ള

ഊർജ്ജിതമായ ശ്രമങ്ങളാണ് നടക്കുന്നത്. പലപ്പോഴും ചെറുകിട സംരംഭകരെ സംബന്ധിച്ചിടത്തോളം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി അനന്തമായി കാത്തുനിൽക്കേണ്ട ഒരു സാഹചര്യമുണ്ട്. ഇതിന് മാറ്റമുണ്ടാകണം. എന്റെ മണ്ഡലത്തിൽ ഇതുപോലെ ചെറിയ സംരംഭങ്ങൾ തുടങ്ങുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി, അവരുടെ നൂലാമാലകളിൽ കുരുങ്ങി, ഒടുവിൽ അവരുടെ ഈ ഉദ്യമം ഉപേക്ഷിച്ച് പോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അതിന് മാറ്റമുണ്ടാകണം. കാരണം വൻകിട-ചെറുകിട സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി സിംഗിൾ വിൻഡോ ക്ലിയറൻസ് സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കുവാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി സംബന്ധിച്ച കാര്യങ്ങൾ എളുപ്പത്തിലാക്കുവാനുള്ള ഒരു സംവിധാനം സംസ്ഥാനത്ത് ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എതെങ്കിലും ഒരു സ്ഥാപനത്തെ സംബന്ധിച്ച് ഒരു പരാതി ലഭിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റോപ്പ് മെമ്മോ കൊടുക്കും. സ്റ്റോപ്പ് മെമ്മോ കൊടുക്കേണ്ട വിഷയമാണെങ്കിൽ അന്വേഷിച്ചശേഷം അതിന് സ്റ്റോപ്പ് മെമ്മോ കൊടുക്കാം. പക്ഷേ ആരെങ്കിലും ഒരു പരാതി ഉന്നയിച്ചാൽ ഉടനെ സ്റ്റോപ്പ് മെമ്മോ

കൊടുത്ത് അതിനെ തടയുന്ന രീതി അവസാനിപ്പിക്കണം. ഇപ്പോൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവകേരളാ മിഷന്റെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ധാരാളം ജൈവകൃഷി കേരളത്തിൽ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ വിവിധ പച്ചക്കറി കൃഷി കൂടുതലായി നടത്തുന്നുണ്ട്. പക്ഷേ ഭക്ഷ്യസംസ്കരണ വ്യവസായ രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതായുണ്ട്. വരും വർഷങ്ങളിൽ ഈ രംഗത്ത് വലിയ രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുന്നതിനും കൂടുതൽ പേർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതിനും വലിയ പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, വിദേശത്ത് താമസിക്കുന്ന ഒരുപാട് ആളുകൾ എന്റെ മണ്ഡലത്തിലുണ്ട്. അവർ പലപ്പോഴും ഒരുമിച്ച് കറണ്ട് ചാർജ്ജ് അടച്ചശേഷം വിദേശത്ത് പോകുകയാണ് പതിവ്. അവർ തിരിച്ചു വന്നാൽ അവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നതായാണ് കാണുന്നത്. ഏതെങ്കിലും ഒരു മാസത്തെ തുക അടയ്ക്കാൻ സാധിക്കാതെ വന്നാൽ മീറ്റർ ഊരിക്കൊണ്ട് പോകുന്ന സ്ഥിതിയാണുള്ളത്. പിന്നീട് ഈ കണക്ഷൻ പുന:സ്ഥാപിക്കണമെങ്കിൽ ആദ്യം മുതൽ കറണ്ട് കണക്ഷന് അപ്ലൈ ചെയ്യുന്ന രീതിയിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. ഞാൻ

നേരത്തെ സൂചിപ്പിച്ചതുപോലെ, ഊർജ്ജ ദൂത് പോലെയുള്ള പദ്ധതികൾ വൈദ്യുതി ബോർഡും ജനങ്ങളും തമ്മിലുള്ള ബന്ധം, അതായത് കൂടുതൽ കൺസ്യൂമർ ഫ്രണ്ട്‌ലിയായി വൈദ്യുതി വകുപ്പിനെ മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള ധാരാളം ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഉദാഹരണമായി, ഒരാൾ ഏതെങ്കിലും കാരണത്താൽ രോഗമായി ആശുപത്രിയിൽ ആയിരിക്കാം അല്ലെങ്കിൽ വിദേശത്തായിരിക്കാം. ആ രീതിയിലുള്ളവർക്ക് കറണ്ട് ചാർജ്ജ് യഥാസമയം അടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമ്പോൾ മീറ്റർ ഊരിക്കൊണ്ട് പോകുകയും പിന്നീട് ആദ്യം മുതലുള്ള നടപടികളിലേയ്ക്ക് പോകുകയും ചെയ്യുന്ന അവസ്ഥ ദയവായി ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഞാൻ പൂർണ്ണമായും പിൻതുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീമതി വീണാ ജോർജ്ജിന്റെ പ്രസംഗം എനിക്കിഷ്ടപ്പെട്ടു. പക്ഷേ അത് കേൾക്കാൻ പിണറായി സഖാവ് ഇവിടെ ഇല്ലാതെപോയി. ഡോ. ടി. എം. തോമസ് ഐസക് 4 മിനിട്ട് പ്രസംഗം കേൾക്കാൻ വന്നതിന് നന്ദി പറയുന്നു. കേരളത്തിലെ വ്യവസായം സംബന്ധിച്ച് സംസാരിച്ചാൽ,

വ്യവസായങ്ങളുടെ ഒരു ശവപ്പറമ്പാണ് കേരളം എന്ന കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? യു.ഡി.എഫ്. ഉം എൽ.ഡി.എഫ്. ഉം മാറിമാറി 60 വർഷം കേരളം ഭരിച്ചില്ലേ? വളർത്തി നന്നാക്കിയ ഏതെങ്കിലും വ്യവസായത്തിന്റെ പേര് പറയാമോ? വ്യവസായ വകുപ്പ് ശ്രീ. എ. സി. മൊയ്തീനെ ഏൽപ്പിച്ചിട്ട് 4 മാസമേ ആയിട്ടുള്ളു. ഈ 4 മാസംകൊണ്ട് 10-14 വ്യവസായങ്ങൾ ലാഭത്തിലാക്കിയെന്ന് പറയുന്നു. അക്കാര്യം ശ്രീ. എ. സി. മൊയ്തീൻ പറയുമ്പോൾ ഞാൻ കേൾക്കാം. ശ്രീ. എ. സി. മൊയ്തീൻ ഭേദമാണെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ബാക്കി വ്യവസായങ്ങളെല്ലാം തകർന്നടിഞ്ഞില്ലേ; കേരളത്തിൽ എവിടെയാണ് വ്യവസായമുള്ളത്? വൈദ്യുതിയുടെ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്നലെ ബ്രഹ്മോസിനെക്കുറിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ സഭയിൽ ഉന്നയിച്ച ഒരു ആരോപണമാണത്. ബ്രഹ്മപുത്ര, മിസോറി നദികളുടെ പേരുകൾ ചേർത്താണ് ബ്രഹ്മോസ് എന്ന് പേരിട്ടിരിക്കുന്നത്. ഞാൻ അന്ന് പറഞ്ഞ ഒരു കാര്യം ഇപ്പോൾ ഓർമ്മിക്കണം. ഉടൻ നടപടിയുണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇന്നുവരെ ആ സ്ഥാപനത്തിൽ ആർക്കും തൊഴിൽ കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, ഒരു പ്രവർത്തനവും നടക്കാതെ സ്ഥാപനം പൂട്ടിക്കിടക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ വാക്കിന്റെ

അടിസ്ഥാനത്തിലാണ് സ്ഥാപനം കേന്ദ്രത്തിന് കൊടുത്തത്. 290 കിലോമീറ്റർ പോകുന്ന മിസൈൽ ഉണ്ടാക്കിയെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ ആ മിസൈലുമില്ല, നമ്മുടെ സ്ഥാപനം നഷ്ടപ്പെടുകയും ചെയ്തു. HMT എന്ന സ്ഥാപനത്തിനായി എറണാകുളത്ത് നല്ല വിലകിട്ടുന്ന എത്ര ഏക്കർ സ്ഥലമാണ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തത്? 13 വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുമെന്ന് കേന്ദ്രം പറഞ്ഞെങ്കിലും രണ്ടെണ്ണമാണ് തുടങ്ങിയത്. ആ സ്ഥലം തിരിച്ചെടുക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? വ്യവസായം നടത്തുന്നില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന് കൊടുത്ത സ്ഥലം തിരിച്ചെടുക്കണം. അതുപോലെ FACT-ലെ തൊഴിലാളികളെല്ലാം ഗതികേടിലാണ്. FACT-ക്ക് കൊടുത്ത സ്ഥലവും തിരിച്ചുവാങ്ങി മറ്റെന്തെങ്കിലും വ്യവസായം ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കാത്തത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്): സർ, FACT-നുവേണ്ടി കേന്ദ്ര സർക്കാരിന് കൊടുത്ത ഭൂമി തിരിച്ചുവാങ്ങാൻ കഴിയുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ശ്രീ. പി. സി. ജോർജ്: കൊടുത്ത ഭൂമി തിരിച്ചുവാങ്ങാൻ കഴിഞ്ഞില്ലെങ്കിൽ

കേരളത്തിലെ ജനങ്ങളോട് പറഞ്ഞാൽ ജനം കയ്യേറിക്കൊള്ളും. കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ മുട്ടുകുത്തി നിൽക്കേണ്ട; കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യം പറ്റിയല്ല നമ്മൾ ജീവിക്കുന്നത്. ഭരണ സംവിധാനമുള്ളതാണ്. വ്യവസായ സ്ഥാപനം തുടങ്ങാനായി കേരളം കൊടുത്ത സ്ഥലത്ത് വ്യവസായ സ്ഥാപനം ഉണ്ടാകാത്തിടത്തോളം കാലം ആ സ്ഥലം നമുക്കർഹതപ്പെട്ടതാണ്; തിരികെ തന്നേ തീരുവെന്ന് കേന്ദ്രത്തിനോട് പറയണം. ആരെയാണ് പേടിക്കുന്നത്? നമ്മൾ ആരുടെ മുന്നിലും മുട്ടുകുത്തി നിൽക്കേണ്ടവരല്ല. KMML ലാഭത്തിലാക്കിയിട്ടുണ്ടെന്നത് ഞാൻ അംഗീകരിക്കുന്നു; വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഒരു വർഷം മാന്യമായി പ്രവർത്തിച്ചാൽ 20,000 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ കഴിയുന്ന മഹത്തായ സ്ഥാപനമാണ് KMML. ആ സ്ഥാപനത്തിൽ ഇപ്പോൾ ലാഭത്തിന്റെ കണക്ക് എഴുതിവച്ചിട്ടുണ്ടെങ്കിലും കേരളത്തിന്റെ ബഡ്ജറ്റിന് ആവശ്യമായ തുക KMML കരിമണലിലൂടെ സമ്പാദിക്കാൻ നമുക്ക് കഴിയുമെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. എന്തുകൊണ്ട് നമ്മൾ ആ മേഖലയിലേയ്ക്ക് തിരിഞ്ഞുപോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ IRE യുടെ പ്രവർത്തനത്തിന്റെ 8 പോർഷനേ നമുക്ക് കിട്ടിയിട്ടുള്ളൂ. എന്തുകൊണ്ട് ആലപ്പുഴ വരെയുള്ള കരിമണൽ പൂർണ്ണമായി എക്സ്പ്ലോർ ചെയ്യാൻ നമുക്ക് കഴിയുന്നില്ല.

കരിമണൽ പ്രശ്നം പരിശോധിക്കണമെന്നാണ് ഞാൻ പറഞ്ഞുവന്നത്. ഒരു ചെറിയ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സഭയിൽ രാഷ്ട്രീയം പറയുകയാണെന്ന് തെറ്റിദ്ധരിക്കരുത്. രാഷ്ട്രീയത്തിൽ വാക്കിന് വില വേണം, വാക്ക് പാലിക്കുന്നവനായിരിക്കണം. ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിലുണ്ടായ നാണംകെട്ട നടപടികളിൽ ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ ഞാൻ ശിരസ്സ് കുനിക്കുന്നു. സി.പി.ഐ.(എം.)-ലെ ആറ് മെമ്പർമാർ മാണിഗ്രൂപ്പിന് വോട്ട് ചെയ്ത്, ശ്രീ. കെ. എം. മാണിയുടെ ആളിനെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാക്കിയത് എനിക്ക് അത്ഭുതമാണ്. സി.പി.ഐ.(എം.)ന് ശ്രീ. കെ. എം. മാണിയുമായി എന്താണ് ഇടപാട്. ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. പിണറായി വിജയനും അറിഞ്ഞാണോ വോട്ട് കൊടുത്തത്? ശ്രീ. പിണറായി വിജയൻ ഒളിച്ചിരിക്കുകയാണോയെന്ന് എനിക്കറിയില്ല. നിങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് വോട്ട് കൊടുക്കുന്നതിൽ എനിക്ക് വിരോധമില്ല. ശ്രീ. കെ. എം. മാണിയുടെ വീട്ടിലെ നോട്ടെണ്ണുന്ന യന്ത്രത്തിൽ എണ്ണിയ നോട്ടുകൾ എവിടെ കിട്ടിയെന്നുകൂടി അന്വേഷിക്കുന്നത് നല്ലതാണ്. ഏതായാലും മോശമായിപ്പോയെന്ന് മാത്രം സൂചിപ്പിക്കുന്നു. കോൺഗ്രസ്സുകാരനുവേണ്ടി ഓശാന പാടാൻ എനിക്ക് സമയമില്ല. എന്റെ മെമ്പർ വോട്ട് അസാധുവാക്കുകയാണ് ചെയ്തത്.

സി.പി.ഐ. വോട്ട് ചെയ്യാതെ മാറിനിന്നു. ഇടതുപക്ഷ തീരുമാനമാണെങ്കിൽ സി.പി.ഐ.യും കൂടണ്ടേ? സി.പി.ഐ. കൂടാത്തതിന് കാരണമെന്താണെന്ന് ആലോചിക്കണം. ആറ് സി.പി.എം. മെമ്പർമാർ ചെയ്തത് ശരിയാണെന്ന് പറയുമെങ്കിലും നിങ്ങൾ കാലുവാരികളുടെ കൂട്ടത്തിലാണെന്ന് എനിക്ക് പറയേണ്ടിവരുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു, നന്ദി, നമസ്കാരം.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന് 11 മാസം പിന്നിടുമ്പോൾ കേരളത്തിന്റെ സമസ്ത മേഖലകളിലും മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ജനതയും പറയുന്ന വിഷയങ്ങളിൽ ഒന്നാണ്. കേരളത്തിന്റെ വ്യവസായ, വിദ്യുച്ഛക്തി, കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലാണെങ്കിലും വലിയൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞ 11 മാസംകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളെ നേരിടുമ്പോൾ പ്രകടനപത്രികയിൽ പറഞ്ഞ നിരവധി നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും നടപ്പിലാക്കാൻ വേണ്ട കർമ്മപദ്ധതികൾ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള

വിധിയെഴുത്തായിരുന്നു കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ്. യഥാർത്ഥത്തിൽ കഴിഞ്ഞ 11 മാസം ശുദ്ധികലശമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. 2016 ജൂൺ മാസം ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നായിരുന്നു കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമെന്നത്. 174 കോടി രൂപ ഇതിനായി ചെലവഴിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് നടപ്പാക്കിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി കേരളത്തിൽ അതിന്റെ അവസാനഘട്ടത്തിലേയ്ക്ക് എത്തുകയാണ്. ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുമെന്ന് കരുതുകയാണ്. 144722 വൈദ്യുതി കണക്ഷനുകൾ നൽകി കേരളത്തിൽ 95.62 ശതമാനം വൈദ്യുതീകരണം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടം തന്നെയാണ്. വനം, തദ്ദേശസ്വയം ഭരണ വകുപ്പുകളും സർക്കാരിന്റെ ഇച്ഛാശക്തിയും കെ.എസ്.ഇ.ബി. തൊഴിലാളികളും കഠിനാദ്ധ്വാനവും സന്നദ്ധ സംഘടനകളുടെ സഹായവും ക്ലബ്ബുകളുടെ സഹകരണവും മനുഷ്യസ്നേഹികളുടെ ഇടപെടലുകളും ചേർന്നപ്പോൾ

കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാകുന്നതിലേയ്ക്ക് നീങ്ങുകയാണ്. ഒരു കാര്യംമാത്രം ശ്രദ്ധിച്ചാൽ മതിയാകും. കേരളത്തിലെ പത്താം ക്ലാസ്, പ്ലസ് ടു, മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് തയ്യാറെടുത്തപ്പോൾ അവർക്ക് വെളിച്ചം പകർന്നുനൽകാൻ കഴിഞ്ഞുവെന്നുള്ളതാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ നേട്ടമായി എൽ.ഡി.എഫ് കാണുന്നത്.

കേരളത്തിലെ എത്രയോ പാവപ്പെട്ട മനുഷ്യർ മണ്ണെണ്ണ വിളക്കിന്റെ ചുവട്ടിൽ, മെഴുകുതിരിയുടെ വെളിച്ചം ലഭ്യമാക്കി പഠിക്കുകയും, ജീവിതത്തിലെ ദൈനംദിന കാര്യങ്ങൾക്ക് ഭവനത്തിലേയ്ക്ക് ചെല്ലുമ്പോൾ അവിടെ വെളിച്ചമില്ലാത്ത ഒരു സാഹചര്യമുണ്ടായപ്പോൾ... നമ്മുടെ രാജ്യത്ത് ഇതര ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി ലൈൻ വലിച്ച് എത്തിക്കാൻപോലും കഴിയാത്ത ഒരു സ്ഥിതിവിശേഷം രാജ്യത്തിന്റെ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലുണ്ട്. എന്നാൽ കേരളം അതുല്യമായ നേട്ടത്തിലേയ്ക്കാണ് എത്തിച്ചേരുന്നത്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും അന്തർദേശീയ നിലവാരത്തിലേയ്ക്ക് മാറിയെങ്കിൽ വൈദ്യുതി മേഖലയിലും കേരളം വലിയൊരു നേട്ടമുണ്ടാക്കി. ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ. ബൈബിളിൽ മത്തായിയുടെ സുവിശേഷം 5-15ൽ

പറയുന്നുണ്ട്, 'ആരും വിളക്ക് കത്തിച്ച് പറയുടെ കീഴിൽ വയ്ക്കില്ല, വിളക്ക് തണ്ടിന്മേലാണ് വയ്ക്കുക അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം പ്രദാനം ചെയ്യും'. യഥാർത്ഥത്തിൽ എൽ.ഡി.എഫ്.-ന് ഒരു സൗകര്യം ലഭ്യമായാൽ, എൽ.ഡി.എഫ്.-ന് ഭരണം ലഭിച്ചാൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ ശേഷിയും ഇച്ഛാശക്തിയുമുള്ള ഗവൺമെന്റാണ് കേരളത്തിലെ ഇടതു ഗവൺമെന്റ്. അഴിമതിരഹിതമായ ഭരണം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളതുകൊണ്ടു തന്നെയാണ് കേരളത്തിലെ പൊതുജനങ്ങളുടെ വലിയ പിന്തുണ ലഭ്യമാകുന്നത്. 2002-ൽ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പതിന്മടങ്ങ് വർദ്ധിപ്പിച്ചപ്പോൾ കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരംവരെയുള്ള ജില്ലകളിലെ വൈദ്യുതി ഭവനുകൾക്കുമുന്നിൽ മാസ്മരികങ്ങളായ വലിയ പോരാട്ടങ്ങൾ നടന്നു. വൈദ്യുതിയുടെ ചാർജ് വർദ്ധിപ്പിക്കരുത്, വർദ്ധിപ്പിച്ച തുക വലുതാണ് എന്നുള്ളതുകൊണ്ടുതന്നെ കേരള സംസ്ഥാനത്ത് വലിയ പ്രക്ഷോഭണം ഉയർന്നുവന്നു. ശ്രീ. എ. കെ. ആന്റണിക്കും യു.ഡി.എഫ്. ഗവൺമെന്റിനും ഒടുവിൽ മുട്ടുമടക്കേണ്ടതായി വന്നു. കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് ചൈതന്യമായിരുന്ന വെളിയം ഭാർഗവന്റെ "വെടിവച്ചാലും ശരി

സമരത്തിൽനിന്ന് പിന്നോട്ടില്ല" എന്നുള്ള പ്രഖ്യാപനം കേരളത്തിലെ കോടി കണക്കിന് മനുഷ്യർ വളരെ ശ്രദ്ധാപൂർവ്വമാണ് ശ്രദ്ധിച്ചത്. തീർച്ചയായും കേരളത്തിൽ അന്ന് നടത്തിയ സമരങ്ങളെ കോൺഗ്രസ്സിന്റെയോ യു.ഡി.എഫ്.-ന്റെയോ കക്ഷി നേതാക്കളും പ്രിയപ്പെട്ടവരും ഒന്ന് ഓർത്തെടുക്കണം. ജനവിരുദ്ധ നയങ്ങൾ എപ്പോൾ സ്വീകരിക്കുന്നുവോ ആ നയങ്ങൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടമെന്നും ഇടതുപക്ഷം സ്വീകരിച്ചിട്ടുണ്ട്. അത്തരം പോരാട്ടങ്ങൾ നടത്തുമ്പോൾ, പോരാട്ടത്തെ പോലീസിന്റെ ശക്തി ഉപയോഗപ്പെടുത്തി തളർത്തുവാൻ ശ്രമിച്ചപ്പോൾ അതിനെയെല്ലാം തടുക്കുകയും നേരിടുകയും ചെയ്ത ചരിത്രമാണ് യഥാർത്ഥത്തിൽ ഈ രംഗവുമായി ബന്ധപ്പെട്ടുള്ളത്. ഇവിടെ വൈദ്യുതി മേഖലയിലുണ്ടാക്കിയ നേട്ടങ്ങൾ പോലെതന്നെ വ്യാവസായിക മേഖലയിലും കേരളം ഒരു വലിയ കുതിച്ചുചാട്ടത്തിലേയ്ക്ക് കടക്കുകയാണ്. കേവലം പതിനൊന്നു മാസമെന്നുപറയുന്നത് ഒരു ഗവൺമെന്റിന്റെ പ്രാരംഭ ദശയാണ്. കേരളത്തിലെ വ്യാവസായിക മേഖലയെക്കുറിച്ച് പറയുമ്പോൾ കേന്ദ്രവുമായി യഥാർത്ഥത്തിൽ താരതമ്യം ചെയ്യേണ്ടതുണ്ട്. കേന്ദ്രത്തിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ എൻ.ഡി.എ. ഗവൺമെന്റാണെങ്കിലും 2004 മുതൽ 2014 വരെ രാജ്യത്ത് അധികാരത്തിലിരുന്ന

യു.പി.എ. സർക്കാരാണെങ്കിലും അതിനുമുമ്പ് വാജ്പേയി നേതൃത്വം നൽകിയ ഗവൺമെന്റാണെങ്കിലും രാജ്യത്തെ സ്വകാര്യ മൂലധന ശക്തികൾക്കൊപ്പവും കോർപ്പറേറ്റുകൾക്കൊപ്പവും നിൽക്കുന്ന കാഴ്ചയാണ് കണ്ടത്. നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും വിറ്റുതുലയ്ക്കാൻ തീരുമാനിച്ചു. എന്തിനേറെ പറയണം, നമ്മുടെ രാജ്യത്തെ നവരത്നങ്ങൾ എന്നുപറയാവുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ തീരുമാനിച്ചു. എറണാകുളം ജില്ലയിലെ മോഡേൺ ബ്രഡ് കമ്പനി, മോഡേൺ ബ്രഡ് എന്നുപറഞ്ഞാൽ യഥാർത്ഥത്തിൽ മലയാളികളുടെ നാവിൻ തുമ്പിലെ സ്വാദ് മറക്കാൻ കഴിയുകയില്ല. മോഡേൺ ബ്രഡ് കമ്പനി ഹിന്ദുസ്ഥാൻ ലീവറിന് നൽകി. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുവാൻ വാജ്പേയിയുടെ ഗവൺമെന്റ് ശ്രീ. അരുൺ ഷൂരി എന്നുപറയുന്ന മന്ത്രിയെ വിൽപ്പനയ്ക്കുവേണ്ടി മാത്രം നിയമിച്ചത് നമുക്ക് ഓർത്തെടുക്കാൻ കഴിയും. അങ്ങനെ രാജ്യത്തെ നിരവധിയായ പൊതുമേഖലാ സ്ഥാപനങ്ങൾ. സംസ്ഥാനത്തായിക്കൊള്ളട്ടെ, FACT, റിഫൈനറി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുവാൻവേണ്ടി ശ്രമിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ അംഗം എസ്. ശർമ്മ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. നിരവധി

വിഷയങ്ങളുണ്ട്. ഞാനതിന്റെ നാനാവശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക രംഗത്ത് വലിയൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ഈ ഗവൺമെന്റ് വന്നതിനുശേഷം ലാഭത്തിലാക്കി. ശ്രീനാരായണ ഗുരു 1910-ൽ പറഞ്ഞത് വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃദ്ധി ഉണ്ടാക്കാൻ ഒരു പ്രദേശത്തിന്, സംസ്ഥാനത്തിന് കഴിയില്ലെന്നാണ്. വ്യവസായം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. അതുകൊണ്ട് വ്യവസായികൾക്ക് സൗകര്യങ്ങളൊരുക്കുന്നതിനും കേരളത്തിലെ സംസ്ഥാന ഗവൺമെന്റിന്റെ പക്കലുള്ള വ്യവസായ സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുവാനും രക്ഷപ്പെടുത്താനുമുള്ള വലിയ പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കൈത്തറി വ്യവസായംതന്നെ നോക്കാം. കേരളത്തിലെ കൈത്തറി മേഖലയിൽ ഒരു ഘട്ടത്തിൽ 3,50,000-ൽപ്പരം ആളുകൾ ജോലി ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ കണക്ക് പരിശോധിച്ചാൽ 1,26,000-ൽ താഴെ ആളുകൾ മാത്രമാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് എട്ടാം ക്ലാസ്സുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൈത്തറി വസ്ത്രം നിർബന്ധമാക്കിയതിനെത്തുടർന്ന് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം മീറ്റർ

കൈത്തറി തുണി ആവശ്യമായി വന്നപ്പോൾ കൈത്തറി മേഖലയിൽ പണിചെയ്തിരുന്ന പതിനായിരത്തിലധികം ആളുകൾ ജോലിയില്ലാതെ, കുടുംബം നോക്കാൻ മാർഗ്ഗമില്ലാതെ, വരുമാനമില്ലാതെ പട്ടിണിയിലേയ്ക്ക് പോകുകയും ഈ ജോലി തന്നെ ഉപേക്ഷിക്കുന്ന നിലയുണ്ടായി. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലിലൂടെ 11,000-ൽപ്പരം വരുന്ന തൊഴിലാളികൾക്ക് കൈത്തറി മേഖലയിൽ തൊഴിൽ നൽകാൻ കഴിഞ്ഞുവെന്നത് നല്ല ഒരു നാളെയെ നെയ്തെടുക്കാൻ കഴിഞ്ഞതിന്റെ ഏറ്റവും വലിയ സൂചനയായി നമുക്ക് കാണാൻ കഴിയും. നിരവധി വിഷയങ്ങളുണ്ട്. നഷ്ടത്തിലായ നിരവധി സ്ഥാപനങ്ങളെ കരകയറ്റുവാൻവേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചു. അതിൽ ചിലതാണ് ഇവിടെ അൽപ്പംമുമ്പ് ശ്രീമതി വീണാ ജോർജ് സൂചിപ്പിച്ച KMML, KSIDC, TTPL, TCCL, MCL, കെൽട്രോൺ, SIFL, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ടെൽക്, FITL, ഇലക്ട്രോ സെറാമിക് ലിമിറ്റഡ്, സിൽക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് വലിയ കാര്യമാണ്. KMML മാത്രം 40 കോടി രൂപയിൽ കവിഞ്ഞത് ശ്രദ്ധേയമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് KMML യഥാർത്ഥത്തിൽ വലിയ നഷ്ടത്തിലേയ്ക്ക് എത്തിയിരുന്നു. യു.ഡി.എഫ്. നഷ്ടത്തിലേയ്ക്ക് എത്തിക്കുന്ന സ്ഥാപനങ്ങളെ

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് വരുമ്പോൾ തിരിച്ചുകൊണ്ടുവരുന്നതിനും പുതുജീവൻ നൽകുന്നതിനും കഴിയുന്നുവെന്നുള്ളത് തീർച്ചയായും ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ചുവടുവയ്പ്പുകളിലൊന്നാണ്. നൂതനമായ വ്യവസായ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ടെക്നോളജി ഇന്നവേഷൻ, സ്റ്റാർട്ടപ്പ് കാമ്പയിൻ, പാർട്ട്ണർ നെറ്റ്‌വർക്ക്, ഇന്നവേഷൻ ഫണ്ട്, ഫാബ്-ലാബ് പ്രോഗ്രാം എന്നിങ്ങനെ നൂതനങ്ങളായിട്ടുള്ള സ്കീമുകൾ, വികസന പരിപാടിക്ക് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ഈ ഗവൺമെന്റിന് നടത്താൻ കഴിഞ്ഞു. ഞാൻ ദീർഘമായി പറയുന്നില്ല. കേരളത്തിലെ ഗവൺമെന്റ്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് 8 പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. സ്പിന്നിംഗ് മില്ലുകളെ പ്രോത്സാഹിപ്പിക്കാനും അവയ്ക്ക് ഫണ്ട് മാറ്റിവയ്ക്കാനും യഥാർത്ഥത്തിലുള്ള വ്യാവസായിക വികസനം കൊണ്ടുവരാൻ ഈ ഗവൺമെന്റ് കടുത്ത പരിശ്രമം നടത്തുന്ന വേളയിലാണ് ഈ ചർച്ച ഇവിടെ നടക്കുന്നത്. ഒരു വിഷയത്തിൽമാത്രം വ്യത്യസ്ത അഭിപ്രായമുള്ളത്, കഴിഞ്ഞ ഏപ്രിൽ മാസം 5-ാം തീയതി നമ്മുടെ സംസ്ഥാനത്തെ വ്യാവസായികരംഗത്ത് നടപടികൾ വേഗതയിലാക്കുവാൻ 11

നിയമങ്ങൾ ഭേദഗതി ചെയ്യുമെന്നുള്ള തീരുമാനമെടുത്തുവെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും ആ പറഞ്ഞിട്ടുള്ളവയിൽ വിയോജിപ്പുള്ള ഒരു വിഷയം, നമ്മുടെ നാട്ടിലെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ തുടങ്ങിയ പ്രാദേശിക ഗവൺമെന്റുകൾക്ക് നാട്ടിൽ ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന ഒരു സ്ഥാപനമുണ്ടെങ്കിൽ ആ സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ കൊടുക്കുന്നതിന് അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾ ഹാനികരമാണെങ്കിൽ അവയെ നിയന്ത്രിക്കാനുള്ള അവകാശം നിലനിർത്തുവാനുള്ള നടപടികൂടി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായം (XXXVII), വൈദ്യുതി (XXXIX) എന്നീ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് വേണ്ടിയുള്ള വ്യവസായ വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും ധനാഭ്യർത്ഥനകളെ വളരെ ശക്തമായ രീതിയിൽത്തന്നെ ഞാൻ എതിർക്കുകയാണ്. വളരെ വലിയ കാര്യങ്ങളും ജനവിരുദ്ധ നിലപാടുകളുമുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കാനുള്ള ഒരു സാഹചര്യമുണ്ടായത്. കഴിഞ്ഞ ഒരു വർഷമായി വ്യവസായ വകുപ്പിൽ എന്തു നടക്കുന്നുവെന്ന് കേരളത്തിലെ ജനങ്ങൾക്കറിയില്ല. തന്നെ വ്യവസായ വകുപ്പിന്റെ

ച്ചുമതലയിൽനിന്ന് മാറ്റാനും രാജിവയ്പിക്കാനും ചില മാഫിയകളും നിഷിപ്ത താൽപ്പര്യക്കാരും ശ്രമിച്ചുവെന്നാണ് മുൻ വ്യവസായ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ രാജി പ്രഖ്യാപനത്തോടുകൂടി പറഞ്ഞത്. ഈ മാഫിയയെക്കുറിച്ച് അന്വേഷിക്കാൻ ഇന്നത്തെ ഗവൺമെന്റ് അല്ലെങ്കിൽ ഇപ്പോഴത്തെ വ്യവസായ മന്ത്രിയോ വകുപ്പോ തയ്യാറാകണം, കാരണം ഇത് പറഞ്ഞത് സീനിയർ നേതാവാണ്. അദ്ദേഹം അതിനകത്ത് ക്രൂശിക്കപ്പെട്ട ഒരാളാണ്. സ്വാഭാവികമായും അതിനെക്കുറിച്ച് ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; ഇങ്ങനെയുള്ള മാഫിയകളുള്ള ഈ വകുപ്പിനെ ഇനിയും ശുദ്ധീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ള ഒരു പ്രധാന ആരോപണം ഇവിടെ നിലനിൽക്കുകയാണ്. അതുപോലെതന്നെ, വൈദ്യുതി വകുപ്പ്, നമുക്കറിയാം മന്ത്രിയുടെ കാര്യം പറയണ്ട, കേരളമെമ്പാടും പാട്ടാണ്. മന്ത്രി ചെയ്ത പ്രവൃത്തികളും മന്ത്രിയുടെ വാക്കുകളുമൊക്കെ വീണ്ടും പറയുമ്പോൾ അരാജകത്വം സൃഷ്ടിക്കുന്നതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ എല്ലാം ശരിയാക്കിത്തരുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ ഗവൺമെന്റ്, ശരിയാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ജനങ്ങളെ അധിക ഭാരം അടിച്ചേൽപ്പിക്കുന്നതിനു തുല്യമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത്. പിന്നെ എങ്ങനെ നമുക്കിതിനെ അനുകൂലിക്കാൻ സാധിക്കും? രാഷ്ട്രീയമായി പല

കാഴ്ചപ്പാടുകളും നമ്മുടെ നാട്ടിൽ മാറിക്കൊണ്ടിരിക്കുകയാണ്. സി.പി.എം.-ന്റെ നിലപാടിൽനിന്ന് വ്യതിയാനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ധനകാര്യ മന്ത്രിയായ മാണി സാറിനെ ഇവിടെ എന്തൊക്കെയാണ് വിളിച്ചത്. നോട്ട് എണ്ണുന്ന മെഷീനുണ്ട്. അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇവിടെയുണ്ടായ കോലാഹലങ്ങളൊക്കെ പൊതുസമൂഹവും ലോകജനതയും കണ്ടതാണ്. ശ്രീ. കെ. എം. മാണിസാറിന്റെ പാർട്ടിയെ യാതൊരു രാഷ്ട്രീയ മര്യാദയുമില്ലാതെ, ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിൽ നടന്ന സംഭവം നമ്മളെല്ലാപേരും അറിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട പി. സി. ജോർജ് സൂചിപ്പിച്ചു. ഇന്ന് കോട്ടയം ജില്ലാ പഞ്ചായത്തിൽ നടന്നത് കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ വഞ്ചനയും കുതിരക്കച്ചവടവുമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ മകനും മാത്രമാണ് ഇതിനെ സപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഭൂരിപക്ഷം എം.എൽ.എ.-മാരും അവിടെയുള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാക്കന്മാരും ഇതിനെ എതിർത്തിട്ടുപോലും സി.പി.ഐ.(എം) ഈ രാഷ്ട്രീയ വഞ്ചനയ്ക്ക് കുടപിടിച്ചുകൊടുക്കുകയാണ് ചെയ്തത്. സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ

നിലപാട് എന്നും ഇങ്ങനെയൊക്കെത്തന്നെയാണ്. പക്ഷെ സി.പി.ഐ അവിടെ ആണത്തം കാണിച്ചു. അവർ രാഷ്ട്രീയ മര്യാദ കാണിച്ചു. സി.പി.ഐ. ഒരുകാരണവശാലും അതിന് കൂട്ടുനിന്നില്ല. .........

ശ്രീ. എം. സ്വരാജ് : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. സ്വരാജ്: സർ, അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ അദ്ദേഹം പറഞ്ഞത് ആണത്തം കാണിച്ചു എന്നാണ്. അതൊരു gender discrimination ഉള്ള വാക്കാണ്. ഇക്കാലത്ത് ആണത്തം, പെണ്ണത്തം, ഇതിൽ രണ്ടിലും പെടാത്ത മൂന്നാംലിംഗം ഇതെല്ലാം തുല്യമായി പരിഗണിക്കുന്ന ഒരു കാഴ്ചപ്പാടാണ് നമ്മുടെ സമൂഹത്തിലുള്ളത്. അതുകൊണ്ടുതന്നെ മെയിൽഷോവനിസത്തെ പ്രകടിപ്പിക്കുന്ന ആണത്തം പ്രകടിപ്പിക്കുക യെന്നുള്ള വാക്ക് രേഖയിലുണ്ടാകാൻ പാടില്ല. 307 പ്രകാരം ആണത്തം പ്രകടിപ്പിച്ചു എന്ന വാക്ക് രേഖയിൽനിന്നും നീക്കണം ചെയ്യണം.

മി. ചെയർമാൻ : രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കാം.+

ശ്രീ. അൻവർ സാദത്ത് : സർ, ശ്രീ. എം. സ്വരാജ് അത് പറയും. കാരണം സി.പി.ഐ.-യെ ഏറ്റവും കൂടുതൽ ഈ രീതിയിൽ ആക്ഷേപിച്ചതിൽ ഒരാൾ

അദ്ദേഹമാണ്. അതുകൊണ്ട് ശ്രീ. എം. സ്വരാജിന് സ്വാഭാവികമായും കൊള്ളും.

+ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫനം.1994/ഇ.ബി./2017 തീയതി 04-05-2017)സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ഞങ്ങൾ നല്ലതുകണ്ടാൽ നല്ലതെന്നുപറയും. യാതൊരു സംശയവുമില്ല. അതാണ് കോൺഗ്രസ്സിന്റെ നയം. അതാണ് ഞങ്ങളുടെ നേതാക്കൾ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് സി.പി.ഐ. ചെയ്തത് നല്ലകാര്യം തന്നെയാണ്. അവർ രാഷ്ട്രീയ മര്യാദ കാണിച്ചു. അല്ലാതെ നിങ്ങളെപ്പോലെ കഴിഞ്ഞ ദിവസംവരെ നോട്ടിംഗ് യന്ത്രം, കാശ് അടിച്ചു, മലപ്പുറംകത്തി എന്നൊക്കെ പറഞ്ഞിട്ട് .......... (ബഹളം)..... നിങ്ങൾ പറഞ്ഞ ആരോപണമാണ് പറഞ്ഞത്. ........(ബഹളം)..... ഞാൻ ഇരിക്കാം. ഉണ്ടോ ഇല്ലയോ എന്നുപറയൂ.

ശ്രീ. ആർ. രാജേഷ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞങ്ങൾ ഉന്നയിച്ച ആക്ഷേപമാണ്. അന്നത്തെ യു.ഡി.എഫ്. മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രി നോട്ട് എണ്ണുന്ന യന്ത്രം ഉപയോഗിച്ചു. അതിൽ യു.ഡി.എഫ് ഉറച്ചുനിൽക്കുന്നുണ്ടോ? അതാണ് ചോദ്യം.

ശ്രീ. അൻവർ സാദത്ത്: സർ, ഞങ്ങളുടെ നിലപാട് ഞങ്ങൾ അന്നുപറഞ്ഞതാണ്. ഇവിടെ പോലീസിലെ ഹാങ്ഓവർ മാറിയിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പോലീസുകാർക്ക് അരമണിക്കൂർ വ്യായാമം

നടത്താൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. രാവിലെയാണല്ലോ സാധാരണ വ്യായമം നടത്തുന്നത്. രാവിലെതന്നെ ഒരു ഗ്ലാസ് മോരുകൊടുത്താൽ ആ ഹാങ്ഓവർ മാറാനുള്ള സാധ്യതയുണ്ടെന്നാണ് എന്റെ അഭിപ്രായം. കാരണം, ചില കാര്യങ്ങൾ ചെയ്യുമ്പോൾ ഒരു ഗ്ലാസ്സ് മോരുകൊടുത്താൽ ഹാങ്ഓവർ മാറുമെന്ന് നമ്മുടെ നാട്ടിൽ പറയാറുണ്ട്. അതുപോലെ മുഖ്യമന്ത്രി പറഞ്ഞ ഈ ഹാങ്ഓവർ മാറ്റുവാൻ എല്ലാ പോലീസുകാർക്കും ഒരു ഗ്ലാസ് മോരുകൊടുത്ത് ഒരു പരീക്ഷണം നടത്തിനോക്കാം. അതുപോലതന്നെ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന പലർക്കും കൊടുക്കാനുണ്ട്. നിങ്ങൾ അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയാറായി. എന്നിട്ടും ഹാങ്ഓവറാണ് എന്നൊക്കെ പറയാൻ നാണമില്ലേ? എല്ലാം ശരിയാക്കിത്തരുമെന്ന് പറഞ്ഞ് അധികാരത്തിലേറിയിട്ട് ഈ നാണക്കേട് വീണ്ടും പറയാൻ സാധിക്കുമോ? എല്ലാം ശരിയാക്കിത്തരുമെന്നുള്ള ക്യാപ്ഷൻ കൊടുത്ത ആളിനെ ജനങ്ങൾ അന്വേഷിച്ചുനടക്കുകയാണ്. നിങ്ങൾ ആ ആളിനെയൊന്ന് ജനങ്ങളുടെ മുന്നിലിട്ടുകൊടുത്തുകഴിഞ്ഞാൽ ഈ ഗവൺമെന്റിന്റെ അവസ്ഥയെന്താണെന്ന് ആ ആളിനെ കൈകാര്യം ചെയ്യുമ്പോൾ മനസ്സിലാകും. ആ രീതിയിലാണ് ഗവൺമെന്റിന്റെ മുന്നോട്ടുപോക്ക്

എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കട്ടപ്പ ബാഹുബലിയെ കൊന്നത് എന്തിനാണെന്ന് ലോകത്തിലെ മുഴുവൻ പേർക്കും മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇവിടത്തെ ഡി.ജി.പി. ആരാണെന്ന് പറയാൻ സാധിക്കുന്നില്ല. അതാണവസ്ഥ. ആ ഒരു സാഹചര്യത്തിലേയ്ക്ക് ഇന്ന് കേരളം മാറിയിരിക്കുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിലെ വ്യവസായ വകുപ്പ് ഒന്നും ചെയ്തില്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞു. ഞാൻ ഇവിടെ ചില കണക്കുകൾ പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുംകൂടി 2014-2015 സാമ്പത്തികവർഷം വരുത്തിവച്ച സഞ്ചിതനഷ്ടം 2,671.4 കോടി രൂപ ആയിരുന്നു. യു.ഡി.എഫ്.-ന്റെ അവസാന വർഷമായ 2015-2016-ൽ 1,975.3 കോടി രൂപയായി കുറഞ്ഞു. അതായത് 26 ശതമാനം നഷ്ടമാണ് മുൻവർഷത്തെ അപേക്ഷിച്ച് കുറയ്ക്കാൻ കഴിഞ്ഞത്. അതോടൊപ്പംതന്നെ 2015-16- ൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ചേർന്ന് നികുതിയിനത്തിൽ 1,075 കോടി രൂപയോളം നൽകുകയുണ്ടായി. മുൻവർഷത്തെക്കാൾ 17.15 ശതമാനം വർദ്ധനവാണ് ഈ കാര്യത്തിലുണ്ടായത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ നേട്ടങ്ങളാണ് ഞാൻ പറഞ്ഞത്. അതുപോലതന്നെ വ്യവസായ

സ്ഥാപനങ്ങളെ തകർക്കുവാൻ ശക്തരായിട്ടുള്ള ചില കപട പരിസ്ഥിതി വാദികൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. അവരിൽ പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യണമെന്ന് വാദിക്കുന്നവരുമുണ്ട്. പക്ഷെ കപട പരിസ്ഥിതിവാദികളെ തിരിച്ചറിയുവാൻ കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ ശ്രദ്ധിക്കണം. ഈ സർക്കാരും അത് ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ കരിമണലിന്റെ കാര്യത്തിൽ വലിയ വിവാദങ്ങളും പ്രശ്നങ്ങളുമൊക്കെ ഉണ്ടാകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ കരിമണൽ ഖനനം നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ പ്രൈവറ്റ് മേഖലകൾക്കും അല്ലെങ്കിൽ ഗവൺമെന്റും പ്രൈവറ്റ് മേഖലകളും ചേർന്ന് കരിമണൽ ഖനനം ചെയ്യാനുള്ള സാഹചര്യമൊരുക്കണം. കാരണം, കരിമണൽ സ്വാഭാവികമായും തിരവന്ന് വീണ്ടുമൊലിച്ച് മറ്റുപ്രദേശങ്ങളിൽ പോകുമെന്ന് നമുക്കറിയാം. അത് നമുക്ക് ഉപയോഗപ്പെടുത്തണം. ഇന്ന് പലപ്പോഴും ഇൽമനൈറ്റ് ഇല്ലാത്തതിന്റെ ദൂഷ്യം പല വ്യവസായ സ്ഥാപനങ്ങൾക്കുമുണ്ട്. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അത് ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണമെന്നും ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. അതുപോലതന്നെ വ്യവസായ മേഖലയെ കൂടുതൽ

ശക്തിപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. അതിനുവേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൊണ്ടുവരികയും അത് ഇംപ്ലിമെന്റ് ചെയ്യാനുമുള്ള സാഹചര്യം ഈ സർക്കാർ ഉണ്ടാക്കണം. വ്യവസായ മേഖലയെ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടുപോകരുത്. പുതിയ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്തുകൊണ്ട് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള സമീപനരീതി വ്യവസായ ലോകത്തെ തകർക്കുന്ന തരത്തിലുള്ളതായിരുന്നു. കാരണം, സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സഹായകരമായ നടപടി സ്വീകരിക്കേണ്ട സംസ്ഥാന സർക്കാർ വകുപ്പിലെ ചില ഉദ്യോഗസ്ഥരെ മുൻനിർത്തി സി.പി.ഐ.(എം)ന് അനുകൂലമായ സംഘടനയുടെ യൂണിയനുകൾ ഉണ്ടാക്കിക്കൊണ്ട് മറ്റുള്ളവരെ അടിച്ചമർത്തുന്ന നയമാണ് സ്വീകരിക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പ്രസിഡന്റായിട്ടുള്ള ചെറുകിട വ്യവസായ സംഘടനയായ കെ.എസ്.എസ്.എം.ഇ.ഒ.-യുടെ (കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഓർഗനൈസേഷൻ) അംഗീകാരം റദ്ദാക്കുന്നതിനുള്ള

ഗൂഢനീക്കം സർക്കാർ നടത്തുകയാണ്. സി.പി.എം.-ന് അനുകൂലമായ ചില സംഘടനകളെ ഉയർത്തിക്കൊണ്ടുവരാൻവേണ്ടി ചില ഗൂഢശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത് ഈ വ്യവസായ മേഖലയെ സി.പി.എം. വത്ക്കരിക്കുവാനുള്ള ഒരു ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് നടത്തിയ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2017-18 ബഡ്ജറ്റിലെ വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ അല്ലെങ്കിൽ ഇടതുപക്ഷ കക്ഷികളെല്ലാം വികസനത്തിന് എതിരാണെന്നും വ്യവസായങ്ങളെ തകർക്കുന്ന നയങ്ങളാണ് എല്ലാ സമയത്തും കൈക്കൊള്ളുന്നതെന്നുമുള്ള മുദ്രാവാക്യം യു.ഡി.എഫ്. സ്ഥിരമായി പറഞ്ഞുപരത്താറുണ്ട്. ഇലക്ഷൻ സമയത്തെല്ലാംതന്നെ ഇത്തരത്തിലുള്ള വ്യാജപ്രചരണങ്ങളാണ് സാധാരണക്കാരുടെ ഇടയിൽ ഇവർ പറഞ്ഞുപരത്താറുള്ളത്. പക്ഷെ ഇടതുപക്ഷ കക്ഷികൾ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളായാലും മറ്റ് വ്യവസായ സ്ഥാപനങ്ങളായാലും കോടിക്കണക്കിന്

രൂപയുടെ ലാഭം കൊയ്യുന്ന വ്യവസായങ്ങളായി മാറുന്നത് നമ്മൾ സ്ഥിരമായി കണ്ടുവരുന്നതാണ്. കേരളത്തിലെ തൊഴിലാളി വർഗ്ഗത്തേയും അതിന്റെ മാനേജ്മെന്റിനേയും കൃത്യമായി നിരീക്ഷിക്കുകയും അതോടൊപ്പംതന്നെ അവർക്കാവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നതുകൊണ്ടാണ് സ്വാഭാവികമായും ഇത്തരത്തിലൊരു മാറ്റമുണ്ടാകുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് യാതൊരു കണക്കുമില്ലാതെ ധൂർത്ത് നടത്തുന്നതും ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താനും തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുവാനുമുള്ള മാനേജ്മെന്റിന്റെയും സർക്കാരിന്റെയും കഴിവുകേടും കാരണമാണ് ഇത്തരത്തിൽ നഷ്ടമുണ്ടാകുന്നതെന്ന് പറയാൻ ആദ്യമായി ഞാൻ ആഗ്രഹിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളും കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലായിരുന്നു. പക്ഷെ 11 മാസം കഴിയുമ്പോൾ ലാഭത്തിന്റെ കണക്കിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. പകുതിയിലധികം സ്ഥാപനങ്ങളും ഇന്ന് ലാഭം കൊയ്യുന്ന വ്യവസായങ്ങളായി മാറിയിരിക്കുകയാണ്. തീർച്ചയായും നല്ലൊരു പ്രവണതയാണ് ഇത് കാണിക്കുന്നത്. 18544 ഫാക്ടറികളിലായി 4,40,085 തൊഴിലാളികൾ മുമ്പ് കേരളത്തിലുണ്ടായിരുന്നു. പക്ഷെ അതുമാറി

17876 ഫാക്ടറികളും നാല് ലക്ഷത്തിചില്വാനം വരുന്ന തൊഴിലാളികളുമുള്ള അവസ്ഥയിലേയ്ക്ക് ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളായാലും മറ്റ് വ്യവസായ സ്ഥാപനങ്ങളായാലും എന്തുകൊണ്ടാണ് കേരളത്തെ ഇഷ്ടപ്പെടാത്തതെന്ന് നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. വൈദ്യുതിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവാണ് അന്നുണ്ടായിരുന്നത്. പക്ഷെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ ഏറ്റവും മുൻപന്തിയിലാണ് ഈ സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാം പുറമേ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ശക്തമായ ശ്രമങ്ങളും നടക്കുന്നുണ്ട്. പക്ഷെ, കുടിൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൻപുറങ്ങളിലെല്ലാം പാരമ്പര്യ വ്യവസായങ്ങൾ ധാരാളമുണ്ടായിരുന്നു. അന്ന് ആഴ്ച ചന്തകളടക്കമുള്ള വിപണന രീതി നിലവിലുണ്ടായിരുന്നു. ഉല്പന്നങ്ങൾ കൃത്യമായി വിറ്റഴിക്കാനുള്ള സൗകര്യമുണ്ടായിരുന്നതുകൊണ്ട് പാരമ്പര്യ വ്യവസായങ്ങൾ നിരവധികാലം തകരാതെ നിലനിന്നുവെന്നതാണ് സത്യം. കാലാനുസൃതമായ

മാറ്റങ്ങൾക്കനുസരിച്ച് മാർക്കറ്റ് കണ്ടെത്തുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള വലിയൊരു കുറവ് അത്തരം വ്യവസായങ്ങൾ തകരുന്ന അവസ്ഥയുണ്ടാക്കി. കളിമണ്ണായാലും പായ പോലെയുള്ള ചെറുകിട ഉല്പന്നങ്ങളായാലും, ഇത്തരത്തിലുള്ള അപാകത നമുക്ക് സംഭവിച്ചിട്ടുണ്ട്. ഒരു കുടുംബത്തിൽ അല്ലെങ്കിൽ ഗ്രാമത്തിലുള്ള ഇത്തരം പാരമ്പര്യ വ്യവസായികളെയും കുടിൽ വ്യവസായികളെയും കണ്ടെത്തി അവർക്കാവശ്യമായ സഹായം ചെയ്തുകൊടുക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ മിഡിൽ ഈസ്റ്റ് അടക്കമുള്ള എല്ലാ രാജ്യങ്ങളിൽനിന്നും പ്രവാസികൾ ധാരാളമായി മടങ്ങിവരുന്ന അവസ്ഥയുണ്ട്. അങ്ങനെ വരുന്നവരിൽ കഴിവുള്ള തൊഴിലാളികളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഇത്തരം ചെറുകിട വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തി അവരെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്ന ഒരു നയം വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ സാമ്പത്തിക വർഷം പൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണ പദ്ധതികൾക്കായി വലിയ വിഹിതമാണ് നമ്മൾ മാറ്റിവച്ചിട്ടുള്ളത്. പക്ഷെ

അതിന്റെ മാനേജ്മെന്റിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. ഏത് കാലത്തും ഏത് കമ്പനിയും എത്ര നഷ്ടമുണ്ടാക്കിയാലും അത് സർക്കാർ നികത്തുമെന്നുള്ള ഒരു ബോധം മാനേജ്മെന്റിനുണ്ടെങ്കിൽ...... ഇത്തവണ നമ്മൾ ധനസഹായം നൽകുമ്പോൾ തുടർന്ന് അത്തരത്തിലുള്ള നഷ്ടങ്ങളുണ്ടായാൽ അതിന്റെ ഉത്തരവാദികൾ ആ കമ്പനിയുടെ തൊഴിലാളികളും മാനേജ്മെന്റുമാണെന്ന് ബോധ്യപ്പെടുത്താനുള്ള ബാധ്യത നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. കാരണം ജനങ്ങളുടെ നികുതിപ്പണമെടുത്താണ് ഇത്തരം കമ്പനികളെ നമ്മൾ വീണ്ടും ലാഭത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതും അവയുടെ നഷ്ടം നികത്തുന്നതും. സ്വാഭാവികമായും ആ ബോധം പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളിലുണ്ടാക്കാനുള്ള ഒരു..... ഇത്തരത്തിൽ നഷ്ടം നികത്തുന്ന സമയത്ത് നിർബന്ധമായും അവരെ ബോധ്യപ്പെടുത്തേണ്ടതാണ്.

കേന്ദ്രത്തിലെ മോഡി സർക്കാരിന്റെ വികസന നയങ്ങളെല്ലാം നമ്മൾ വളരെയധികം കണ്ടതാണ്. വലിയ പ്രചരണങ്ങളോടെ വികസന തന്ത്രങ്ങളെല്ലാം ഒരുക്കുമ്പോൾ യു.പി.എ. സർക്കാരിനെ വെല്ലുന്ന രീതിയിലാണ് ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനച്ചരക്കാക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാണ് വിൽക്കുന്നതെന്ന്

പറയുന്നുണ്ടെങ്കിലും കൊച്ചിൻ ഷിപ്പ്യാർഡ് അടക്കമുള്ള കമ്പനികളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള തീരുമാനം ഒരുകാരണവശാലും അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ മുമ്പ് നിയമസഭ പ്രമേയം പാസ്സാക്കിയതാണ്. എങ്കിൽക്കൂടി കേരളത്തിൽ ഇത്രയും ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ വീണ്ടും ശബ്ദമുയർത്തേണ്ടതുണ്ട്. ഏകദേശം 3,39,84,000 രൂപയുടെ പത്ത് രൂപ മൂല്യമുള്ള ഓഹരി വിറ്റഴിക്കാനാണ് ഇപ്പോൾ ശ്രമം നടക്കുന്നത്. ഇതിനെതിരായി നമ്മൾ ശക്തമായ പ്രചരണങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

യു.ഡി.എഫ്.-ന്റെ കാലത്തെ വികസനം സംബന്ധിച്ച് പറയുകയാണെങ്കിൽ തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. കെട്ടിടം നോക്കിയാൽ കാണാൻ കഴിയും. മഴ പെയ്താൽ ആ ഭാഗത്തേയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥയാണ്. അതിന്റെ ഒന്നാംനില മുഴുവനും എലികളും പെരുച്ചാഴികളും കൂടി നശിപ്പിച്ചിരിക്കുകയാണ്. യാതൊരു മാനേജ്മെന്റുമില്ല, അതുതന്നെയായിരുന്നു അവരുടെ വികസന നയവും. ഒരു ഭാർഗ്ഗവീ നിലയംപോലെ അതവിടെ കിടക്കുകയാണ്.

ബഹുമാന്യനായ എൻ. ഷംസുദ്ദീൻ മലപ്പുറത്തെക്കുറിച്ച് വലിയ കാര്യങ്ങളെല്ലാം പറയുകയുണ്ടായി. ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ഇന്ത്യയിൽ ജയിക്കാൻ പറ്റുന്ന ഏക പാർലമെന്റ് മണ്ഡലം മലപ്പുറമാണെന്ന് ഇന്ത്യയിലെ എല്ലാവർക്കും അറിയാം. അവിടത്തെ വോട്ടിന്റെ കണക്കുവച്ച് ഇടതുപക്ഷത്തിന്റെ ജനപ്രീതി നഷ്ടപ്പെട്ടെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വോട്ടിന്റെ അടിസ്ഥാനത്തിൽ ജയിച്ചിട്ടുണ്ട്, ശരിയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ഒറ്റയ്ക്ക് നിന്നാലോ സഖ്യകക്ഷിയായി മത്സരിച്ചാലോ ജയിക്കാൻ പറ്റുന്ന ഏതെങ്കിലുമൊരു പാർലമെന്റ് മണ്ഡലം ഇന്ത്യയിലുണ്ടോയെന്ന് പറയാമോ? കഴിഞ്ഞ പ്രാവശ്യത്തെ വോട്ടിന്റെ കണക്കെല്ലാം പറഞ്ഞു, ഒരു ലക്ഷം വോട്ട് ഇടതുപക്ഷത്തിന് അധികം വന്നത് എങ്ങനെയാണ്; നിങ്ങൾ ചേർത്ത വോട്ടുകൾ എവിടെപ്പോയി? അത്തരം കണക്കുകളെല്ലാം ഒരു വാദത്തിനുവേണ്ടി പറയാം.

രണ്ടുമൂന്ന് നിർദ്ദേശങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ കാര്യം ഇവിടെ പറഞ്ഞു. പക്ഷെ നമ്മുടെ

പ്രദേശങ്ങളിലെല്ലാം വിദേശത്തുനിന്നും വന്ന പ്രവാസികൾ ഇന്നും ഒരു വ്യവസായം ആരംഭിക്കുന്നതിന് ബുദ്ധിമുട്ടുകയാണ്. തിരൂർ നഗരസഭാ പരിധിയിൽ ഒരു അസംബ്ലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി ഒരു സംരംഭകൻ മൂന്ന് മാസം നഗരസഭയിൽ കയറിയിറങ്ങിയിട്ടും ക്ലിയറൻസ് കൊടുക്കാൻ അവർ തയ്യാറായില്ല. ഒരു കേസല്ല, ഇത്തരം നിരവധി കേസുകളുണ്ട്. അവസാനം ആ യൂണിറ്റ് കോയമ്പത്തൂരിൽ പോയി തുടങ്ങേണ്ട അവസ്ഥയുണ്ടായി. ഇത്തരത്തിൽ 15-ഓളം വിദേശ മലയാളികൾ എന്റെ ഓഫീസിൽ വന്നിട്ടുണ്ട്. ചൈന, ജപ്പാൻ പോലെയുള്ള രാജ്യങ്ങളിലെല്ലാംതന്നെ ചെറിയ ചെറിയ കുടിൽ വ്യവസായങ്ങളാണ് പിന്നീട് വലിയ വ്യവസായങ്ങളായി മാറിയത്. ചൈന പോലെയുള്ള വലിയ രാജ്യങ്ങൾ ഏറ്റവും വലിയ വ്യവസായ രാഷ്ട്രമായി വളർന്നതും ചെറിയ ചെറിയ വ്യവസായങ്ങളിൽ നിന്നാണ്. അതിനുപോലും സൗകര്യമൊരുക്കാൻ കഴിഞ്ഞില്ലെങ്കിൽ..... പഞ്ചായത്തുകളായാലും നഗരസഭകളായാലും ഇത്തരം ക്ലിയറൻസിന് സമയം വൈകിക്കാതെ സർക്കാർ നടത്തുന്ന സംവിധാനത്തിന് ആക്കം കൂട്ടാനും ഇത്തരത്തിലുള്ള ആളുകളെ പ്രോത്സാഹിപ്പിക്കാനുള്ള കൂടുതലായ ശ്രമങ്ങൾ ഉണ്ടാകണമെന്ന്

അഭ്യർത്ഥിക്കുന്നു. ഇപ്പോൾ ചൈനയിൽ നിന്നെല്ലാം ഇറക്കുമതി ചെയ്യുന്ന ടോർച്ചും മറ്റുള്ള സാധനങ്ങളുമെല്ലാം ഇത്തരത്തിൽ അസംബിൾ ചെയ്ത് കൊണ്ടുവരുന്നതാണ്. അത്തരം യൂണിറ്റുകൾ നമ്മുടെ നാട്ടിൽ തുടങ്ങിയാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെല്ലാം ധാരാളം തൊഴിൽ ലഭിക്കുകയും ജനങ്ങൾക്ക് ധാരാളം ധനം ലഭിക്കാൻ പറ്റുന്ന മാർഗ്ഗങ്ങളുണ്ടാവുകയും ചെയ്യും. അത്തരത്തിലുള്ള സംരംഭങ്ങൾക്ക് പൂർണ്ണമായ സഹായങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ഇന്നത്തെ ധനാഭ്യർത്ഥനകളെ എനിക്ക് ഒരിക്കലും അനുകൂലിക്കാൻ സാധിക്കുകയില്ല എന്ന് ആദ്യമേ അറിയിക്കുകയാണ്. ഞാൻ ഇതിനെ എതിർക്കാനുള്ള കാരണം, വ്യവസായം എന്ത് എന്നറിയാത്ത ജില്ലയിൽനിന്ന് വരുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. അപ്പോൾ സ്വാഭാവികമായും നിങ്ങൾ ചോദിച്ചേക്കാം, യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും കാസർഗോഡിന് അവഗണനയുണ്ടായിട്ടുണ്ടോ എന്ന്? കാസർഗോഡ് ജില്ലയെ ആരെങ്കിലും പരിഗണിച്ചിട്ടുണ്ടെങ്കിൽ അത് യു.ഡി.എഫ്. ആണെന്ന്

അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. KEL-നെക്കുറിച്ച് നമുക്കറിയാം. 1990-ൽ ഞങ്ങളുടെ എല്ലാവരുടെയും പ്രിയങ്കരനായ നേതാവ് ദിവംഗതനായ ഇ. അഹമ്മദ് സാഹിബ് യു.ഡി.എഫ്. സർക്കാരിലെ വ്യവസായ മന്ത്രി ആയിരുന്നപ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന കാസർഗോഡ് മണ്ഡലത്തിലെ മൊഗ്രാൽ-പുത്തൂർ പഞ്ചായത്തിലെ കമ്പാർ എന്ന സ്ഥലത്ത് തുടങ്ങിയ പൊതുമേഖലാ സ്ഥാപനമാണ് KEL. 2011 മാർച്ച് 28 മുതൽ KEL, BHEL ആയി മാറി. കാസർഗോഡ് ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനത്തിന്റെ മരണമണി അതോടുകൂടി മുഴങ്ങാൻ തുടങ്ങിയെന്ന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിക്ക് നന്നായി അറിയാം. പൊന്മുട്ടയിടുന്ന താറാവിനെ അറുത്ത അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ വിഡ്ഢിത്തമായിരുന്നു അതെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ സ്ഥാപനത്തിന്റെ 51 ശതമാനം ഓഹരി BHEL-നും 49 ശതമാനം കേരള സർക്കാരിനുമാണ് ഇപ്പോഴുള്ളത്. നാശത്തിന്റെയും തകർച്ചയുടെയും പടുകുഴിയിലാണ് ഇപ്പോൾ BHEL. ജീവനക്കാർക്ക് KEL-ൽ ലഭിച്ചിരുന്ന ആനുകൂല്യം ഇപ്പോൾ BHEL-ൽ ലഭിക്കുന്നില്ല. 175 ജീവനക്കാരും കുടുംബാംഗങ്ങളും ഇനി എന്ത് എന്ന് ചിന്തയിൽ ഭാവിയെക്കുറിച്ച് ഓർത്ത്

ആശങ്കയിലാണ്. 20 കോടി മുതൽമുടക്കിൽ ആരംഭിച്ച സ്ഥാപനത്തിൽ തങ്ങളുടെ ഓഹരി പിൻവലിക്കുന്നു എന്ന് BHEL നാലുതവണ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയുമുണ്ടായിട്ടില്ല. 2017 ഏപ്രിൽ 26-ാം തീയതി ഈ സഭയിലെ എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടിയ ഉത്തരം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് BHEL യൂണിറ്റ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് കിട്ടിയിട്ടുള്ള ഉത്തരം 'ഇല്ല' എന്നാണ്. ഇല്ലെങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ യോഗം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത യോഗത്തിൽ ആരെയെല്ലാമാണ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ള ചോദ്യത്തിന് കിട്ടിയ ഉത്തരം, 'യോഗം വിളിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല' എന്നാണ്. അപ്പോൾ അതിന്റെയർത്ഥം കാസർഗോഡ് BHEL തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് പോകുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിസംഗതാ മനോഭാവമാണെന്നാണ് ഈ ഉത്തരത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങ് വളരെ പെട്ടെന്ന് തന്നെ ഇടപെടുകയും BHEL-നെ രക്ഷിക്കുവാൻ വേണ്ട നടപടികൾ

സ്വീകരിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കാസർഗോഡ് മേഖല ഒരു വ്യവസായ ലോ കോസ്റ്റ് റീജിയണാണ്. ആ സാധ്യത ഉപയോഗപ്പെടുത്തുവാൻ സർക്കാർ മുന്നോട്ടുവരണമെന്ന് കൂടി ഞാൻ അപേക്ഷിക്കുകയാണ്. കാസർഗോഡിൽ സ്ഥലത്തിന് വളരെ വില കുറവാണ്. അതുപോലെ തന്നെ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് നമുക്ക് നല്ലതുപോലെ അറിയാം. മംഗലാപുരം എയർപോർട്ടൊക്കെ വളരെ അടുത്താണ്. ട്രാൻസ്പോർട്ട് സൗകര്യം ധാരാളമുണ്ട്. അതുപോലെ കശുവണ്ടി ഏറ്റവും കൂടുതൽ ലഭിക്കുന്ന സ്ഥലമാണ് കാസർഗോഡ്. വ്യവസായത്തിനോടുള്ള നമ്മുടെ കാഴ്ചപ്പാടിൽ ഒരു മാറ്റം അനിവാര്യമാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുൻ മന്ത്രി ശ്രീ. പി. ജെ. ജോസഫാണെന്ന് തോന്നുന്നു, ഇവിടെ ചില കാര്യങ്ങൾ പറഞ്ഞത് - കാർഷിക ഉല്പന്നങ്ങളിൽ നിന്ന് വ്യവസായ ഉല്പന്നങ്ങളുണ്ടാക്കാൻ നമുക്ക് സാധിക്കണം. ഭക്ഷ്യസംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് കുതിപ്പ് നൽകാൻ കഴിയണം. വെളിച്ചെണ്ണ നമ്മുടെ എല്ലാവരുടെയും അഭിവാജ്യ ഘടകമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ വ്യാജ വെളിച്ചെണ്ണയെ തടയുവാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഓരോ വീട്ടിലും നമ്മുടേതായ

വെളിച്ചെണ്ണ ഉപയോഗിക്കാൻ തുടങ്ങിയാൽ നാം ഉല്പാദിപ്പിക്കുന്ന തേങ്ങ അതിന് മതിയാകാതെ വരും. പക്ഷേ ഇവിടെ വ്യാജ വെളിച്ചെണ്ണ പല പേരിലും മാർക്കറ്റിലുണ്ട്. കേര ശുദ്ധ്, കേര ഗോൾഡ് തുടങ്ങിയ വ്യാജ വെളിച്ചെണ്ണകൾ മാർക്കറ്റിൽ സുലഭമാണ്. അതിനെ തടയാൻ നമുക്ക് നടപടി എടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ വേസ്റ്റ് കളക്ഷൻ, നമ്മുടെ ആക്രി സാധനങ്ങൾ തമിഴ്നാടിലേയ്ക്കാണ് കൊണ്ടുപോകുന്നത്. അവിടെ കൊണ്ടുപോയി എന്താണ് അവർ ചെയ്യുന്നത്? നമുക്ക് ഇവിടെ തന്നെ ഈ ആക്രി സാധനങ്ങളെ; വേസ്റ്റ് കളക്ഷനൊക്കെ ഉപയോഗപ്പെടുത്തി അതിൽ നിന്ന് വൈദ്യുതിയോ മറ്റോ ഉല്പാദിപ്പിക്കുവാൻ സാധിക്കണം. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, നമുക്ക് സംരംഭകരെ നേരായി നയിക്കുന്ന ഒരു ടെക്നോളജി സപ്പോർട്ടില്ല എന്നതാണ്. സർക്കാർ അതിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് ഇവിടെ ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ച ഒരു കാര്യം, കോടതികളെ ധിക്കരിക്കുകയും കോടതി തീരുമാനങ്ങൾക്ക് പുല്ലിന്റെ വില പോലും നൽകാതിരിക്കുകയും ചെയ്യുകയാണോ ഈ സർക്കാരിന്റെ നയമെന്ന് ഞാൻ ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. കാരണം, മുൻ എം.എൽ.എ. ശ്രീ. അബ്ദുറഹിമാൻ

രണ്ടത്താണിയുടെ നേതൃത്വത്തിലുള്ള കേരള സ്റ്റേറ്റ് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഓർഗനൈസേഷനെ വ്യവസായ സംബന്ധിയായ യോഗങ്ങളിൽ ഉൾപ്പെടുത്തണമെന്നും സംഘടനയെ സർക്കാർ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ പാടില്ലെന്നും ഹൈക്കോടതി വിധിച്ചിരുന്നു. ഒരു മാസത്തിനുള്ളിൽ ഹൈക്കോടതി വിധി അംഗീകരിച്ച് ഉത്തരവ് നടപ്പിലാക്കിയതായുള്ള സർക്കാർ തീരുമാനം രേഖാമൂലം സംഘടനാ ഭാരവാഹികളെ അറിയിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചതാണ്. ഹൈക്കോടതി ഉത്തരവ് ലഭിച്ചിട്ട് മാസങ്ങൾ കഴിഞ്ഞുവെങ്കിലും യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കയർ, കൈത്തറി, ഖാദി മേഖലകൾക്ക് 1000 കോടി, 500 കോടി, 150 കോടി രൂപ നൽകുമ്പോൾ കേരളത്തിന്റെ പ്രധാനപ്പെട്ട വ്യവസായമേഖലയായ കരകൗശലത്തിന് 6 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ഞാൻ ഈ സഭയുടെ മുമ്പാകെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അതുപോലെ വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല. 850 ഓളം വരുന്ന സംഘങ്ങൾക്ക് ആകെ അനുവദിച്ചിട്ടുള്ളത് 25 ലക്ഷം രൂപ മാത്രമാണ്.

വൈദ്യുത പദ്ധതികളുടെ ധനാഭ്യർത്ഥന കൂടി ഇന്നുണ്ട്. ബഹുമാനപ്പെട്ട

വൈദ്യുതി വകുപ്പുമന്ത്രി അദ്ദേഹം ഇപ്പോൾ എന്റെ ഏറ്റവും അടുത്തയാളാണെന്ന് പറയുവാൻ ആഗ്രഹിക്കുന്നു. രണ്ടുമാസം മുമ്പ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കാസർഗോഡ് വന്നിരുന്നു. അദ്ദേഹത്തിന്റെ സാമീപ്യവും സാന്നിദ്ധ്യവും 4 മണിക്കൂറിലധികം അനുഭവിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. 4 മണിക്കൂർ കൊണ്ട് 4 വർഷത്തെ ബന്ധവും സ്നേഹവുമുണ്ടാക്കാൻ എനിക്ക് സാധിച്ചു. അതുകൊണ്ട് അദ്ദേഹത്തെ വിമർശിക്കുന്ന കാര്യത്തിൽ എനിക്ക് വളരെയധികം വിഷമമുണ്ട്. പക്ഷേ അദ്ദേഹം മലിനഭാഷയിൽ പ്രസംഗം നടത്തിയെന്ന് കേട്ടപ്പോൾ എനിക്ക് വല്ലാത്ത ഞെട്ടലും ദുഃഖവുമുണ്ടായി. സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി ബഹുമാനപ്പെട്ട മന്ത്രിയെ പരസ്യമായി ശാസിച്ചുവെന്നറിഞ്ഞപ്പോൾ എനിക്ക് അതിലധികം സന്തോഷമുണ്ടായി. ശ്രീ. എം. എൻ. കാരശ്ശേരി, നമുക്കറിയാം ഒരു പക്ഷത്തും നിൽക്കാത്ത ഒരു എഴുത്തുകാരനാണ്. 2017 ഏപ്രിൽ 26-ലെ മലയാള മനോരമ ദിനപ്പത്രത്തിൽ, മണിക്ക് ' ലെയ്നസുണ്ട് ' എന്ന തലക്കെട്ടിൽ അദ്ദേഹം ഒരു ലേഖനമെഴുതി. അതിൽ പറയുന്നത് 'ജനങ്ങളോട് തരിമ്പും ആദരവില്ലാത്തവർക്കു മാത്രമേ ഈ തരത്തിൽ വാക്ക് പ്രയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ദരിദ്രന്മാരെയും തൊഴിലാളികളെയും സ്ത്രീകളെയും പുച്ഛിച്ച്

പ്രസംഗിക്കുവാൻ കഴിയുന്നത് അവരൊന്നും കൂട്ടിയാൽ ഒന്നും കൂടില്ല എന്ന ധിക്കാരത്തിൽ നിന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, മന്ത്രി ഒരു മാറ്റത്തിന് വിധേയനാകണം. ആ മാറ്റം കണ്ട് ശ്രീ. എം. എൻ. കാരശ്ശേരി പോലെയുള്ള ആളുകൾ അത്ഭുതപ്പെടണം. അങ്ങയെ പ്രശംസിച്ച് കാരശ്ശേരിക്ക് വീണ്ടും ഒരു ലേഖനം എഴുതാനുള്ള അവസ്ഥ അങ്ങുണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ താങ്കളെ ശാസിച്ച സംസ്ഥാന കമ്മിറ്റിയുണ്ടല്ലോ, ആ സംസ്ഥാന കമ്മിറ്റിയുടെ സെക്രട്ടറിയുടെ കസേരയിൽ അങ്ങ് ഇരുന്നുകാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ഒരു മാറ്റം അങ്ങുണ്ടാക്കണം. അങ്ങയുടെ ശൈലിയിൽ; അങ്ങയുടെ നിലപാടിൽ; അങ്ങയുടെ സംസാരത്തിലൊക്കെ അത്തരത്തിലുള്ള ഒരു മാറ്റമുണ്ടാക്കി സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയുടെ കസേരയിൽ അങ്ങ് ഇരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയുള്ള ഒരു പ്രതികാരമാണ് ഇവരോടൊക്കെ അങ്ങ് ചെയ്യേണ്ടത്. സ്വയം മാറ്റം വരുത്തിക്കൊണ്ട് അങ്ങ് അത്തരത്തിലുള്ള ഒരു പ്രതികാരം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. സാധാരണക്കാരോടൊപ്പം ജീവിച്ചുവളർന്ന

അങ്ങേയ്ക്ക്, ഈ ഷോക്ക് സാധാരണക്കാരായ ജനങ്ങൾക്ക് നൽകാൻ സാധിച്ചത് എങ്ങനെയാണെന്ന് ഞാൻ അത്ഭുതപ്പെടുന്നു. മഴയെ ആശ്രയിച്ച് മാത്രം എത്രകാലം നമുക്ക് ഇങ്ങനെ കഴിയാൻ സാധിക്കും. സോളാർ പദ്ധതിയെക്കുറിച്ച് പറഞ്ഞു. സോളാർ പദ്ധതികൾകൊണ്ട് പൂർണ്ണമായും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. താപനിലയങ്ങൾ യാഥാർത്ഥ്യമാക്കണം. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എം. രാജഗോപാലന്റെ മണ്ഡലത്തിലാണ് ചീമേനി താപനിലയം ഉള്ളത്. ചീമേനി താപനിലയം യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ ആരാണ് തടസ്സം എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. ആ തടസ്സങ്ങൾ നീക്കി അത്തരക്കാരുടെ മനോഗതിയിൽ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് ചീമേനി താപനിലയം യാഥാർത്ഥ്യമാക്കാൻ സാധിച്ചാൽ കേരളത്തിനാകെയുള്ള വൈദ്യുതി അവിടെ നിന്ന് ഉത്പാദിപ്പിക്കാൻ സാധിക്കും. നമ്മുടെ ചിന്തയിലും മനോഗതിയിലുമൊക്കെ അത്തരത്തിലുള്ള മാറ്റം കൊണ്ടുവരണം എന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. മഴക്കാലമായാൽ ശ്രദ്ധിക്കാനുള്ള കാര്യം, മെറ്റീരിയലിന്റെ ലഭ്യതയാണ്. വോൾട്ടേജ് ക്ഷാമം മൂലം പലയിടങ്ങളിലും ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്നു. ആ സമയത്ത് നമ്മൾ ചെയ്യേണ്ട കാര്യം മെറ്റീരിയലിന്റെ ലഭ്യത ഉറപ്പുവരുത്തണം. മറ്റൊന്ന് പ്രസരണ വിതരണ ശൃംഖല

വീക്കായ കാസർഗോഡ് പോലുള്ള പ്രദേശങ്ങളിൽ രാത്രിയും പകലും ഇരുട്ടാണ്. അതിനാൽ അത്തരം പ്രദേശങ്ങളിൽ ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയാൽ ഏത് സമയത്തും പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ സാധിക്കും. അതിന് മന്ത്രി മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ട്രാൻസ്ഫോർമർ മീറ്റർ റിപ്പയർ യൂണിറ്റില്ലാത്ത കേരളത്തിലെ ഏക ജില്ല കാസർഗോഡ് മാത്രമാണ്. കാസർഗോഡിനെ ആ കാര്യത്തിലും പരിഗണിക്കണമെന്ന് മന്ത്രിയോട് അപേക്ഷിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നത് എന്തുപറഞ്ഞാണ് എന്നുള്ളത് നമുക്ക് എല്ലാവർക്കുമറിയാം. ജനങ്ങൾക്ക് മണിമേട തീർക്കുമെന്ന പ്രഖ്യാപനത്തോടെയാണ് അവർ വന്നത്. എന്നാൽ ഇപ്പോൾ കേരളത്തിന്റെ അവസ്ഥ.... ഇടതുപക്ഷകാരനായ കവി കടമ്മനിട്ട രാമകൃഷ്ണനെക്കുറിച്ച് ഞാൻ പറയേണ്ടതില്ലല്ലോ. ആറന്മുള എം.എൽ.എ.-യും അദ്ദേഹത്തെപ്പറ്റി സൂചിപ്പിച്ചു. അവരുടെ മുൻഗാമിയായിരുന്ന ഈ സഭയിൽ. കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയ വരികളിൽ..

പൂ പൂത്തപ്പോൾ എനിക്ക് ലഭിച്ചത് കൊഴിയും പോളകൾ മാത്രം

കാ കായ്ച്ചപ്പോൾ എനിക്ക് ലഭിച്ചത് തൊണ്ടും തൊലിയും മാത്രം.

ഇടതുപക്ഷകാരനായ ഒരു കവിയുടെ വരികൾ പാവം ജനങ്ങളെ സാക്ഷിയാക്കി

നമുക്ക് ആവർത്തിച്ച് പാടാം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി സഭയിലില്ല. അനാരോഗ്യം മൂലമാണ് സഭയിൽ വരാത്തതെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരോഗ്യം വീണ്ടെടുത്ത് അവർക്ക് ഈ സഭയിൽ വരാൻ സാധിക്കട്ടെ. എനിക്ക് ആരോഗ്യ വകുപ്പുമന്ത്രിയോട് വളരെയധികം ബഹുമാനമുണ്ട്. എല്ലാ കാര്യങ്ങൾക്കും നന്നായി പ്രതികരിക്കും. ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ ഒരു സംഭവവികാസങ്ങളും ഈ സർക്കാരിന്റെ ഇമേജിനെ ബാധിച്ചിട്ടില്ലായെന്ന് പറഞ്ഞതിനാലാണ് എനിക്ക് അവരോട് ബഹുമാനം കൂടാനുള്ള കാരണം. ഒരു സത്യം പറഞ്ഞ മന്ത്രിയാണ്. ഇമേജ് ഈ സർക്കാരിന് ഉണ്ടെങ്കിൽ മാത്രമല്ലേ ബാധിക്കുകയുള്ളൂ. അതുകൊണ്ട് സത്യം പറഞ്ഞ മന്ത്രിയെന്ന നിലയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ അസാന്നിദ്ധ്യത്തിൽ അവരെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ വളരെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, വ്യവസായം കൊണ്ട് അഭിവൃദ്ധി നേടുക' എന്നത് കേരളീയ നവോത്ഥാന ശിൽപ്പിയായ ശ്രീനാരായണ ഗുരുദേവന്റെ വചനങ്ങളാണ്.

വ്യാവസായിക അഭിവൃദ്ധിയിലേയ്ക്ക് കേരളത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമായ സമഗ്രമായ വികസന പദ്ധതികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഭാവനാപൂർണ്ണമായിട്ടുള്ള ആസൂത്രണം, അതിലേയ്ക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാശക്തി, പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനം ഇതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ഇത് പ്രതിഫലിപ്പിക്കുന്ന ബഹുമുഖമായിട്ടുള്ള ഇടപെടലുകളാണ് കേരളത്തിന്റെ വ്യാവസായിക വൈദ്യുതി മേഖലയിൽ ഈ സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. ഒരുകാലത്ത് കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ ഏറ്റവും ദുർബലമായ കണ്ണി വ്യാവസായിക പിന്നോക്ക അവസ്ഥയായിരുന്നു. കേരളത്തിലെ വ്യാവസായിക പിന്നോക്ക അവസ്ഥയുടെ വേരുകൾ ഭൂതകാലത്തുനിന്ന് തുടങ്ങണം. ബ്രിട്ടീഷ് ഭരണം കേരളത്തെ അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി പ്രദേശമായി രൂപാന്തരപ്പെടുത്തുകയായിരുന്നു. 1960-കളുടെ മദ്ധ്യം വരെയും കാര്യമായ വ്യവസായശാലകളൊന്നും തന്നെ കേരളത്തിൽ തുറക്കപ്പെട്ടില്ല. തിരുവിതാംകൂർ പ്രദേശത്തു വളർന്നുവരുന്ന ഒറ്റപ്പെട്ട ആധുനിക വ്യവസായങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഇക്കാര്യം പറയുന്നത്. കേരളത്തിലെ സാമൂഹിക സാമ്പത്തിക ഘടനയിലെ സവിശേഷ ദൗർബല്യങ്ങൾ സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിൽ പൊതുവായി ഉണ്ടായ പരിമിതങ്ങളായ

നേട്ടങ്ങളിൽ പോലും പങ്കാളികളാകുന്നതിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തി. 1960-കളിൽ വ്യവസായവത്കരണത്തിനായി നടത്തിയ തീവ്രയത്നങ്ങൾ കുറച്ചൊക്കെ ഫലം കണ്ടു. വിഭവ ദാരിദ്ര്യം മൂലം സംസ്ഥാനത്തിന് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടി കഴിഞ്ഞില്ല. മുൻകാലങ്ങളിൽ ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സ്വകാര്യ മേഖലയിലെ മൂലധനത്തെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല. തൊഴിൽ പ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, ഊർജ്ജപ്രധാനമായ രാസ വ്യവസായങ്ങൾ എന്നീ രണ്ട് മേഖലകളിലായിരുന്നു കേരളത്തിന്റെ ഊന്നൽ. വ്യവസായ വളർച്ചയ്ക്കായി കേരളം തെരഞ്ഞെടുത്ത പാത വഴിമുട്ടുകയായിരുന്നു. കേരളത്തിലെ വ്യവസായ ഘടനയുടെ ദൗർബല്യം, പരിഹാരത്തെ കൂടുതൽ ദുർഘടമാക്കുകയായിരുന്നു. പരമ്പരാഗത വ്യവസായങ്ങളെ പ്രത്യേകിച്ചും കാർഷിക പ്രധാനമായവയെ ആശ്രയിച്ചാണ് 19-ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ വ്യവസായ വളർച്ചയുണ്ടായത്. കാലഘട്ടത്തിന് അനുസരിച്ചുള്ള സാമൂഹിക-സാമ്പത്തിക മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യകതയും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെയുംകുറിച്ച് പുനർചിന്തനം നടത്തുകയാണ് നാം ഇവിടെ ഇപ്പോൾ ചെയ്യുന്നത്. പൊതുമേഖലാ വ്യവസായം അതിന്റെ ഉത്പന്നത്തിനും വിപണിക്കും

ഉപരിയായി നിലകൊള്ളുന്ന സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടതുണ്ടെന്ന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. ഇവിടെയാണ് വഴിമാറി ചിന്തിക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത്. വിദ്യാസമ്പന്നരായ ജനങ്ങൾക്ക് അനുയോജ്യമായ വ്യവസായങ്ങൾ ഇവിടെ വേണം. അവ ഉയർന്ന കൂലി നൽകാൻ കഴിയുന്ന മൂല്യവർദ്ധിത വ്യവസായങ്ങളായിരിക്കണം, മലിനീകരണം സൃഷ്ടിക്കാത്തവ യായിരിക്കണം, തദ്ദേശീയവിഭവങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കാൻ സഹായിക്കുന്നവയായിരിക്കണം. ഓരോ വ്യവസായത്തിനും ആവശ്യമുള്ള അസംസ്കൃത വിഭവങ്ങൾ, വൈദ്യുതി, മൂലധനം തുടങ്ങിയവ വ്യത്യസ്തമാണ്. ഉത്പന്നങ്ങളുടെ വിപണന സാധ്യതകളിലും അന്തരമുണ്ടാകും. പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാവുന്ന തൊഴിലവസരങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. പാരിസ്ഥിതിക പ്രത്യാഘാതങ്ങളും വ്യത്യസ്തമായിരിക്കും. ഇവയെല്ലാം സമഗ്രമായി കണക്കിലെടുത്ത് സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതും ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് അനുയോജ്യ വ്യവസായവത്കരണമെന്ന് വിളിക്കാം. ഒന്ന്, വിവര സാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, നാനോ

സാങ്കേതിക വിദ്യ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ. രണ്ട്, ടൂറിസം പോലെയുള്ള സേവന പ്രധാനമായിട്ടുള്ള വ്യവസായങ്ങൾ. മൂന്ന്, ലഘു എഞ്ചിനീയറിംഗ് പോലെയുള്ള സാങ്കേതിക വൈദഗ്ദ്ധ്യാധിഷ്ഠിതമായിട്ടുള്ള വ്യവസായങ്ങൾ. നാല്, റബ്ബർ, കാർഷിക വിഭവങ്ങൾ, ധാതുമണൽ തുടങ്ങിയ വിഭവങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്ന വ്യവസായങ്ങൾ. മറ്റ് വ്യവസായങ്ങളെ കാണാതിരുന്നിട്ടല്ല. ഈ മേഖലയിലേയ്ക്ക് വലിയ തോതിൽ സ്വകാര്യ മൂലധനത്തെ ആകർഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇനിയും നമുക്ക് ശക്തമാക്കേണ്ടതുണ്ട്. നാല് പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഇടതുപക്ഷത്തിന് ഒരു ബദൽ സമീപനമുണ്ട്. ഒന്ന്, ലക്ഷക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കണമെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്.-നുള്ളത്. ഈ മേഖലയിൽ ആധുനികവത്ക്കരണം അനിവാര്യമാണ്. രണ്ട്, ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കലും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തലുമാണ്. മൂന്ന്, പൊതുമേഖലയുടെ സ്വകാര്യവത്കരണം പാടെ തള്ളികളയുന്നു എന്നാണ്. നിലവിലുള്ള പൊതുമേഖലയെ സംരക്ഷിച്ച് വികസിപ്പിക്കുക എന്നതാണ് നമ്മുടെ തന്ത്രം. പുതിയ പൊതുമേഖല സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് കാഴ്ചപ്പാട്.

നാല്, സ്വകാര്യ മൂലധനം ആകർഷിക്കുന്നതിനുവേണ്ടി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനും സർക്കാർ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. തൊഴിൽ നിയമങ്ങളും പാരിസ്ഥിതിക നിയമങ്ങളും തൊഴിൽ ഉടമകൾ പാലിച്ചേ പറ്റൂ. മറ്റ് സംസ്ഥാനങ്ങളുമായി മത്സരിക്കാൻ ഈ നിയമങ്ങളിൽ ഒരിക്കലും ഇളവ് ചെയ്യാൻ നമുക്ക് കഴിയില്ല. പരമ്പരാഗത വ്യവസായ പുനരുദ്ധാരണത്തിനായി എൽ.ഡി.എഫ്.-ന്റെ ശക്തമായ ഇടപെടൽ ഇനിയും വേണ്ടിവരും. വൈവിദ്ധ്യവത്കരണവും ആധുനികവത്കരണവും പൊതുമേഖലയുടെയും സഹകരണ സംഘങ്ങളുടെയും പുനഃസംഘാടനത്തിനും പുനരുജ്ജീവനത്തിനും പ്രത്യേക പ്രാധാന്യം, പരമ്പരാഗത മേഖലകളിൽ ക്ലസ്റ്റർ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുക, സഹകരണ സംഘങ്ങൾക്ക് വേണമെങ്കിൽ ക്ലസ്റ്റർ കേന്ദ്രമായി മാറി പ്രവർത്തിക്കാവുന്നതാണ്, പരിശീലനം, വിപണന സഹായം, തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ കുറ്റമറ്റ സംവിധാനം, പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘാടനത്തിൽ ഫലപ്രദമായ ഇടപെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം, ഇവയുടെ നടത്തിപ്പിലും മാനേജ്മെന്റിലും വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ, ഉത്പന്നങ്ങളുടെ വില കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ

തുടങ്ങിയ ഇത്തരം കാഴ്ചപ്പാടുകൾ എൽ.ഡി.എഫ്. മുന്നോട്ട് വച്ചുകൊണ്ടാണ് ചില പദ്ധതികൾക്ക് തുടക്കം കുറിച്ചത്. ഉദ്യോഗസ്ഥ നിയമനത്തിലെ സുതാര്യത വിളിച്ചോതിക്കൊണ്ട് പൊതുമേഖല സ്ഥാപന തലപ്പത്തേയ്ക്ക് ഉദ്യോഗസ്ഥന്മാരുടെ തെരഞ്ഞെടുപ്പ്, പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് സ്ഥാപിക്കാനുള്ള തീരുമാനം തുടങ്ങിയവ അങ്ങേയറ്റം സ്വാഗതാർഹമാണ്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി 1994-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായനഗര പ്രദേശ വികസനവും ആക്ട് ഭേദഗതി ചെയ്യാനുള്ള തീരുമാനവും സംസ്ഥാനത്തിന് ഗുണം ചെയ്യുന്നതാണ്. പ്രതിസന്ധികളിൽ നിശ്ചലമായ കൈത്തറി തറികൾ ചലിച്ചുതുടങ്ങിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ തീരുമാനമാണ് മരണാസന്നമായ വ്യവസായത്തിന് പുതുജീവൻ നൽകിയത്. ഇവിടെ ഫാക്ടറിയുടെ അടച്ചിട്ട വാതിലുകൾ ഒന്നൊന്നായി തുറക്കപ്പെടുകയാണ്. പൂട്ടികിടന്നിരുന്ന എട്ട് പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിച്ചു. ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ്, ഏറ്റുമാനൂരിലെ മിൽ, മലപ്പുറത്തെ എടരിക്കോട് മിൽ, കോഴിക്കോട് മലബാർ സ്പിന്നിംഗ് മിൽ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആന്റ്

വീവിംഗ് മിൽ, തൃശ്ശൂരിലെ സീതാറാം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ബാലരാമപുരത്തെ സ്പിന്നിംഗ് മിൽ ഉൾപ്പെടെ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ ഈ മില്ലുകളെയെല്ലാം പരിരക്ഷിച്ച് സംരക്ഷിച്ചെടുക്കുകയായിരുന്നു. തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ ചവറ കെ.എം.എം.എൽ. കരകയറുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കം 12 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് സ്വകാര്യവത്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയത് ഈ സന്ദർഭത്തിലാണെന്ന് നാം ഓർക്കണം. എഫ്.എ.സി.റ്റി. അടക്കം 32 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് നീതി ആയോഗ് കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്തിരിക്കുകയാണ്. ആദ്യഘട്ടം എന്ന നിലയിൽ 12 എണ്ണത്തിന്റെ തീരുമാനമാണ് എടുത്തിരിക്കുന്നത്. നഷ്ടത്തിലുള്ള 26 പൊതുമേഖലാ സ്ഥാപനങ്ങൾ അടിയന്തരമായി അടച്ചുപൂട്ടാനുള്ള ശിപാർശയാണ് കേന്ദ്രഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിലാണ് ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകൾ കേരളത്തിലെ ഗവൺമെന്റ് വ്യാവസായിക മേഖലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

വൈദ്യുതി മേഖലയെ സംബന്ധിച്ചിടത്തോളം, വജ്ര ജൂബിലി വർഷത്തിൽ വീടുകളിൽ ഇനി വജ്രത്തിളക്കമാണ്. കേരളം സമ്പൂർണ്ണ വൈദ്യുതീകരണം

കൈവരിച്ച ആദ്യത്തെ ഇൻഡ്യൻ സംസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഒന്നരലക്ഷത്തോളം വീടുകളിലാണ് വൈദ്യുതി എത്തിയത്. 2006-11-ലെ എൽ.ഡി.എഫ്-ന്റെ ഭരണകാലയളവിൽ 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഇൻഡ്യയിൽ ആദ്യമായി പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രി ശ്രീ. സുശീൽ കുമാർ ഷിൻഡെയാണ് പ്രഖ്യാപനത്തിനായി എത്തിയത്. ശ്രീ. സുശീൽ കുമാർ ഷിൻഡെ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനെ ഹസ്തദാനം ചെയ്തുകൊണ്ട് 'Congratulations' എന്ന് വേദിയിൽ വച്ച് പറഞ്ഞു. അന്നത്തെ സർക്കാരിനെയും പ്രത്യേകിച്ച് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനെയും അനുമോദിക്കുമ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി സാറും ആ വേദിയിലുണ്ടായിരുന്നു. അദ്ദേഹം ഇതുകേട്ട് തലയാട്ടുകയായിരുന്നു. കാരണം ദീർഘമേറിയ 45 വർഷക്കാലം പുതുപ്പള്ളി മണ്ഡലത്തെ പ്രതിനിധീകരിച്ച വ്യക്തിയാണ് ഉമ്മൻ ചാണ്ടി സാർ. എന്നിട്ടും ആ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത് അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനായിരുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ മുൻ എൽ.ഡി.എഫ് ഗവൺമെന്റിന്റെ

കാലത്ത് പ്രഖ്യാപിക്കപ്പെട്ട സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ചയെന്നുള്ള രീതിയിൽ ഇന്ന് അതിന്റെ എല്ലാ തലത്തിലേക്കും അതിവേഗം മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വിവിധ പദ്ധതികളിലായി കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക്, അതിൽ 30 മെഗാവാട്ട് ഇതിനകം പൂർത്തിയായിരിക്കുകയാണ്. കൂടാതെ വിവിധ പദ്ധതികളിലായി 12 മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിച്ചു. വെള്ളത്തൂവൽ, പെരുന്തേനരുവി ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. 1000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പ്രസരണ പദ്ധതി, അതുപോലെതന്നെ അപേക്ഷകർക്ക് അനുകൂലമായിട്ടുള്ള ഒട്ടനവധി ആനുകൂല്യങ്ങളും തുടങ്ങി 3,55,000-ത്തോളം വൈദ്യുതി കണക്ഷനുകൾ, 1300 കിലോമീറ്ററോളം 11 കെ.വി. ലൈൻ, 3700 കിലോമീറ്റർ എൽ.റ്റി. ലൈൻ, 1800 വിതരണ ട്രാൻസ്ഫോർമറുകൾ എന്നിവയും സ്ഥാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേരളത്തിന്റെ പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായുള്ള ശ്രദ്ധേയമായ പദ്ധതികളാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത്. 1000 സ്ക്വയർ ഫീറ്റിൽ കുറഞ്ഞ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് വീട്ടുനമ്പരോ കൈവശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം അങ്ങേയറ്റം പ്രശംസാർഹമായിരുന്നു. വീട്

വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് നേരിട്ട് ഏറ്റെടുക്കുന്ന നടപടി ഒരുപക്ഷെ കേരളത്തിൽ ആദ്യമായിട്ടായിരിക്കും. മൂവായിരത്തോളം വീടുകളുടെ വയറിംഗാണ് വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തിയത്. ഈ ഘട്ടത്തിൽ സാമൂഹ്യ പ്രതിബദ്ധതയോടെ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാൻ മുൻകൈയ്യെടുത്ത അതിൽ പങ്കാളികളായിട്ടുള്ള കേരളത്തിലെ വൈദ്യുതി ബോർഡ് ജീവനക്കാർക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ട് അർപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് ഉദ്ദേശിക്കുന്ന തിരുനെൽവേലി - കൊച്ചി 400 കെ.വി. ലൈനിന്റെ എടമൺ-കൊച്ചി ഭാഗത്ത് മുടങ്ങിക്കിടന്ന ലൈൻ നിർമ്മാണ ജോലികൾ ഈ സർക്കാരിന്റെ കാലത്താണ് പുനരാരംഭിച്ചിരിക്കുന്നത്. നഷ്ടപരിഹാരത്തുക പ്രഖ്യാപിച്ച് വ്യക്തമായ ഉത്തരവിറക്കി, പ്രാദേശിക എതിർപ്പ് പരിഹരിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്ന പള്ളിവാസൽ, തോടിയാർ, ചാത്തൻകോട് എന്നീ പദ്ധതികൾ പുനരാരംഭിക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിക്കുകയായിരുന്നു. സംസ്ഥാനത്തെ മുഴുവൻ

തെരുവ് വിളക്കുകളും എൽ.ഇ.ഡി ആക്കി മാറ്റുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി., കാര്യക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചു. അങ്ങനെ വളരെ ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. അങ്ങനെ ജനക്ഷേമകരമായ പ്രവർത്തന പദ്ധതികളുമായി നാടിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി മുന്നോട്ടുകുതിക്കുന്ന ഈ സർക്കാരിനെതിരെയാണ് യു.ഡി.എഫ്. ഇപ്പോൾ പ്രചണ്ഡമായ അപവാദ പ്രചരണത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിടുന്നത്.

'യഥാർത്ഥ ജ്ഞാനത്തിലേക്കുള്ള ആദ്യപടി നമ്മുടെ അജ്ഞതയെക്കുറിച്ചുള്ള ബോധം വരികയെന്നതാണ്' - മഹാനായ തത്വചിന്തകൻ സോക്രട്ടീസിന്റേതാണ് ഈ വാക്കുകൾ. ഇവിടെ യു.ഡി.എഫ്-ന് തീരെ ഇല്ലാതെ പോകുന്നതും അതാണ്. അതാണ് നമ്മൾ ഇവിടെ ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്. ആശയ ദാരിദ്ര്യവും അസഹിഷ്ണുതയുമെല്ലാം പ്രതിഫലിക്കുന്ന ദയനീയ പ്രകടനങ്ങളാണ് ഇപ്പോൾ ഈ സഭാതലത്തിൽ അനുദിനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഈ സർക്കാരിനെ ഒന്നും ചെയ്യാൻ

കഴിയില്ല. കാരണം സത്യം, ഹൃദയശുദ്ധി, നിസ്വാർത്ഥത എന്നീ ഗുണങ്ങളുള്ള മനുഷ്യനെ പരാജയപ്പെടുത്താൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. ഈ വാക്കുകൾ എന്റേതല്ല, സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകളാണ്; ഇത് കടമെടുക്കുകയാണ്. സത്യവും ഹൃദയശുദ്ധിയും നിസ്വാർത്ഥതയുമെല്ലാം ഒത്തിണങ്ങിയ ഒരു മുഖ്യമന്ത്രിയും ഒരു സർക്കാരുമാണ് ഈ നാട് ഭരിക്കുന്നത്. മലയാളിയുടെ ജീവിതത്തേയും സംസ്കാരത്തേയും എന്നും മുന്നോട്ടുനയിച്ചത് അവരുടെ ഉയർന്ന മൂല്യബോധമാണ്. അത് സംരക്ഷിക്കുന്ന സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ.

എന്റെ സുഹൃത്തുകൂടിയായ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ചീമേനി കൽക്കരി നിലയത്തെക്കുറിച്ചായിരുന്നു. ചീമേനി കൽക്കരി നിലയത്തിനെതിരായിട്ടുള്ള സമീപനമായിരുന്നു അവിടത്തെ ജനങ്ങൾ സ്വീകരിച്ചത്. ഏത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനെയും ഇടതുപക്ഷ ജനാധിപത്യമുന്നണി എപ്പോഴും സ്വാഗതം ചെയ്യാറുണ്ട്; നടപ്പിലാക്കാറുമുണ്ട്. വാതകാധിഷ്ഠിത നിലയം വരുന്നതിൽ അവിടത്തെ ജനങ്ങൾക്ക് എതിർപ്പില്ല. അതുപോലെ കാസർഗോഡ് വിവിധ മേഖലകളിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള ഏതു നടപടി സർക്കാർ എടുത്താലും അവിടത്തെ ജനങ്ങൾ അതിനെ സ്വാഗതം

ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എന്നാൽ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളതെന്ന് അറിയാം.

ഇവിടെ പുതിയ മുന്നണിയെക്കുറിച്ചും ചില അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ചുമെല്ലാം എന്റെ സുഹൃത്ത് സൂചിപ്പിക്കുകയുണ്ടായി. കോൺഗ്രസ്സിന് അതിനെക്കുറിച്ച് പറയാൻ എന്ത് അർഹതയാണുള്ളത്; ഗാന്ധി ശിഷ്യരും ഗാന്ധി ഘാതകരും ഒന്നിച്ചുനിൽക്കുകയല്ലേ? ബഹുമാന്യനായ പി. ടി. തോമസ് പലപ്പോഴും ഇ.എം.എസ്-ന്റെ ഉദ്ധരണികളെല്ലാം ഉന്നയിച്ച് ഇവിടെ പറയാറുണ്ടല്ലോ? കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലും പൈവളികെ ഗ്രാമപഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്കിലും കോൺഗ്രസ്സും ലീഗും ബി.ജെ.പി.-യും മുന്നണിയാണ്. കാസർഗോഡ് ജില്ലാ സഹകരണബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതുവരെ നിങ്ങൾ ആരോടൊപ്പമായിരുന്നു; എന്നിട്ട് നിങ്ങളാണോ അവിശുദ്ധ ബന്ധത്തെക്കുറിച്ച് ഇവിടെ പ്രതികരിച്ചുകൊണ്ടിരിക്കുന്നത്? അതുപോലെതന്നെ ഇന്നലെ ഇവിടെ പോലീസ് അതിക്രമവും ക്രമസമാധാന തകർച്ചയും ചൂണ്ടിക്കാട്ടി നിറഞ്ഞാടുവാൻ

ശ്രമിക്കുകയായിരുന്നല്ലോ; എന്തായിരുന്നു കേരളത്തിന്റെ പൂർവ്വകാല ചരിത്രം? നിങ്ങൾ ഓർക്കുന്നില്ലേ, ഇൻഡ്യയുടെ ഭരണാധികാരത്തിന്റെ കിരീടവും ചെങ്കോലും കൈയ്യാളിയിരുന്ന മുൻപ്രധാനമന്ത്രി 1975-ൽ ജനാധിപത്യ വഴിത്താരയിൽ നിന്ന് വിട്ടുമാറി ഇൻഡ്യയെ നിന്ദ്യമായ സ്വേച്ഛാധിപത്യത്തിന്റെ വഴിയിലൂടെ മുന്നോട്ടു നയിച്ചപ്പോൾ അടിയന്തരാവസ്ഥയുടെ ഭീകരയാമങ്ങളിൽ കേരളത്തിലെ പോലീസ് സ്റ്റേഷനുകളെല്ലാം കോൺസെൻട്രേഷൻ ക്യാമ്പുകളായി മാറുകയായിരുന്നു; കൊലക്കളമായി മാറുകയായിരുന്നു. കൊലക്കളമായി മാറിയിരുന്ന ആ സന്ദർഭത്തിൽ നിങ്ങൾ അന്നത്തെ മർദ്ദനമുറകൾക്കിട്ടത് എന്തെല്ലാം ഓമനപ്പേരുകളാണ്? ഉരുട്ടൽ ഒരു ഭാഗത്ത്, ആളുകളെ ശരിപ്പെടുത്തി, പമ്പാവാസൻ, ഗരുഡൻ തൂക്ക്, കാവടിയാട്ടം ഇതെല്ലാമായിരുന്നു അന്ന് മർദ്ദനമുറകൾക്ക് പേര് ചൊല്ലി വിളിച്ചിരുന്നത്. അങ്ങനെ കേരളത്തിലെ ജനാധിപത്യ വ്യവസ്ഥയാകെ തകർത്ത് പൗരാവകാശമെല്ലാം ഇല്ലാതാക്കി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്തുകൊണ്ട് ഈ അപകടകരമായ ജനാധിപത്യവിരുദ്ധമായ അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു ഭരണ സംവിധാനമായിരുന്നില്ലേ നിങ്ങളുടെ കാലത്ത് കേരളം കണ്ടത്? എന്നിട്ട് ഇപ്പോൾ നിങ്ങൾ ഏത് അർത്ഥത്തിലാണ് ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിമർശിക്കാൻ വരുന്നത്? ഇടതുപക്ഷ

ജനാധിപത്യമുന്നണിക്ക് വ്യക്തമായ ഒരു പോലീസ് നയമുണ്ടെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചു; ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ജനങ്ങളുമായി സൗഹൃദം വച്ചുപുലർത്തുന്ന പോലീസ്, ജനങ്ങളെ ആക്രമിക്കാനും കൊന്നൊടുക്കാനും അകാരണമായിട്ട് മർദ്ദിക്കാനുമല്ല മറിച്ച്, അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ നാടിന്റെ ക്രമസമാധാന പരിപാലനം ഉറപ്പുവരുത്താൻ നാടിന്റെയും അതുവഴി ജനങ്ങളുടെയും കാവലാളായിട്ടുള്ള പ്രവർത്തനമാണ് കേരളത്തിലെ പോലീസ് നടത്തേണ്ടതെന്നാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത കാഴ്ചപ്പാട്. അതിൽ ഉറച്ചുനിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. സാധാരണക്കാരന്റെ താല്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, അവന്റെ ഹൃദയസ്പന്ദനം ഉൾക്കൊള്ളാൻ കഴിയുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ച് വളരെ കൃത്യതയോടുകൂടി ഇവിടെ പ്രശ്നപരിഹാരമുണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കാരണം മണ്ണിന്റെ ഗന്ധമറിയുന്ന സർക്കാരാണിത്; തൊഴിലാളിയുടെ ഹൃദയത്തുടിപ്പ് മനസ്സിലാക്കുന്ന സർക്കാരാണിത്.

"ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽ പരക്ലേശവിവേകമുള്ളൂ"

എന്ന് പാടിയത് കുഞ്ചൻനമ്പ്യാരാണ്. അങ്ങനെ മണ്ണിൽ കഷ്ടതയനുഭവിക്കുന്ന

അവശവിഭാഗത്തിന്റെ ഹൃദയസ്പന്ദനം ഉൾക്കൊണ്ട് വരുംനാളുകളിൽ അവരോടൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കാൻ ഈ സർക്കാരിന് കഴിയും. എവിടെ ജനങ്ങൾ വിമോചനത്തിനുവേണ്ടി സ്വാതന്ത്ര്യത്തിനുവേണ്ടി അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടുന്നുവോ അവരോടൊപ്പം നിൽക്കാൻ ഈ ഗവൺമെന്റിന് കഴിയും.

"എങ്ങു മനുഷ്യന് ചങ്ങല കൈകളിലങ്ങെൻ
കൈയുകൾ നൊന്തീടുകയാണെങ്ങോ മർദ്ദന
മവിടെ പ്രഹരം വീഴുമതെന്റെ പുറത്താകുന്നു."

ഇത് എൻ. വി. കൃഷ്ണവാര്യരുടെ വരികളാണ്.

<u>മി. സ്പീക്കർ</u>: .........പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, പാവപ്പെട്ട മനുഷ്യർ, അവശവിഭാഗം, പാർശ്വവൽക്കരിക്കപ്പെട്ടവർ പീഡനമനുഭവിക്കുന്ന ഘട്ടത്തിൽ അതിനെ പ്രതിരോധിക്കാൻ അവരോടൊപ്പം നിൽക്കാൻ അവരുടെ കണ്ണീരൊപ്പാൻ ഈ സർക്കാർ എന്നുമുണ്ടാകും. പണിയെടുക്കുന്ന തൊഴിലാളികളുടെയും കൃഷിക്കാരുടെയും സമൂഹത്തിലെ സമസ്ത വിഭാഗം ജനങ്ങളുടെയും ഹൃദയസ്പന്ദനം ഉൾക്കൊണ്ട് നാടിന്റെ സമഗ്ര വികസനവും ജനക്ഷേമവും മുൻനിർത്തി ഈ സർക്കാർ മുന്നോട്ട് പോകും.

'എൽ.ഡി.എഫ്.' എന്ന ഈ ജനകീയ അശ്വത്തെ പിടിച്ചുകെട്ടാൻ ആരുണ്ടിവിടെ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഈ സർക്കാർ മുന്നോട്ടു കുതിക്കുക തന്നെ ചെയ്യും. ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇപ്പോൾ ചെന്ന് നോക്കിയാൽ ഭാർഗ്ഗവീനിലയവും രണ്ടാം നിലയിൽ മുഴുവൻ എലികളുമാണെന്ന് ശ്രീ. വി. അബ്ദുറഹിമാൻ സംസാരിച്ചപ്പോൾ പറഞ്ഞു. ഈ എലികളെല്ലാം ഒരു വർഷംകൊണ്ട് ഉണ്ടായതാണ്. സ്വർഗ്ഗാലയമായിരുന്ന തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇന്ന് ഭാർഗ്ഗവീനിലയമാക്കി മാറ്റിയെന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ ഏറ്റവും വലിയ നേട്ടം. അതുതന്നെയാണ് യു.ഡി.എഫ്-ഉം, എൽ.ഡി.എഫ്-ഉം തമ്മിലുള്ള നേട്ടത്തിന്റെ വ്യത്യാസം എന്നുള്ളത് സൂചിപ്പിക്കട്ടെ. സി.പി.ഐ.(എം)-ന്റെ നവ കേരള മാർച്ച് 2016 ഫെബ്രുവരി 15-ന് തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ അവസാനിച്ചപ്പോൾ ജാഥാ ക്യാപ്റ്റൻ സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോ അംഗം സഖാവ് പിണറായി വിജയൻ യാത്രാവിജയത്തിന്റെ ലഹരിയിൽ ഒരു പ്രാവിനെ പറത്തി. ആ പ്രാവ് ഒരടിപോലും കുതിക്കാനാകാതെ നിലംപൊത്തി. വരാൻ പോകുന്ന ദുരന്തത്തിന്റെ

ദുസ്സൂചനയാണെന്ന് എല്ലാവരും അതിനെ പ്രവചിച്ചു. അതെ, എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറത്തിയ ആ പ്രാവാണ് ഈ ഗവൺമെന്റ്. ദുസ്സൂചന പോലെ ഈ ഗവൺമെന്റ് മേയ് 25-ന് ഒരു വർഷം തികയുമ്പോൾ ഒരടി പോലും പറക്കുവാനും കുതിക്കുവാനുമാകാതെ തറയിൽ കുപ്പുകുത്തികിടക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ആ പ്രാവിന് പറക്കാൻ കഴിയാത്തതെന്ന് അറിയാമോ? അതിനെക്കുറിച്ച് ഞാൻ പറയാം. പ്രാവിന്റെ കാലുകൾ ആരോ ബന്ധിച്ചിരിക്കുന്നു. പ്രാവിന്റെ കാലുകൾ ആരോ ബന്ധിപ്പിച്ചിരുന്നു, അതിന്റെ ചിറകുകൾ അങ്ങയുടെ കൈകളിൽ അമർന്നു തളർന്നിരുന്നു. ഈ ഗവൺമെന്റിന് പറ്റിയ വീഴ്ചയും അതുതന്നെയാണ്. അങ്ങ് മന്ത്രിമാരുടെ കാലുകൾ കൂട്ടികെട്ടി, ഉദ്യോഗസ്ഥന്മാരുടെ ചിറകുകൾ തളർത്തി, ഏകാധിപത്യ ശൈലിയിൽ വാക്കുകൾ കൊണ്ട് അസ്ത്രം തൊടുത്തു, കൈതൊടുന്നതൊക്കെയും നിലം പൊത്തുകയും നിലവിടുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് കണ്ടകശനിയാണെന്നാണ് എനിക്ക് തോന്നുന്നത്. കണ്ടക ശനി കൊണ്ടേപോകുവെന്നാണ് ജ്യോത്സ്യന്മാർ പറയുന്നത്. ഇതുമൂലം താഴെപ്പറയുന്ന ദോഷങ്ങൾ ഉളവാകുമെന്നുള്ളത് ഉറപ്പല്ലേ? വീഴ്ച, മനോവേദന, തൊഴിൽ വിട്ടുനിൽക്കുക, ധനനഷ്ടം, തോൽവി, ഭരണ പരാജയം,

മാനഹാനി, സ്ത്രീകൾക്കും കുട്ടികൾക്കും നാട്ടിൽ ജീവിക്കാൻ പറ്റാത്ത അവസ്ഥ, കൊടിയ ജല ദൗർലഭ്യം, ക്രിമിനൽ കേസ്സുകൾ പെരുകൽ, മന്ത്രിമാർ അലസന്മാരാകുക, മണി കെണിയാകുക, ബെഹ്റ രാജി വയ്ക്കാതിരിക്കുക, ഡി.ജി.പി. ഇല്ലാതിരിക്കുക, സുപ്രീംകോടിതിയിൽ കേസ് തോൽക്കുക, ജനം സർക്കാരിന് എതിരാകുക, മുഖ്യമന്ത്രി തോന്നിയത് പറയുക, എടാ പോടോ വിളി ഉണ്ടാകുക, ചിരിക്കാൻ കഴിയാതെ വരുന്ന അവസ്ഥ, അലസത, അഹങ്കാരം എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷണങ്ങൾ. ഇതിന് പ്രതിവിധിയുണ്ട്. ഇതൊക്കെ തൽക്കാലത്തേയ്ക്കെങ്കിലും തരണം ചെയ്യണമെങ്കിൽ ചില പ്രതിവിധികൾ കൂടി പറയുകയാണ്. ശനിയാഴ്ച ഉപവസിക്കണം, ഇരുമ്പിന്റെ മോതിരം കയ്യിൽ ധരിക്കണം, മന്ത്രി മണിക്ക് അതിന്റെ ആവശ്യമില്ല ഇരുമ്പിന്റെ താക്കോൽ കൂട്ടം കയ്യിൽ പിടിച്ചാൽ മതി, പ്രതിപക്ഷത്തെ കേൾക്കുക. ചോദ്യങ്ങൾക്ക് വഴങ്ങുക, ഭരണ കാര്യങ്ങളിൽ ശ്രദ്ധിക്കുക, കോടതി വിധി മാനിക്കുക, നല്ലത് ചിന്തിക്കുക, കെഎസ്.യു./യൂത്ത് കോൺഗ്രസ്/യു.ഡി.എഫ്. സമരങ്ങളെ അടിച്ചമർത്താതിരിക്കുക, ഉദ്യോഗസ്ഥന്മാരെ മുഖവിലയ്ക്കെടുക്കുക തുടങ്ങിയവയാണ്. നാട്ടുഭാഷയുടെ ആധുനിക പിതാവായ ശ്രീ. എം. എം. മണിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമക്കുന്നത് ഈ കണ്ടകശനി കൊണ്ടാണ്.

സുപ്രീംകോടതി തള്ളിപ്പറഞ്ഞ ശ്രീ. ലോക്നാഥ് ബെഹ്റയെ മുഖ്യമന്ത്രി താങ്ങുന്നതും ശ്രീ. ടി. പി. സെൻകുമാറിനെ തൽസ്ഥാനത്ത് നിയമിക്കാത്തതും ഈ കണ്ടകശനി കൊണ്ടാണ്. മറ്റു മന്ത്രിമാരുടെ ഉപദേശം തേടാതെ കൂടുതൽ ഉപദേശകന്മാരെ വയ്ക്കുന്നതും ഈ കണ്ടകശനികൊണ്ടാണ്. ഡി.ജി.പി. ആരാണെന്ന് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറയാത്തത് ഈ കണ്ടകശനികൊണ്ടാണ്. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ ഡി.ജി.പി. ഓഫീസിന് സമീപം വലിച്ചിഴച്ചത് ഈ കണ്ടകശനികൊണ്ടാണ്. മൂന്നാർ ഒഴിപ്പിക്കലിൽ കുട്ടുത്തരവാദിത്തം നഷ്ടപ്പെട്ട മന്ത്രിസഭയിൽ ഭിന്നാഭിപ്രായം ഉണ്ടായത് ഈ കണ്ടകശനികൊണ്ടാണ്. സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബഹുമാന്യനായ കാനം രാജേന്ദ്രൻ കറക്കിയെറിഞ്ഞ മുതലാളിത്ത ശൈലി തകർക്കൽ സുദർശന ചക്രത്തിൽ മുഖ്യമന്ത്രി നിലംപരിശായതും ഈ കണ്ടകശനികൊണ്ടാണ്. വ്യവസായ വകുപ്പിലാണ് ആദ്യമായി ഈ കണ്ടകശനി പിടിപെട്ടത്. ഒരു വർഷം കൊണ്ട് വ്യവസായ വകുപ്പിന് എന്ത് നേട്ടമാണുണ്ടാക്കിയത്. വ്യവസായ വകുപ്പിന് ആകെക്കൂടി ഉണ്ടായ നേട്ടം ഒരു വർഷത്തിനുള്ളിൽ ശ്രീ. ഇ. പി. ജയരാജൻ രാജി വച്ചുവെന്നതുമാത്രമാണ്. തന്നെ വ്യവസായ വകുപ്പിൽ നിന്നും മാറ്റണമെന്ന് ചില മാഫിയകൾ ആവശ്യം

ഉന്നയിച്ചിരുന്നുവെന്നാണ് ശ്രീ. ഇ. പി. ജയരാജൻ അന്ന് ഇവിടെ പറഞ്ഞത്. ആരാണ് ഈ മാഫിയയെന്ന് അറിയണ്ടേ? ശ്രീ. ഇ. പി. ജയരാജനോട് രാജി വയ്ക്കാൻ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ശ്രീ. ഇ. പി. ജയരാജൻ കുറ്റസമ്മതം നടത്തിയെന്ന് പറഞ്ഞത് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനുമാണോ ഈ മാഫിയാക്കാർ. പക്ഷെ ശ്രീ. ഇ. പി. ജയരാജനോട് ചെയ്തത് നീതികേടാണ്. എനിക്ക് വളരെ ഇഷ്ടമുള്ള ഒരാളാണ് ശ്രീ. ഇ. പി. ജയരാജൻ. കാരണം പതിനഞ്ച് വർഷമായി പൂട്ടിക്കിടന്ന പെരുമ്പാവൂർ റയോൺസിലെ തൊഴിലാളികളുടെ കുടിശ്ശിക കൊടുത്തുതീർക്കാമെന്ന് പറഞ്ഞ് ഉറപ്പുനൽകിയ ആളായിരുന്നു പാവം ജയരാജൻ സഖാവ്. ബന്ധുക്കളെ നിയമിച്ചതിന് ശ്രീ. ഇ. പി. ജയരാജന് മാത്രമേ കുറ്റമുള്ളൂ. അന്ന് പതിനഞ്ചോളം ബന്ധുക്കളെയാണ് സി.പി.ഐ (എം) നേതാക്കൾ നിയമിച്ചത്. ശ്രീ. ജയരാജന്റെ ബന്ധുക്കളൊഴികെ എല്ലാവരും ഇപ്പോൾ തുടരുന്നത് നീതീകരിക്കാമോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 വ്യവസായങ്ങൾ ലാഭത്തിലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്ത് സൂത്രമാണ്. ഒരു വർഷത്തെ ഓഡിറ്റ് പോലും നടത്തിയിട്ടില്ലാത്ത, ഇത് കണക്കിലെ

കള്ളക്കളികൾ കൊണ്ടുമാത്രമാണ് ലാഭത്തിലാണെന്ന് പറയുന്നത്. കയർ മേഖല തകർന്നടിഞ്ഞു കിടക്കുകയാണ്. വാചകമടി മാത്രമാണ് കയർ മേഖലയിൽ നടക്കുന്നത്. വർഷം മുഴുവൻ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചത്. പക്ഷെ ഇപ്പോൾ അത് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ 10.34 കോടി രൂപയുടെ അഴിമതി കേസാണ് ഉണ്ടായത്. സഭയിൽ ബഹുമാനപ്പെട്ട വി. ഡി. സതീശനാണ് ആരോപണം ഉന്നയിച്ചത്. വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിച്ച് ശ്രീമതി മേഴ്സിക്കുട്ടി അമ്മയെ രക്ഷിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ചെറുകിട വ്യവസായ സംഘടനയായ കേരള സ്റ്റേറ്റ് എസ്.എം.ഇ.ഒ-യെ അട്ടിമറിച്ച് ശ്രീ. വി.കെ.സി. മമ്മത് കോയയുടെ നേതൃത്വത്തിലുള്ള കെ.എസ്.എസ്.ഐ.-യെ കുടിയിരുത്തുവാൻ നടത്തുന്ന ശ്രമം അഴിമതി ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. അതിനെക്കുറിച്ച് മുൻപുള്ളവർ സംസാരിച്ചുവെന്നുള്ളതുകൊണ്ട് ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയെക്കുറിച്ചും വൈദ്യുതി വകുപ്പിനെക്കുറിച്ചും ഒന്നും പറയുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: നാട്ടും മേട്ടും വൃക്ഷങ്ങളും മൃഗങ്ങളും ഒന്നും വേണ്ടായെന്നും കാട്ടിൽ മറ്റേ പണിയാണെന്നും പറയുന്ന ഈ ഗ്രാമവാസി ആതിരപ്പള്ളി പദ്ധതി നടപ്പിലാക്കുമെന്ന് പറയുമ്പോൾ മന്ത്രിസഭയിലെ സി.പി.ഐ. മന്ത്രിമാർ അതിനെതിരല്ലേ? കുട്ടുത്തരവാദിത്തമില്ലാതെയും വായിൽ തോന്നിയത് വിളിച്ച് പറയുകയും ചെയ്യുന്ന ശ്രീ. എം. എം. മണിക്ക് മൂക്കുകയർ ഇടാനുള്ള സമയം അതിക്രമിച്ചു. സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടേറിയറ്റ് താക്കീത് നൽകിയെങ്കിലും അതിനുശേഷമുള്ള ശ്രീ. എം. എം. മണിയുടെ പ്രസ്താവനകൾ സംസ്കാരമില്ലാത്തതും പദവിക്ക് യോജിച്ചതുമല്ലായെന്ന് തെളിയിക്കുകയാണ്. ഞാൻ ചുരുക്കുകയാണ്. വൈദ്യുതി വകുപ്പുമന്ത്രി മണിയാശാനോട് വ്യക്തിപരമായ എതിർപ്പ് നമുക്കാർക്കും ഇല്ല. അങ്ങയുടെ സംസ്കാര ശൂന്യമായ വാക്കുകളോടാണ് എതിർപ്പ്. അതുകൊണ്ട് മാത്രമാണ് അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായിരിക്കുമ്പോഴും വൈദ്യുതിയുടെ ഉപഭോക്താക്കളായി ഞങ്ങൾ തുടരുന്നത്. നിയമസഭയുടെ അറുപതാം വാർഷികത്തോടനുബന്ധമായി ചരിത്രമുറങ്ങുന്ന പഴയ നിയമസഭാ ഹാളിൽ പൊരിഞ്ഞ ചൂടിലും ആവിയിലും ഒരു ശീതീകരണ യന്ത്രംപോലും ഇല്ലാതെ സഭ ഒന്നടങ്കം ഇരുന്നത് അങ്ങയോടുള്ള പ്രതിഷേധമായിട്ടുകൂടിയാണെന്നുള്ളത് അങ്ങ്

മനസ്സിലാക്കണം. ഞാൻ ചുരുക്കുകയാണ്. ഒരു ഉപദേശം കൂടി വൈദ്യുതി വകുപ്പുമന്ത്രിക്ക്. വൈദ്യുതി മൂലമുണ്ടാകുന്ന തീയിൽ വെള്ളം ഒഴിച്ച് അണയ്ക്കാൻ ശ്രമിക്കരുത്. അത് വൻ അപകടത്തിനും അവനവന്റെ തന്നെ നാശത്തിനും ഇടയാക്കും. അങ്ങയുടെ നാവിനും കൂടിവേണ്ടി പറയുകയാണ്. രാമായണം എഴുതിയത് വാല്മീകിയാണ്. വാല്മീകി സന്യാസിയാകുന്നതിനുമുൻപ് ഒരു വേടനായിരുന്നു. ദിവസവും വേട്ടയ്ക്കുപോയി മാനിനെയും മൃഗങ്ങളെയും പിടിച്ചുകൊണ്ടുവരും. ഇതിന്റെ പാപഭാരമെല്ലാം നീ കൂടി പങ്ക് വയ്ക്കില്ലേയെന്ന് ഒരു ദിവസം ഭാര്യയോട് ചോദിച്ചു. ഭാര്യ പറഞ്ഞു 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ തന്നെ അനുഭവിച്ചീടണം'. ഇവിടെ മന്ത്രിമാരും മന്ത്രിസഭയും ചെയ്യുന്ന പാപങ്ങൾ അനുഭവിക്കേണ്ടത് പാവപ്പെട്ട ജനങ്ങളാണ്. അതുകൊണ്ട് ഈ ശ്ലോകത്തിൽ ഒരു മാറ്റമുണ്ട്. 'ഗവൺമെന്റ് നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ പാവം ജനങ്ങൾ തന്നെ അനുഭവിച്ചീടണം'. ഞാൻ ചുരുക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, ബഹുമാനപ്പെട്ട പതിനഞ്ച് അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയിൽ ഉന്നയിച്ച ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളെയും

സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ വ്യവസായ മേഖല അഭിവൃദ്ധിപ്പെടണമെന്നുള്ള പൊതുകാഴ്ചപ്പാട് ഈ ചർച്ചയിൽ എല്ലാ അംഗങ്ങളും ഉയർത്തുകയുണ്ടായി. ഇടത്തരം-വൻകിട വ്യവസായങ്ങളും സൂക്ഷ്മ ചെറുകിട സംരംഭങ്ങളും പരമ്പരാഗത വ്യവസായങ്ങളുമടങ്ങുന്നതാണ് കേരളത്തിന്റെ വ്യവസായ സംരംഭങ്ങൾ. ഈ വ്യവസായ സംരംഭങ്ങളെ ആധുനികവൽക്കരിക്കാനും സുതാര്യമായും അഴിമതിരഹിതമായും മുന്നോട്ടുകൊണ്ടുപോകാനും പ്രതികൂലകാലാവസ്ഥയിലും സാമ്പത്തികമായും ടെക്നോളജി നൽകിയും സഹായിക്കാനും അതിന്റെ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്താനുമാണ് ഗവൺമെന്റ് ശ്രമിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളോട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം ഇവിടെ മിക്കവാറും അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ യൂണിറ്റുകൾ വിറ്റഴിക്കാനുള്ള സമീപനം സ്വീകരിക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ പൊതുമേഖലയെ സംരക്ഷിക്കാനുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. അത്തരമൊരു ബദൽ സമീപനം സ്വീകരിച്ചതിനെത്തുടർന്നാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പടിപടിയായി വളർന്നുകൊണ്ടിരിക്കുന്നത്. നാൽപ്പത്

പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമായി എന്നൊരു അവകാശവാദം ഇവിടെ ആരും ഉന്നയിച്ചില്ല. പക്ഷേ മുൻകാലത്തുണ്ടായിരുന്ന പ്രവണതകളെ തിരുത്താൻ, തെറ്റായ കീഴ്വഴക്കങ്ങൾ ഇല്ലാതാക്കാൻ, തെറ്റായ നടപടികൾ തിരുത്താൻ, വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരിശോധിക്കാൻ, വ്യവസായ പുനരുദ്ധാരണ ബോർഡിനെക്കൊണ്ട് ആവശ്യമായ നിർദ്ദേശങ്ങളുണ്ടാക്കിക്കാൻ, വ്യവസായ വികസനത്തിനാവശ്യമായ സൗകര്യമുണ്ടാക്കിക്കൊടുക്കാനുള്ള ഒരു ബദൽ ഈ ഗവൺമെന്റ് മുന്നോട്ടുവച്ചതിന്റെ ഭാഗമായിട്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ അഭിവൃദ്ധി കണ്ടുവരുന്നത്. റിയാബ് മുഖേനയുള്ള പരിശ്രമങ്ങൾ ഇപ്പോഴും തുടരുകയാണ്. ലാഭത്തിലായി എന്നുമാത്രമല്ല, 131 കോടി രൂപ നഷ്ടമുണ്ടായിരുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം ഈ വർഷം 71 കോടി രൂപയായി അതായത് നേർ പകുതിയായി കുറഞ്ഞു. അത് എങ്ങനെയാണ് കണക്കാക്കിയത്? ഓഡിറ്റ് കഴിഞ്ഞിട്ടില്ലല്ലോയെന്ന് ബഹുമാനപ്പെട്ട ഒരംഗം ചോദിച്ചു. ഇന്റേണൽ ഓഡിറ്റില്ലേ? അതുണ്ടാകാത്തതിന്റെ പ്രശ്നങ്ങൾ കേരളത്തിലുണ്ട്, അതുൾപ്പെടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണം. ഓഡിറ്റ് കഴിയുമ്പോൾ കുറച്ചുകൂടി സ്ഥാപനങ്ങൾ ലാഭകരമായ അവസ്ഥയിലേയ്ക്ക് വരുന്നതിന്റെ ചിത്രം അസംബ്ലിക്കുമുന്നിൽ വയ്ക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ഇവിടെ പതിനേഴ് സ്ഥാപനങ്ങൾ കഴിഞ്ഞ തവണത്തെക്കാൾ നഷ്ടം കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. എന്നാലും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കൂടുതൽ സൂക്ഷ്മതയും ആസൂത്രണവും ആവശ്യമുണ്ടെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതിന്റെ ഭാഗമായിട്ടുള്ള സപ്പോർട്ടാണ് ഈ ബഡ്ജറ്റിലൂടെ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം 100 കോടി രൂപയായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പുനരുദ്ധരിക്കാൻ, അതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ, കൃത്യമായി സഹായം നൽകാൻ ഗവൺമെന്റ് തയ്യാറായതിന്റെ ഭാഗമായിട്ടാണ് 270 കോടി രൂപ നൽകി പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ആശയം ഈ ഗവൺമെന്റ് മുന്നോട്ടുവച്ചത്. ഒരുകാലത്തുമില്ലാത്ത വർദ്ധനവാണ് വരുത്തിയത്.

ഇവിടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഷയം ചില ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. TELK NTPC-യുമായി ജോയിന്റ് വെഞ്ചറായിരുന്നു. NTPC-യുടെ നല്ല പേര് നമുക്ക് ഗുണം ചെയ്യുമെന്ന് കണക്കാക്കിയാണ് അന്നത്തെ കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് അത്തരമൊരു സമീപനം സ്വീകരിച്ചത്. അതിനെ ഇടതുപക്ഷം കാണിച്ച ഒരു

അബദ്ധമാണെന്നൊക്കെ വിശേഷിപ്പിക്കണമോ? അന്ന് ആരായിരുന്നു ഭരിച്ചിരുന്നതെന്ന് കാണണ്ടേ? കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുക എന്ന പുതിയ നയത്തിന്റെ കെടുതികളാണെന്ന് കണ്ട്, അതിനെതിരെ ഒരുമിച്ച് നിൽക്കാൻ ഈ സഭയ്ക്ക് കഴിയേണ്ടേ; അത് കേരളത്തിന്റെ പൊതുവികാരമായി മാറുകയല്ലേ വേണ്ടത്; അത്തരമൊരു സമീപനത്തിലേയ്ക്ക് നമ്മൾ പോകണം. ടെൽക്കിന് ഒരു പൈസപോലും ഇപ്പോൾ NTPC മുടക്കുന്നില്ല. ടെൽക്കിനെ സഹായിക്കാൻ ഈ ഗവൺമെന്റ് നിൽക്കുകയാണ്. ടെൽക്ക് കുറേവർഷങ്ങൾക്കുശേഷം ഈ വർഷം ലാഭത്തിലായി. അത് അവിടുത്തെ തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും ആസൂത്രണത്തിന്റെ ഭാഗമായിട്ടാണ്. നല്ല പങ്ക് വഹിച്ചത് തൊഴിലാളികളാണ്. അത്തരമൊരു സമീപനം ടെൽക്കിന്റെ കാര്യത്തിലുണ്ടായി. കോഴിക്കോട്ടുള്ള സ്റ്റീൽ കമ്പനിയായ SAIL-ഉം ആയി ജോയിന്റ് വെഞ്ചറാണ്. SAIL ഒഴിയാൻ നിൽക്കുകയാണ്. അതിന്റെ ഭാഗമായി ഉൽപ്പാദനം നടക്കുന്നില്ല. അത് തുടങ്ങുമ്പോൾ എന്തായിരുന്നു നമ്മുടെ പ്രതീക്ഷ? ഇങ്ങനെ ജോയിന്റ് വെഞ്ചർ സംരംഭങ്ങൾ തുടങ്ങാൻ എനിക്ക് ആത്മവിശ്വാസമുണ്ടെന്ന് അന്നത്തെ കേന്ദ്രമന്ത്രിയായ ബഹുമാന്യനായ എ. കെ. ആന്റണി പ്രസംഗിച്ചത് നമ്മുടെ ഓർമ്മയിലുണ്ട്. അത്തരമൊരു സന്ദർഭത്തിലാണ്

കൂടുതൽ വികസനത്തിനുവേണ്ടി ഇത്തരം ജോയിന്റ് വെഞ്ചറുകൾ ആരംഭിച്ചത്. ഇപ്പോൾ അതിൽനിന്നും പിൻവലിക്കുകയാണ് SAIL ചെയ്യുന്നത്. ഇതുമാത്രമല്ല. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ജോയിന്റ് വെഞ്ച്വറിൽ നിന്നും ഒഴിവാക്കി വിൽക്കാൻ തീരുമാനിച്ചു. സംസ്ഥാന ഗവൺമെന്റ് ചർച്ച ചെയ്ത് അത് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. BHEL-ന്റെ യൂണിറ്റ് അടച്ചുപൂട്ടാനും വിൽക്കാനും അവർ നടത്തുന്ന പരിശ്രമങ്ങളെ കുറിച്ച് കാസർഗോഡുള്ള ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാസർഗോഡ് എം.പി.യും എം.പി. മാരുടെ കോൺഫറൻസിൽ ഈ വിഷയം നേരിട്ട് ഉന്നയിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കുന്ന എല്ലാ സ്ഥാപനങ്ങളും പണം കൊടുത്ത് തിരിച്ചെടുക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി നമുക്കുണ്ടോ? അക്കാര്യംകൂടി പരിശോധിക്കണം. അതിനോട് ഒരവഗണനയുമില്ല. ആ സ്ഥാപനം പൊതുമേഖലാ സ്ഥാപനമായി തന്നെ തുടരണമെന്നുള്ള സമീപനമാണ് നമ്മൾ സ്വീകരിക്കുന്നത്.

HNL-നെക്കുറിച്ച് ഈ സഭയ്ക്കകത്ത് പറഞ്ഞല്ലോ? HNL-ന് എല്ലാ സൗകര്യവും സ്റ്റേറ്റ് ഗവൺമെന്റ് ചെയ്തുകൊടുക്കുകയല്ലേ? അസംസ്കൃതവസ്തുക്കൾ, ഭൂമി, വെള്ളം തുടങ്ങിയ മറ്റ് സൗകര്യങ്ങൾ. പക്ഷേ HNL വിൽക്കണമെന്നുള്ള

തീരുമാനമെടുത്തുവരുന്നു. അതിനെതിരെ ഇവിടെ യോജിപ്പുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയം നമ്മുടെ സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അപകടത്തിലാക്കുന്ന ഒരു ഘട്ടത്തിലാണ് അതിനെതിരായ പൊതുവികാരം എല്ലാ വിഭാഗം തൊഴിലാളി സംഘടനകളിൽനിന്നും ഉയർന്നുവരേണ്ടത്. ആ അർത്ഥത്തിൽ ഈ പ്രശ്നങ്ങളെ കാണണമെന്നാണ് വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭാരത് എർത്ത് മൂവേഴ്സിനെ സംബന്ധിച്ച് ഇവിടെ പ്രമേയം അവതരിപ്പിച്ചതും സബ്മിഷൻ ഉന്നയിച്ചതും ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ തന്നെയാണ്. ഇത്തരമൊരു സമീപനം തുടർച്ചയായി സ്വീകരിക്കണം. രാജ്യരക്ഷാ ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾപോലും വിറ്റഴിക്കാൻ കേന്ദ്രഗവൺമെന്റ് ഇപ്പോൾ തീരുമാനിക്കുകയാണ്. അത്തരത്തിലുള്ള സമീപനത്തിനോട് ഈ സഭയ്ക്കകത്തുള്ള ആർക്കും യോജിപ്പുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അത് കേരളത്തിന്റെ ഒരു പൊതുവികാരമായി ഉയർത്തിക്കൊണ്ടുവരാനാകണം. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച ഈ നേട്ടങ്ങളെ കാണാൻ എന്ന വിനയപൂർവ്വമായ

അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഞാൻ കഴിഞ്ഞകാലത്തിന്റെ പോസ്റ്റ്മോർട്ടത്തിലേയ്ക്കൊന്നും പോകുന്നില്ല. അത്തരമൊരു വേദിയാക്കി ഇവിടം മാറ്റണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്താണ് അന്ന് നടന്നിരുന്നതെന്ന് എല്ലാവർക്കുമറിയാം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് നമ്മൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്.

മലബാർ സിമന്റ്സിന്റെ അവസ്ഥ നമുക്കറിയാമായിരുന്നല്ലോ? നല്ല ലാഭമുണ്ടാക്കാൻ കഴിയുന്ന സ്ഥാപനമാണ്. നല്ല ബ്രാൻഡാണ്. പക്ഷേ ഇടക്കാലത്തുണ്ടായ വിജിലൻസ് കേസ്സുകൾ ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ മലബാർ സിമന്റ്സിനെ ആവശ്യത്തിന് അസംസ്കൃതവസ്തുക്കൾ സംഭരിക്കാൻ കഴിയാത്ത പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോയി. രണ്ടുമൂന്ന് മാസം മലബാർ സിമന്റ്സ് അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടായി. അത് നമുക്ക് നഷ്ടമുണ്ടാക്കി. അത് ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുകയാണ്. ദിനംപ്രതി 2000 ടൺ ഉൽപ്പാദനം മലബാർ സിമന്റ്സിൽ നടക്കുന്നു. അത് നേരെ ഇരട്ടിയാക്കാനുള്ള പദ്ധതിയാണ് മലബാർ സിമന്റ്സ് ഇപ്പോൾ ആലോചിക്കുന്നത്. 4000 ടൺ ഉൽപ്പാദനശേഷിയാക്കി കേരളത്തിന്റെ മാർക്കറ്റിൽ സജീവമായി ഇടപെടുന്ന, സിമന്റിന്റെ വില വൻതോതിയിൽ വർദ്ധിക്കുമ്പോൾ അതിൽ ഇടപെടുന്ന

ശക്തിയായി മലബാർ സിമന്റ്സ് മാറാൻ പോകുകയാണ്.

ഇതിനുപുറമെ, KMML-ന്റെ ലാഭത്തിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. KMML-ന്റെ പിഗ്മെന്റ് ഉൽപ്പാദനശേഷി ഇപ്പോൾ 40,000 ടൺ ആണ്. അത് 60,000 ടണ്ണാക്കി വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും. അതിന്റെ ഭാഗമായി ഉണ്ടാകുന്ന കമ്പനിയുടെ ലാഭം മാത്രമല്ല, തൊഴിലവസരങ്ങളും പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമ്മുടെ ധാതുമണൽ ഉപയോഗിച്ച് പൊതുമേഖലയിൽ ഒരു സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിക്കുകയാണ്. അതിൽ നമ്മൾ അഭിമാനം കൊള്ളണം. അതിന്റെ ഉൽപ്പാദനശേഷി 6000 ടണ്ണായി വർദ്ധിപ്പിക്കാൻ സാധിക്കുന്ന രീതിയിൽ 450 കോടി രൂപയെങ്കിലും ചെലവ് വരുന്ന ഒരു പ്രൊജക്ട് നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്കുവേണ്ടി 64 കോടി രൂപയുടെ പ്രോജക്ടിനായുള്ള ഡി.പി.ആർ. തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ, ഇപ്പോൾ എൽ.പി.ജി.-യിൽ പ്രവർത്തിക്കുന്ന പ്ലാന്റ് എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന് ആറേകാൽ കോടി രൂപയുടെ മറ്റൊരു പ്രോജക്ടും കെ.എം.എം.എൽ.-ൽ നടപ്പാക്കുകയാണ്. കെ.എം.എം.എൽ. അഭിവൃദ്ധിയിലേയ്ക്ക് വീണ്ടും പോകാൻ കഴിയുന്ന

അഭിമാനകരമായ സ്ഥാപനമായി മാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ടൈറ്റാനിയം ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിച്ചുവരികയാണ്. അതിന് കയറ്റുമതി സാദ്ധ്യതയുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ടൈറ്റാനിയം ലോഹം, ലോഹസങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ തുടങ്ങിയവ ധാതുമണലിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള ടൈറ്റാനിയം കോംപ്ലെക്സ് സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കേരളത്തിന്റെ ഭാവി വികസനത്തിന്റെ വാതായനമായി ധാതുമണലിനെ പ്രയോജനപ്പെടുത്താൻ കഴിയണം. ആ രംഗത്ത് എല്ലാവരുടേയും യോജിപ്പുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അമൂല്യ സമ്പത്തായ ധാതുമണലിന്റെ ഖനനത്തിൽ വന്നുപെടുന്ന പ്രശ്നങ്ങളിൽ പ്രാദേശിക പ്രശ്നങ്ങളെ അഡ്രസ് ചെയ്യണം. അതോടൊപ്പം അമൂല്യ സമ്പത്ത് പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതിയുണ്ടാകണം. അതിനുള്ള യോജിപ്പുണ്ടാകണം. ധാതുമണലിനെ പ്രയോജനപ്പെടുത്തി കേരളത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന സമീപനം എല്ലാവരുടേയും ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മലബാർ സിമന്റ്സിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. കൊച്ചിൻ പോർട്ടിൽ നിന്നും

പാട്ടത്തിനെടുത്ത ഏഴ് ഏക്കർ സ്ഥലം നമുക്കവിടെയുണ്ട്. അവിടെ സിമന്റും സിമന്റുൽപ്പാദത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും നിർമ്മാണ മേഖലയ്ക്കാവശ്യമായ സാധനങ്ങളും കൈകാര്യം ചെയ്യാൻ 160 കോടി രൂപയുടെ ഒരു പ്രോജക്ടാണ് തയ്യാറാക്കാൻ പോകുന്നത്.

വാളയാർ യൂണിറ്റിലെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് കോപ്പർ റിക്കവറി പ്ലാന്റ് സ്ഥാപിക്കാൻ 16 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ടൈറ്റാനിയം ഡൈ ഓക്സൈഡ് നിർമ്മിക്കുന്ന പ്ലാന്റിൽ ഉപയോഗിക്കുന്നത് കാലപ്പഴക്കം ചെന്ന മെഷിണറിയാണെന്ന് അവിടെ പോയി കണ്ടവർക്കറിയാം. അപകടകരമായ സാഹചര്യത്തിൽ തൊഴിലാളികൾ ജോലി ചെയ്യുകയാണ്. അവ മാറ്റി സ്ഥാപിക്കൽ അത്യാവശ്യമാണ്. അതുപോലെ വളരെ ഡിമാന്റുള്ള സാധനമാണ് സൾഫ്യൂറിക്കാസിഡ്. അതിന്റെ പ്ലാന്റ് നവീകരണത്തിന് 10 കോടി രൂപ ഉൾപ്പെടെ വകയിരുത്തി പണികൾ ആരംഭിച്ചുകഴിഞ്ഞു. ട്രാവൻകൂർ ടൈറ്റാനിയം മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

നേരത്തേ ഇവിടെ TCCL-നെക്കുറിച്ച് സൂചിപ്പിച്ചു. കഴിഞ്ഞ 12

വർഷക്കാലമായി TCCL നഷ്ടത്തിലാണ്. അതിന് ആരെയും കുറ്റപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നില്ല. പക്ഷേ കഴിഞ്ഞ വർഷം 6-7 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്ന ആ സ്ഥാപനം ലാഭത്തിലേയ്ക്കെത്തി. ലാഭത്തിലെത്തിച്ചതിൽ അവിടത്തെ തൊഴിലാളികൾക്കും മാനേജ്മെന്റിനും പങ്കുണ്ട്. സർക്കാരിന്റെ ഇടപെടലുമുണ്ട്. അത്തരമൊരു സമീപനമാണ് അതിൽ സ്വീകരിച്ചത്. അവിടെ റോ മെറ്റീരിയലായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. വൈദ്യുതി ഓപ്പൺ ആക്സസിൽ ലഭിച്ചാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. വൈദ്യുതിക്ക് കൊടുക്കേണ്ട ചെലവ് വളരെ കൂടുതലാണ്. ഉൽപ്പാദനത്തിൽ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് വൈദ്യുതിക്കാണ്. വൈദ്യുതി ഓപ്പൺ ആക്സസിൽ ലഭിച്ചാൽ ഇപ്പോഴത്തെ കാലാവസ്ഥയിൽ അവർക്ക് ലാഭകരമായി പ്രവർത്തിക്കാനാകും എന്നുപറഞ്ഞു. വ്യവസായവും ഇലക്ട്രിസിറ്റിയും തമ്മിൽ ബന്ധമുണ്ട് എന്നുപറയുന്നത് വളരെ ശരിയാണ്. അതിനാവശ്യമായ സൗകര്യങ്ങൾക്കായി ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുമായി സംയുക്തമായി ചില കൂടിയാലോചനകൾ നടത്തി, ഇലക്ട്രിക്കൽ കമ്പനികളുടെ ഉൽപ്പന്നത്തിന് 15% പ്രൈസ് പ്രിഫറൻസ് നൽകാനും കെ.എസ്.ഇ.ബി.-യുടെ ഓർഡറിൽ ഒരു വലിയ ശതമാനം ഇലക്ട്രിക്കൽ കമ്പനികൾക്ക് നൽകാനും വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന

യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അതിന് വൈദ്യുതി വകുപ്പുമന്ത്രിയോട് നന്ദി രേഖപ്പെടുത്താൻ ഈയവസരം ഉപയോഗിക്കുകയാണ്. വൻകിട വ്യവസായങ്ങളുടെ ഭാഗമായി വൈദ്യുതി ബോർഡിനുള്ള ബാദ്ധ്യത ഒഴിവാക്കി TCCL-ന് ഓപ്പൺ ആക്സസിൽ കുറച്ചുകൂടി വൈദ്യുതി ലഭിച്ചാൽ കടം കുറച്ചുകൊണ്ടുവരാൻ കഴിയുന്ന കാര്യത്തിൽ സർക്കാർ ഇടപെടുന്നുണ്ട്. പുതിയ പ്രോജക്ടുകൾക്കും അതിന്റെ ശേഷി വർദ്ധിപ്പിക്കാനും സർക്കാരിന്റെ മുതലും പലിശയും ഇക്വിറ്റിയാക്കാനും കഴിഞ്ഞാൽ സ്ഥാപനം ലാഭത്തിലാക്കാൻ സാധിക്കും. അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞാൽ TCCL വലിയ മാറ്റം ഉണ്ടാക്കാൻ കഴിയുന്ന സ്ഥാപനമാണ്. ഇവിടത്തെ ഉൽപ്പന്നങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ വെള്ളമില്ലാത്തതിനാൽ നമുക്ക് അനുകൂലമായ ഘടകംകൂടിയായി വന്നിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുകയാണ്. പക്ഷേ ഇവിടത്തെ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന ദക്ഷിണേന്ത്യയിലെ മിക്കവാറും വൻകിട വ്യവസായ സ്ഥാപനങ്ങൾ കാസ്റ്റിക് സോഡയും ക്ലോറിനും നമ്മുടെ സ്ഥാപനത്തിന്റെ ഏറ്റവും വിശ്വസ്തതയുള്ള ഉൽപ്പന്നം എന്നനിലയ്ക്ക് ആവശ്യപ്പെടുന്ന സ്ഥിതിയുണ്ട്. അതിനാൽ നമുക്ക് ഗുണകരമായ ഒരന്തരീക്ഷം TCCL-നെ സംബന്ധിച്ചുണ്ട്.

കെ.എസ്.ഡി.പി.-യുടെ സ്ഥിതി മുൻകാലത്ത് അറിയാമായിരുന്നല്ലോ; കഴിഞ്ഞ

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കെ.എസ്.ഡി.പി. മെച്ചപ്പെട്ട ഒരവസ്ഥയിലേയ്ക്ക് വന്നത്; ലാഭകരമായി വന്നത്. അവിടെ ഉൽപ്പാദിപ്പിക്കുന്ന മരുന്നിന്റെ സിംഹഭാഗവും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രിയിലേയ്ക്കെടുത്തു. ആരോഗ്യവകുപ്പിന്റെ സഹായംകൂടി അതിന് ലഭിക്കുകയുണ്ടായി. പൂട്ടിക്കിടന്ന സ്ഥാപനം നമ്മൾ അങ്ങനെയാണ് തുറന്നത്. കഴിഞ്ഞ അഞ്ചുകൊല്ലക്കാലം പുറകോട്ട് പോയില്ലേ; അതിന് കാരണമെന്താണെന്ന് നമ്മൾ സ്വയം പരിശോധിക്കണം. ഇപ്പോൾ ആ ഫാക്ടറി നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. 60 കോടി രൂപയുടെ ഓർഡറാണ് ആരോഗ്യവകുപ്പ് ഈ സ്ഥാപനത്തിന് നൽകിയത്. മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും 40 കോടി രൂപയുടെ മരുന്നിന്റെ ഓർഡർ നൽകിയിട്ടുണ്ട്. 100 കോടി രൂപയുടെ ഉൽപ്പാദനശേഷിയാണ് നമുക്കുള്ളത്. അത് പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായുള്ള വിജയമാണത്. പരസ്പര സഹകരണത്തിന്റെ പുതിയ അന്തരീക്ഷമാണ് ഇന്നുള്ളത്. അവിടെ പുതിയ വികസന പദ്ധതികൾ ആരംഭിക്കുകയാണ്. മരുന്നുകൾ പരിശോധിക്കാൻ കഴിയുന്ന പുതിയ തരത്തിലുള്ള ലാബിന് അക്രെഡിറ്റേഷൻ ലഭിച്ചു. അംഗീകാരം ലഭിച്ച ലാബ് പ്രവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും

ആലപ്പുഴയിലെ മന്ത്രിമാരും ചേർന്ന് അവിടെയുള്ള പുതിയ പ്ലാന്റ്, നോൺ ബീറ്റാ ലാക്ടം പ്ലാന്റ്, ഇൻജക്ഷൻ മരുന്നുകൾ, ഹോസ്പിറ്റൽ ഡിസ്പോസിബിൾ പ്ലാന്റ് എന്നിവ നിർമ്മിക്കാനുള്ള പുതിയ പ്ലാന്റിന്റെ ഉദ്ഘാടനചടങ്ങ് ഈ ആറാം തീയതി നിർവ്വഹിക്കും. അഭിമാനകരമായ അന്തരീക്ഷമുള്ള, ഏറ്റവും തൊഴിലവസരമുണ്ടാക്കുന്ന നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സ്ഥാപനമായി അത് മാറും.

TELK -നെ NTPC ഉപേക്ഷിക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ടി സ്ഥാപനത്തിനുവേണ്ടി 10 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ത്രീ ഫേസ് ഹൈ ഫ്രീക്വൻസി ജനറേറ്റർ, 270 ടൺ ഭാരമുള്ള ഒരു ക്രെയിൻ എന്നിവ അവർക്ക് വേണം. അതിനാണ് ആ തുക വിനിയോഗിക്കുന്നത്. ആ സ്ഥാപനത്തിന് ഇലക്ട്രിസിറ്റി ബോർഡിന്റെ സഹായംകൂടി ഉണ്ടാകുമ്പോൾ കുറെക്കൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകുമെന്ന് കാണുന്നു.

കെൽട്രോൺ കേരളത്തിന് അഭിമാനിക്കാവുന്ന തരത്തിൽ രാജ്യത്തുണ്ടായ സ്ഥാപനമാണ്. കെൽട്രോണിന്റെ ദയനീയാവസ്ഥ തുടരുകയായിരുന്നു. അവിടെ ഭാവിയിലെ പ്രമുഖ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ സ്ഥലമുണ്ട്, കെട്ടിടമുണ്ട്, സൗകര്യങ്ങളുണ്ട്. അവയെ നമുക്ക്

പ്രയോജനപ്പെടുത്തണം. സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാന്റുകൾ, സ്മാർട്ട് എനർജി മീറ്ററുകൾ, ഡിഫൻസ് എക്യുപ്മെന്റ് എന്നിവയുടെ ഓർഡറുകളുണ്ട്. നമുക്കത് ചെയ്യാനാകും. തൊഴിലാളികളെയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെയും ആവശ്യമുണ്ട്. അവരെയൊക്കെ പ്രയോജനപ്പെടുത്തി നമുക്കത് ചെയ്യാം. ഈ വർഷം 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുമാത്രമല്ല, ഒരു പുതിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാക്കാൻ 100 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ണൂരുള്ള കെൽട്രോൺ കമ്പോണന്റ്സ് ലാഭത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. ഈ വർഷം അതിന് 10 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം കപ്പാസിറ്റർ ഉൽപ്പാദനത്തിന് നൽകിയ 10 കോടി രൂപ ഉപയോഗിച്ച് ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ഓട്ടോകാസ്റ്റിൽ സ്റ്റീൽ കാസ്റ്റിംഗ് തകർച്ചയിലാണ്. വലിയ പ്രതിസന്ധിയിലാണ്, പ്രയാസത്തിലാണ്. ആ സ്ഥാപനത്തെ രക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ആട്ടോകാസ്റ്റിൽ വച്ചിരുന്ന മെഷീനറിപോലും കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സാൻഡ് റിക്ലമേഷൻ പദ്ധതിയ്ക്കുള്ള യന്ത്ര സംവിധാനം ഇറ്റലിയിലെ ഒരു കമ്പനിയിൽ നിന്ന് ഇറക്കിയതാണ്. ആ കമ്പനിപോലും ഇപ്പോൾ ലോകത്തില്ല. അതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ കണ്ടെത്തി

പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് 10 കോടി രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്.

കുണ്ടറ കേരള സിറാമിക്സ് ലിമിറ്റഡ്-ന്റെ നവീകരണത്തിനും ഭൂമി വാങ്ങുന്നതിനും വേണ്ടി 15 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. വ്യവസായ സ്ഥാപനത്തെ സംരക്ഷിക്കേണ്ടത് ഇങ്ങനെയൊക്കെയാണ്.

അതുപോലെ കൊല്ലത്തെ മീറ്റർ കമ്പനിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ലിമിറ്റഡിന് വൈവിദ്ധ്യവൽക്കരണം ആവശ്യമാണ്. അവർ നിർമ്മിക്കുന്ന മീറ്റർ ബോർഡുകൾ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനാവില്ല. അവർക്ക് പുതിയ തലമുറ മീറ്ററുകളാണ് വേണ്ടത്. അത് പുതുതായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന രീതിയിൽ സാങ്കേതികവിദ്യാ നവീകരണത്തിനായി 4 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കോട്ടം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് നമുക്ക് അഭിമാനകരമായ ബ്രാൻഡായിരുന്നു. പക്ഷേ കക്ക വാരാൻ കഴിയില്ല. പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട് കേസ്സുകൾ വന്നതിന്റെ ഭാഗമായി ഉൽപ്പാദനം നിലച്ചിരിക്കുകയാണ്. അവിടെ ഒരു വർഷം 10 ലക്ഷം ടൺ ഗ്രേ സിമെന്റ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ തെക്കൻ കേരളത്തിലേയ്ക്കുള്ള സിമെന്റിന്റെ ലഭ്യത ഉറപ്പുവരുത്താൻ കഴിയും.

അതിനുവേണ്ടിയുള്ള ഒരു പ്ലാന്റിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ അതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പുതിയ പ്രോജക്ട് തയ്യാറാക്കുകയാണെങ്കിൽ സഹായിക്കാൻ കിഫ്ബിയിൽ നിന്നും പണം കണ്ടെത്താൻ കഴിയുമെന്ന് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുണ്ട്.

SIFL കഴിഞ്ഞ മൂന്നുവർഷമായി നഷ്ടത്തിലായിരുന്നു. അവിടെ ഉൽപ്പാദിപ്പിച്ച പ്രതിരോധ ഉൽപ്പന്നങ്ങൾക്ക് നല്ല ഓർഡറുണ്ടായിരുന്നു. ഇടക്കാലത്ത് നമ്മൾ ആക്ഷേപം കേട്ടിരുന്നു. ഒരു ഇടനിലക്കാരിയായ സ്ത്രീ രാജ്യരക്ഷാ ഓർഡറുകളുടെ കാര്യത്തിൽ അഴിമതി നടത്താൻ പ്രേരിപ്പിച്ചുവെന്ന് പറഞ്ഞ് വിജിലൻസ് കേസ് ഉൾപ്പെടെ വന്ന ഒരു നല്ല സ്ഥാപനമാണ്. ആറേഴ് വർഷം നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. വലിയ പ്രതിസന്ധിയിലായിരുന്നു. ഈ വർഷം ലാഭത്തിലെത്തി. അതിന്റെ വികസനത്തിനും ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വിദഗ്ദ്ധമായ മാനേജ്മെന്റ് സംവിധാനമൊരുക്കി, മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി അഴിമതി വിമുക്തമായ നടപടി സ്വീകരിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതാണെന്ന് കാണുന്നു. അതിനോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത

നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നതിന്റെ പ്രയോജനം പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടാകും. പൊതുമേഖലാ സ്ഥാപനങ്ങൾ അതിന്റെ ഭാഗമായുള്ള അഭിവൃദ്ധിയിലേയ്ക്ക് വരുമെന്ന് ഞാൻ കാണുകയാണ്.

ടെക്സ്റ്റയിൽസ് മേഖലയെക്കുറിച്ച് അംഗങ്ങൾ സംസാരിച്ചു. അത് വലിയ പ്രതിസന്ധിയിലാണ്. ഒന്നാമത്തെ വിഷയം പ്രവർത്തന മൂലധനമില്ലായ്മയാണ്. രണ്ടാമതായി, വൈദ്യുതി കുടിശ്ശിക വലിയ തോതിലുണ്ടായിരുന്നു. അതുപോലെ പി.എഫ്. ഉൾപ്പെടെ തിരിച്ചടയ്ക്കാനുള്ള തുക ഇല്ലായ്മ, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നീ പ്രതിസന്ധികളുമായി നിൽക്കുമ്പോഴാണ് വൈദ്യുതി വകുപ്പുമായി ചർച്ച ചെയ്തത്. തൽക്കാലത്തേയ്ക്ക് കൊടുക്കാനുള്ള കുടിശ്ശിക നിർത്തി വച്ച് തുടർന്നുള്ള മാസങ്ങളിലേയ്ക്ക് വൈദ്യുതി കൊടുക്കാൻ കെ.എസ്.ഇ.ബി. തയ്യാറായി. അവർക്കാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചതിനുപുറമെ 15 കോടി രൂപ അധീഷണലായി അനുവദിക്കുകയുണ്ടായി. സെൻട്രലൈസ് പർച്ചേസ് വഴി കോട്ടൺ വാങ്ങി. ഇപ്പോൾ എല്ലാ മില്ലുകളും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞുവെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്നത് ഈ ഗവൺമെന്റിന്റെ ഇടപെടലിലൂടെയാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്ത്യയിലൊട്ടാകെ

ചെറുപ്പക്കാരായ, അഭ്യസ്തവിദ്യരായ ആളുകൾക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത അവർ തന്നെ കണ്ടെത്തുന്ന ഒരു സംരംഭമുണ്ട്. സ്റ്റാർട്ട് അപ് വില്ലേജുകൾ. അതിന് സഹായകരമായ നിലയിൽ വ്യവസായ വകുപ്പുകൂടി ചേർന്നാൽ കുറേ നല്ല കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. കർണ്ണാടക പോലുള്ള മറ്റ് പല സംസ്ഥാനങ്ങളും ഈ രംഗത്ത് ഇന്ന് വലിയ പുരോഗതി കൈവരിക്കുകയാണ്. സ്റ്റാർട്ടപ്പ് വില്ലേജുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് പറയാമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിൽ അതിന് തുടക്കം കുറിച്ചിരിക്കുകയാണ്. സ്റ്റാർട്ടപ്പ് വില്ലേജുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അത് ക്രിയാത്മകമായി മറ്റ് സംസ്ഥാനങ്ങളിലൊക്കെ സ്വീകരിക്കുന്ന നല്ല സംരംഭമാണ്. കേരളത്തിൽ നമുക്കത് സ്വീകരിക്കണം. അഭ്യസ്തവിദ്യർ ഉൾപ്പെടെയുള്ള ആളുകളെ ഇതിൽ പങ്കാളികളാക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകണം. ഇതിനൊക്കെ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കുകയാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്. പുതിയ നിക്ഷേപം ആകർഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫ് നാടുകളിലൊക്കെ പോയപ്പോഴുണ്ടായ അനുഭവം പത്രങ്ങളിലൊക്കെ കണ്ടതാണ്.

നിക്ഷേപത്തിന് തയ്യാറാണ് എന്ന അനുകൂലമായ സാഹചര്യമുണ്ട്. ആ നിക്ഷേപ അനുകൂല സാഹചര്യത്തെ പ്രയോജനപ്പെടുത്താൻ നമ്മുടെ നിയമങ്ങളിൽ ഉൾപ്പെടെ, നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന മാറ്റങ്ങളുണ്ടാകണം. Ease of doing business-ന്റെ ഭാഗമായി വച്ചിട്ടുള്ള നിർദ്ദേശത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല.

ശ്രീ. വി.കെ. സി. മമ്മത് കോയ: സർ, സിംഗിൾ വിൻഡോ ക്ലിയറൻസ് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ നടപടി എപ്പോഴാണുണ്ടാകുക? അതിനുള്ള നടപടി ആയിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സിംഗിൾ വിൻഡോ ക്ലിയറൻസിനുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സിംഗിൾ വിൻഡോ ക്ലിയറൻസിനുള്ള 6 പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കഴിഞ്ഞ ക്യാബിനറ്റ് മീറ്റിംഗിൽ എടുത്തുകഴിഞ്ഞു. അതിനുപുറമെയാണ് ഞാൻ പറയുന്നത്. Ease of doing business എന്നുപറഞ്ഞാൽ നിക്ഷേപങ്ങൾ. ഒരു വ്യവസായ നിക്ഷേപം ഇവിടെ ആരംഭിച്ചുകഴിഞ്ഞാൽ അതിന് നേരെയുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് നേരത്തേ ശ്രീമതി വീണാ ജോർജ്ജാണ് ഇവിടെ സൂചിപ്പിച്ചത്. നിക്ഷേപം തുടങ്ങാൻ തന്നെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, നിരവധി സ്ഥലങ്ങളിൽ നിന്നും ഇതിനുള്ള അനുമതി ലഭിക്കണം. തദ്ദേശഭരണ

സ്ഥാപനങ്ങൾ, ഫയർ ആന്റ് റെസ്ക്യൂ, ഡി.എം.ഒ., മെഡിക്കൽ, തൊഴിൽ വകുപ്പ് അങ്ങനെ അനേകം കടമ്പകൾ കടന്നുവരേണ്ട ഒരു സ്ഥിതിയുണ്ട്. അതിന് സഹായകരമായ രീതിയിൽ ഈ നിയമങ്ങളിൽ ഇതിനനുകൂലമായ മാറ്റങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള ഒരു ആക്ട് നടപ്പിലായി വരികയാണ്. അത് ക്യാബിനറ്റ് അംഗീകരിച്ചു. ഇപ്പോൾ നിയമവകുപ്പിന്റെ പരിശോധനയിലാണ്.

<u>ശ്രീ. പി. ടി. എ. റഹീം:</u> അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചാണ് ഇതുവരെ സംസാരിച്ചത്. മാവൂർ ഗ്വാളിയാർ റെയോൺസിന്റെ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. അതിനെ സംബന്ധിച്ച് എന്ത് പുരോഗതിയാണ് ഉണ്ടായത്;

<u>ശ്രീ. എ. സി. മൊയ്തീൻ:</u> അതിന്റെ ഒരു പരിശോധനയും അതുമായി ബന്ധപ്പെട്ട് ബിർല ഗ്രൂപ്പുമായി ഒരു ചർച്ചയും നടന്നിരുന്നു. അതിന്റെ ഒരു പ്രൊപ്പോസലും വന്നിട്ടുണ്ട്. ആ പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ, ആ പ്രൊപ്പോസലിലുള്ള ഒരു പ്രശ്നം, ഭൂമിയുടെ സിംഹഭാഗവും മറ്റ് ആവശ്യങ്ങൾക്കും വ്യവസായത്തിന് കുറവുമാണെന്നുള്ള സ്ഥിതിയിലാണ്. അത് ചർച്ച ചെയ്യണം. ആ ഭൂമി പ്രയോജനപ്പെടുത്തി അവിടെ സംരംഭങ്ങൾ

ആരംഭിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

ഞാൻ പറഞ്ഞുവന്ന കാര്യം പെട്ടെന്ന് ചുരുക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഉൾപ്പടെയുള്ള ആളുകൾ ഇവിടെ സൂചിപ്പിച്ചു. നേരത്തെ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് സംസാരിക്കുമ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഫാക്ടിന്റെ 600 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടിയായിട്ടുണ്ട്. അത് പെട്രോ-കെമിക്കൽ വ്യവസായമാണ്. കൊച്ചിയിലെ പുതിയ സൗകര്യവും നിക്ഷേപവുമൊക്കെ പ്രയോജനപ്പെടുത്തി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കാൻ കഴിയുന്ന സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കാൻ 600 ഏക്കർ ഭൂമി ഏറ്റെടുക്കുകയാണ്. മറ്റുള്ള 1323 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നുണ്ട്. അതിലുള്ള കിൻഫ്രയുടെ സംരംഭങ്ങളും ആരംഭിക്കുകയാണ്. നേരത്തെ പറഞ്ഞ 4000 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള എ.എസ്. ഉണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമം പൂർത്തീകരിക്കണ്ടേ; ആ സ്റ്റേജിലാണ് അത്തരം കാര്യങ്ങളുള്ളത്. ഇത് സുതാര്യമായി ചെയ്യണം, അഴിമതി രഹിതമായി ചെയ്യണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പുതിയ സംരംഭങ്ങളുണ്ട്. ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്കിനെ സംബന്ധിച്ച് ഇവിടെ

ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിച്ചതാണ്. ആമ്പല്ലൂരിലെ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കി അത് ഏറ്റെടുത്തു. 5000 പേർക്കെങ്കിലും തൊഴിൽ കൊടുക്കുന്ന പുതിയ ആധുനിക വ്യവസായമാണ്. കെ.എസ്.ഐ.ഡി.സി.-യുടെ ലൈഫ് സയൻസ് പാർക്കിനുവേണ്ടി തോന്നയ്ക്കലിൽ 149 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചു. കിഫ്ബിയിൽ നിന്ന് അതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 3 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം പണിത് ആവശ്യമുള്ള വ്യവസായികൾക്ക് (മൾട്ടി സ്റ്റോറേജ് ബിൽഡിംഗ് ഉൾപ്പടെയാണ് ഇപ്പോൾ മിക്കവാറും ചെയ്യുന്നത്) നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണ്. ചേർത്തല മെഗാ ഫുഡ് പാർക്കും വലിയവെളിച്ചത്തെ വ്യവസായ വളർച്ചാ കേന്ദ്രവും കിണാനൂരിലെ പണികളും പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കുമുണ്ട്. അങ്കമാലിയിൽ 13 കോടി രൂപ ചെലവിൽ കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്ത 42000 സ്ക്വയർ ഫീറ്റ് സ്ഥലത്തെ അപ്പാരൽ പാർക്ക്, വനിതകൾക്ക് മാത്രമുള്ളതാണ്. 20 ശതമാനമെങ്കിലും നിർബന്ധമായും വനിതാ സംരംഭകരാകണമെന്ന് വ്യവസായ വകുപ്പും കെ.എസ്.ഐ.ഡി.സി.-യും തീരുമാനിച്ചതിനെത്തുടർന്നാണ് ഇത്തരം സംരംഭങ്ങൾ ആരംഭിച്ചത്. വനിതാ സംരംഭകർ നല്ലതുപോലെ മുന്നോട്ടുവരുന്നുണ്ട്.

അത് നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. വലിയവെളിച്ചത്തെ വനിതാ ഹോസ്റ്റൽ മുഖ്യമന്ത്രിയാണ് കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ഉദ്ഘാടനം ചെയ്തത്. വ്യവസായ പാർക്കുകൾ ഒഴിഞ്ഞ സ്ഥലത്താകുമ്പോൾ അവിടെ വരുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വമില്ല, താമസിക്കാൻ സൗകര്യമില്ലായെന്ന ആശയത്തിൽനിന്നാണ് കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്തോടെ ആ പദ്ധതി പൂർത്തീകരിച്ചത്. 400 സ്ത്രീകൾക്ക് താമസിക്കാൻ കഴിയുന്ന ഹോസ്റ്റലാണ് അവിടെ ആരംഭിച്ചത്.

പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങളുന്നയിച്ചു. പരമ്പരാഗത വ്യവസായങ്ങളിൽ കൈത്തറിയുടെ സ്ഥിതി പറഞ്ഞു. 3000 ലൂമുകൾ നമുക്ക് ഈ കാര്യത്തിന് ഉപയോഗിക്കാനായി. അൽപം വൈകിയാണ് ആലോചിച്ചതെന്ന പ്രശ്നങ്ങളൊക്കെയുണ്ട്. 9000 തൊഴിലാളികൾക്ക് അതിന്റെ ഭാഗമായി ജോലി കൊടുക്കാൻ സാധിച്ചു. 200/- രൂപയും 150/- രൂപയുമായിരുന്നു അവരുടെ പ്രതിദിന വരുമാനം. ഇപ്പോൾ 400/- രൂപയ്ക്കും 600/- രൂപയ്ക്കുമിടയ്ക്കാണ്. ഈ വരുമാനവർദ്ധനവ് ഈ ഒരൊറ്റ തീരുമാനത്തിന്റെ ഭാഗമായി ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. ഈ വർഷം 1000 ലൂമുകളെങ്കിലും പുതുതായി സ്ഥാപിക്കാനും അതിനാവശ്യമായ തൊഴിലാളികളെ നമുക്ക് ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനും കഴിയണം. കാരണം, ഇപ്പോഴുള്ള തൊഴിലാളികളുടെ ഒരു

ആവറേജ് വയസ്സ് നോക്കുകയാണെങ്കിൽ 45-നും 50-നുമിടയ്ക്കാണ്. പുതിയ തൊഴിലാളികൾ വരുമാനമില്ലാത്തതിന്റെ ഭാഗമായി ഇതിലേയ്ക്ക് വരുന്നില്ലെന്നതുൾപ്പെടെയുള്ള പ്രശ്നമുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭ മേഖലയിൽ അടുത്തവർഷം 17500 പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് കാണുന്നു. വിവിധ പ്രോജക്ടുകൾ അതിന്റെ ഭാഗമായുണ്ട്. 2000 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 75000 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായുണ്ടാകും. ഒരു പുതിയ കാര്യം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ ഉത്പാദന മേഖലയ്ക്കായി ഒരുപാട് സ്ഥലം വാങ്ങിയിട്ടുണ്ട്. പക്ഷെ, പലയിടത്തും വ്യവസായമില്ല. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ആ സ്ഥലം വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തുല്യ പങ്കാളികളായി വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുന്ന രീതിയിൽ മാറ്റണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. അഴിമതിരഹിത സംവിധാനം ഉറപ്പാക്കാൻ വേണ്ടിയാണ് ആലോചിച്ചിട്ടുള്ളത്. അതുപോലെതന്നെ, വ്യവസായ മേഖലയ്ക്ക് സഹായകമാകുന്ന നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പഠനം നടത്തുന്ന സ്ഥാപനങ്ങളുമായി

ബന്ധപ്പെട്ട് ഒരു ഇന്റർ വാഴ്സിറ്റി ലിങ്കേജ് സ്കീം എന്ന പേരിൽ, ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജിലുണ്ട്, സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പുതിയ സ്കീം നടപ്പിലാക്കണം. അത് സംരംഭകർക്ക് സാങ്കേതിക സഹായം നൽകാനും വ്യവസായ സംരംഭത്തിന് മുന്നോട്ടുപോകാനും സഹായകമാകുമെന്ന് കാണുകയാണ്. അഭ്യസ്തവിദ്യരായവരുടെ തൊഴിൽ നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള ടെക്നിക്കൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നുള്ള രീതിയിൽ മറ്റൊന്ന് നടത്തുന്നുണ്ട്. ചെറുകിട വ്യവസായികൾ അഭിമുഖീകരിക്കുന്ന പ്രശ്നം, അവരുടെ കുടിശ്ശിക വരുന്നതാണ്. അതിന് OTS സംവിധാനമുണ്ട്. അതിനോട് നല്ല പ്രതികരണമാണ്. അത് ഗവൺമെന്റ് തുടരുകയാണ് ചെയ്യുന്നത്. മറുപടിയില്ലാത്ത നിരവധി കേസുകളിലെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അദാലത്തുകളും സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ഇന്ന് കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; സ്വകാര്യ സംരംഭങ്ങളുണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെ നേരത്തെ ഇവിടെ സൂചിപ്പിച്ച രൂക്ഷമായ വരൾച്ചയുടെ ഭാഗമായുള്ള പ്രശ്നങ്ങൾക്ക് ഹരിത കേരളം മിഷന്റെ ഭാഗമായി മഴവെള്ള സംഭരണത്തിനുവേണ്ടിയുള്ള തീരുമാനമെടുത്ത് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഒറ്റ വർഷത്തിനുള്ളിൽ ഈ പദ്ധതിയുടെ

വിജയത്തിനുവേണ്ടിയുള്ള പ്രവർത്തനംകൂടി സംഘടിപ്പിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്. എല്ലാ പൊതുമേഖലാ സംരംഭങ്ങളിലും അതുണ്ടാകും.

ഖാദി മേഖലയിലെ പ്രശ്നം ഇവിടെ സൂചിപ്പിക്കുയുണ്ടായി. ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സ്പെഷ്യൽ എംപ്ലോയ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 400 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. 1000 തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. പുതിയ 600 ചർക്കയും 400 തറികളും ഉൾപ്പെടെ തയ്യാറാക്കുന്നുണ്ട്. വിപണനത്തിനെക്കുറിച്ചുള്ള നിർദ്ദേശം ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കൃഷ്ണന്റേതായി വന്നു. അത് ആലോചിക്കുകയാണ്.

കരകൗശല മേഖലയിലുള്ള എച്ച്.ഡി.സി., സുരഭി, കാഡ്കോ, ബാംബൂ കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. നഷ്ടത്തിലുള്ള സ്ഥാപനമായ കെൽപാം പുതിയ മേഖലയിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചുവരുന്നുണ്ട്. 11 കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിച്ച് കരകൗശല രംഗത്തുള്ള ശിൽപികളെ പ്രോത്സാഹിപ്പിക്കാൻ, അവർക്ക് അവാർഡ് കൊടുക്കുന്ന പദ്ധതികളൊക്കെ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിശദീകരണത്തിലേയ്ക്ക് സമയക്കുറവുകൊണ്ട് ഞാൻ പോകുന്നില്ല.

പുതിയ ക്ലസ്റ്ററുകൾ ആരംഭിച്ച് കരകൗശല രംഗത്തെ ഇടത്തട്ടുകാരെ ഒഴിവാക്കി ഈ സ്ഥാപനങ്ങൾ വഴി സംഭരിച്ച് വിതരണം ചെയ്യാനുള്ള പുതിയ കാര്യങ്ങളാണ്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഈ ഉൽപ്പന്നങ്ങൾ നമുക്ക് സുവനീറുകളാക്കാം. 50 പുതിയ സുവനീറുകളെങ്കിലും ആവശ്യമുണ്ട്. ആറന്മുള കണ്ണാടിയും അതുപോലുള്ള അപൂർവ്വ വസ്തുക്കളുമാണ് ഒരു ടൂറിസ്റ്റ് വന്നാൽ നമുക്ക് കൊടുക്കാനുള്ളത്. നേരെമറിച്ച് നമ്മുടെ കരകൗശല മേഖലയിൽ നല്ല ശേഷിയുള്ള ആളുകളുണ്ട്. അവരെ പ്രയോജനപ്പെടുത്തി ട്രെയിനിംഗ് കൊടുത്ത് അവരുടെ കയ്യിൽനിന്നും 50 പുതിയ സുവനീർ പ്രൊഡക്ടുകളുണ്ടാക്കണം. അത് ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട് നമുക്ക് ചെയ്യാൻ കഴിയണമെന്നുള്ള രീതിയിൽ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായോ ടൂറിസം സെന്ററുകളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലുൾപ്പടെ ഇവർ വരുമ്പോൾ കിട്ടാനും ആകർഷകമായി പ്രദർശിപ്പിക്കാനും അവർക്ക് വാങ്ങികൊണ്ടുപ്പോകാനും ഓർമ്മയ്ക്കായി സൂക്ഷിക്കാനും കഴിയുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. അതിന്റെ ഭാഗമായി ആ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ നല്ലപോലെയുണ്ടാകുമെന്നാണ് കാണുന്നത്.

ഞാൻ എന്റെ സംസാരം ചുരുക്കുന്നു. ഇവിടെ ബഹുമാന്യരായ 1-2 അംഗങ്ങൾ പറഞ്ഞ സംശയങ്ങൾക്കുകൂടി മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

അതിലൊന്ന്, കോഴിക്കോട് കുറ്റ്യാടി പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രീ. പാറക്കൽ അബ്ദുള്ളയുടെ ഒരു നിർദ്ദേശം വന്നു. അവിടെ കെ.എസ്.ഐ.ഡി.സി.-യുടെ പ്രോജക്ടിലുണ്ടായ തടസ്സം, വസ്തു ഉടമ ഒരു പരാതി നൽകിയിരുന്നതാണ്. അവിടെയുണ്ടായിരുന്ന റബ്ബർ മരങ്ങൾക്ക് വില നിശ്ചയിച്ചുകിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ കോടതി വിധി പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആ റബ്ബർ മരങ്ങളുടെ വില നിശ്ചയിക്കേണ്ടിയിരുന്നു. ഇപ്പോൾ ആ വില നിശ്ചയിച്ച് കിട്ടി. അതിനാവശ്യമായ സംഖ്യ അടച്ചിട്ടുണ്ട്. കാലവിളംബമില്ലാതെ ആ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ഐ.ഡി.സി. വേഗത്തിൽ ആരംഭിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഈ മാസം അവസാനത്തോടെ കൺസൾട്ടന്റിനെ നിയമിക്കാൻ കഴിയും. പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിന്റെ സഹായവും നമ്മൾ അഭ്യർത്ഥിക്കുന്നുണ്ട്. ഇത്തരം ക്രിയാത്മകമായ നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ ചുരുങ്ങിയ കാലംകൊണ്ട് കഴിയാവുന്ന രീതിയിൽ നിലപാടുകളും നടപടികളും സ്വീകരിക്കുകയാണ്.

കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ മണ്ണ് കിട്ടാനുള്ള പ്രശ്നം പറഞ്ഞു.

അത് വലിയ പ്രശ്നംതന്നെയാണ്. പാരിസ്ഥിതിക അനുമതി വേണ്ടതിന്റെ സുപ്രീംകോടതി വിധി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾ എന്നിവയുടെയൊക്കെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള യോഗം ചേർന്നു. നടപടിക്രമങ്ങൾ ലഘൂകരിക്കാനും വളരെ പെട്ടെന്ന് ഇ.സി. കിട്ടാനുള്ള നടപടികളും ചെയ്യുകയാണ്. ജില്ലാ തലങ്ങളിലുൾപ്പടെ അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാരമ്പര്യ തൊഴിൽ ചെയ്യുന്നവർക്ക് കളിമണ്ണ് സംഭരിക്കാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ എല്ലാ ജില്ലകളിലും അതിനുള്ള ക്രമീകരണം കളക്ടർമാരുമായി ചേർന്നുണ്ടാക്കിയിട്ടുണ്ട്. അത് അവരുടെ ആവശ്യത്തിനാകണം. അവർക്ക് ലൈസൻസ് കൊടുത്തിരിക്കുന്നത് പാത്രമുണ്ടാക്കാനാണ്. മണ്ണ് മറ്റ് രീതിയിൽ പോകുന്നത് ശരിയല്ല.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, പട്ട് വ്യവസായത്തിന്റെ പുന:സംഘടന നടത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിൽനിന്നും 113 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നാണ് പത്രങ്ങളിൽ വന്ന വാർത്ത. അതിൽ ഇരുപത് ശതമാനം സംസ്ഥാന ഗവണമെന്റ് വിനിയോഗിക്കണം. ആ വിഹിതം വിനിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോയെന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, പത്രമാധ്യമങ്ങളിലൂടെയാണ് ഇത് എന്റെയും അറിവിൽപ്പെട്ടിട്ടുള്ളത്. അല്ലാതെ ഒരറിയിപ്പും എന്റെ ശ്രദ്ധയിൽ ഇല്ല. കേരളത്തിലെ സെറികൾച്ചർ വ്യവസായം ഒരുകാലത്ത് നമ്മൾ നല്ലപോലെ പ്രൊമോട്ട് ചെയ്യാൻ ശ്രമിച്ചുവെങ്കിലും പിന്നീട് പ്രശ്നങ്ങളിലായി. ആ പ്രശ്നങ്ങളിൽപ്പെടാൻ നിരവധി ഘടകങ്ങളുണ്ട്. അതിലുള്ള ജീവനക്കാരെ പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുകയാണ് ചെയ്തത്. ഇപ്പോൾ സബ്സിഡിയുണ്ടെന്ന നിർദ്ദേശം വന്നിട്ടുണ്ട്. കേരളത്തിനനുയോജ്യമാണെങ്കിൽ അത് പരിശോധിക്കാം. അനുഗുണമായതാണെങ്കിൽ അത് ഏറ്റെടുക്കുന്നതിന് പ്രശ്നമൊന്നുമില്ല. അത് പരിശോധിച്ചതിനുശേഷം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന KEL-ന്റെ പ്രവർത്തനം വളരെ പരിതാപകരമാണ്, അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, 'പരിതാപകരം' എന്നത് അങ്ങ് ഉപയോഗിച്ച ഒരു വാക്കാണ്. അത് കേന്ദ്ര ഗവൺമെന്റ് നിലപാടാണ്. അതിന് അങ്ങ് പറഞ്ഞത് ഇത് എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുപോയി കൊടുത്തുവെന്നാണ്. ആ സ്ഥാപനം മെച്ചപ്പെട്ട അവസ്ഥയിലേക്കെത്താൻ അന്ന് കേന്ദ്രത്തിലുണ്ടായിരുന്ന

മന്ത്രിമാർ ഉൾപ്പെടെ ആലോചിച്ചതാണ്. ഞാൻ പറഞ്ഞുവല്ലോ, മുഖ്യമന്ത്രിയും എം.പി.-മാരും മന്ത്രിയെന്ന നിലയ്ക്ക് ഞാനും അക്കാര്യത്തിൽ ഇടപെടുകയും കത്തെഴുതുകയും ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ വീണ്ടും ഇടപെടാൻ തയ്യാറാണ്. ഇതൊക്കെയാണ് ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ സമീപനംകൂടി നമ്മൾ കാണണം. അത് കാണാതെ ഒറ്റപ്പെട്ട സംഭവമായി അത് കാണേണ്ട. ഞാൻ അഞ്ചോ ആറോ സ്ഥാപനങ്ങളെപ്പറ്റി പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് മുട്ടുകുത്തി കിടക്കുകയൊന്നുമല്ല. ഈ ഗവൺമെന്റിന് സ്പീഡുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയതോതിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക ദിവസങ്ങൾക്കുള്ളിൽ കൊടുത്തുതീർക്കാൻ കേരളത്തിൽ മുമ്പുണ്ടായിരുന്ന ഏത് ഗവൺമെന്റിന് കഴിഞ്ഞു? സ്പീഡില്ലാത്തതുകൊണ്ടാണോ? വൈദ്യുതി വകുപ്പിന്റെ നേട്ടം, നമ്മളെല്ലാം മത്സരിച്ച് പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി എത്തിക്കാൻ നിൽക്കുകയല്ലേ. വളരെ വേഗത്തിലല്ലേ ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ കാർഷിക മേഖല മുരടിച്ച് നിൽക്കുമ്പോൾ ആ മേഖലയിൽ ഇടപെടാനും തരിശ് കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കാനും ജൈവകൃഷിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കഴിഞ്ഞു. ഈ ഗവൺമെന്റ്

മുട്ടിലിഴയുന്നതിന്റെ ഭാഗമായിട്ടാണോ ഈ നേട്ടങ്ങൾ ഉണ്ടായത്? നാല് മിഷനുകൾ പ്രവൃത്തി പഥത്തിലേയ്ക്ക് വരികയാണ്. അതെല്ലാം കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നവയാണ്. 'ആർദ്രം' പദ്ധതിയെപ്പറ്റി പറഞ്ഞു. ഹരിത കേരളം മിഷനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രാവിലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നല്ല മാറ്റങ്ങളുണ്ടാകും. നമ്മളൊക്കെ അതിനുവേണ്ടി പരിശ്രമിക്കുകയല്ലേ. ഈ ഗവൺമെന്റ് സ്പീഡില്ലാതെ മുട്ടിലിഴയുകയല്ല, ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മാഫിയകൾ ആരാണെന്ന് വ്യക്തമാക്കണം. ചിലർക്കൊക്കെ സഖാവ് ഇ. പി. ജയരാജനോട് ഇപ്പോൾ സഹതാപം തോന്നുന്നു. അന്ന് എന്തായിരുന്നുവെന്ന് നമുക്കറിയാം. മാഫിയകൾ വ്യവസായ മേഖലകളിൽ ഉണ്ടായിരുന്നുവെന്ന കാര്യം നിങ്ങൾക്കുമറിയാം. അത് ഒഴിവായതിന്റെ ഗുണമാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മാറ്റമുണ്ടാകുന്നത്. അപ്പോൾ അത്തരം കാര്യങ്ങൾ പറഞ്ഞ് ഒരു ഗവൺമെന്റിന്റെ നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കേണ്ട. ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ട് പോകുകയാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിതരണമെന്ന്

അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): സർ, വ്യവസായ വകുപ്പിനെക്കുറിച്ച് നടന്ന ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രി ഫലപ്രദമായിതന്നെ മറുപടി പറഞ്ഞു. ചുരുങ്ങിയ സമത്തിനുള്ളിൽ വ്യവസായ വകുപ്പിൽ എന്തൊക്കെ കാര്യങ്ങൾ വ്യവസായ വകുപ്പ് ചെയ്തുവെന്നത് സന്മനസ്സുള്ളവർക്ക് അഭിനന്ദിക്കാൻ കഴിയുന്ന തരത്തിൽ ചെയ്ത കാര്യങ്ങൾ വ്യക്തമായി പറഞ്ഞു. കശുവണ്ടി വ്യവസായം വളരെ സങ്കീർണ്ണമായ ചില പ്രശ്നങ്ങൾ നേരിടുകയാണ്. നിർഭാഗ്യവശാൽ ആരും അതിന്റെ ഒരു അരികുപോലും പിടിച്ചില്ലെന്നതാണ് എന്റെ ദുഖം. ഒരാളും അതിനെക്കുറിച്ച് പരാമർശിച്ചില്ല. ആകെ കൂടി പറഞ്ഞത് ഒരു അസംബന്ധ വാചകം മാത്രമാണ്. ജനങ്ങൾ തള്ളിക്കളഞ്ഞ വാദം ഇവിടെ വന്ന് സ്ഥാപിത താൽപര്യക്കാർക്കുവേണ്ടി പറഞ്ഞു. ഞാൻ അക്കാര്യം വിടുകയാണ്. അതിലേയ്ക്ക് പോകേണ്ടതില്ല. പക്ഷേ ഈ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തോട്ടണ്ടിയുടെ ലഭ്യതയാണ്. കേരളത്തിന് എട്ട് ലക്ഷം ടൺ തോട്ടണ്ടി ആവശ്യമുണ്ടെന്നിരിക്കെ, കേരളത്തിൽനിന്ന് നമുക്ക് ലഭിക്കുന്നത് കേവലം എൺപതിനായിരം ടൺ തോട്ടണ്ടിയാണ്. ആ എൺപതിനായിരം ടണ്ണിൽ ഏറെയും സംസ്ഥാനം കടന്നാണ്

പോകുന്നത്. കേരളത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് കിട്ടുന്നുമില്ല. ഫലത്തിൽ കേരളത്തിലെ തോട്ടണ്ടി ലഭ്യതയെന്ന് പറയുന്നത് ഏകദേശം സീറോയാണ്. ഇവിടെ ഫാക്ടറികളും തൊഴിലാളികളുമെന്ന് പറയുന്നത് ലക്ഷങ്ങളാണ്. അപ്പോൾ നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കുക തന്നെയാണ്. അതാണ് ഈ വ്യവസായം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയും. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലീസിന് സ്ഥലം ഏറ്റെടുക്കാൻ പറ്റുമോയെന്ന് ആലോചിച്ചുവരികയാണ്. അതിനുള്ള വലിയ നീക്കങ്ങൾ നടത്തിയപ്പോൾ ഇപ്പോൾ അവർ നമ്മളെ അറിയിച്ചിരിക്കുന്നത് കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിലാണെങ്കിൽ സ്ഥലം തരാമെന്നാണ്. ഇവിടെനിന്നും നമ്മൾ അവിടെപോയി കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിന് പോകുന്നത് റിസ്കാണ്. അത് സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. പ്രൊസീഡ് ചെയ്യാൻ കഴിയാത്ത തരത്തിലുള്ള പ്രൊപ്പോസലാണ് അവർ ഇങ്ങോട്ട് അയച്ചിരിക്കുന്നത്. നമുക്ക് നമ്മുടെ സംസ്ഥാനത്തിനകത്ത് പ്ലാന്റേഷന് എന്തു ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ട ഘട്ടമെത്തിയിരിക്കുകയാണ്. ഇപ്പോൾ വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച്, തൊട്ടടുത്ത ദിവസം ഞങ്ങൾ രണ്ട് വകുപ്പുംകൂടി ഒരു മീറ്റിംഗ് വിളിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ ഫോറസ്റ്റ്

ഡെവലപ്മെന്റ് കോർപ്പറേഷൻ യൂക്കാലിപ്റ്റസും അക്കേഷ്യയുമൊക്കെ കൃഷി ചെയ്തിരിക്കുകയാണ്. ഇതുപോലെയുള്ള മരങ്ങൾ വെള്ളത്തിന്റെ ഉറവിടംതന്നെ നശിപ്പിക്കും. ഇത് രണ്ടും മാറ്റി കശുമാവ് വച്ചുപിടിപ്പിച്ചാൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് വലിയ റിട്ടേണും, ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലും കിട്ടും, ഇവിടെയുള്ള നമ്മുടെ വ്യവസായം സംരക്ഷിക്കാനും പറ്റും. ആ കാര്യം വളരെ ഗൗരവമായി ഞങ്ങൾ ചർച്ച ചെയ്യുകയാണ്. തൊട്ടടുത്ത ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് പൂർണ്ണമായും സഹകരിക്കുന്ന നിലപാടാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. കേരളത്തിൽ പണ്ടൊക്കെ നാട്ടിലാകെ കശുമാവുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം വെട്ടിക്കളഞ്ഞ് ഇപ്പോൾ പ്ലാന്റേഴ്സെല്ലാം കൃഷി ചെയ്യുന്നത് റബ്ബറും മറ്റുമാണ്. ഇപ്പോൾ **എ.പി.കെ.** അടക്കമുള്ളവർ കശുമാവ് കൃഷി ചെയ്യാനുള്ള താൽപര്യം പ്രകടിപ്പിച്ച് വന്നിട്ടുണ്ട്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ പറ്റുന്ന ഒരു സ്ഥിതി ഇപ്പോഴുണ്ട്. അവർക്ക് കുറെ സഹായിക്കാൻ കഴിയുമോ, എങ്ങനെ പോകാൻ പറ്റുമെന്ന ഗൗരവതരമായ ആലോചനയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ളത്. പ്ലാന്റേഴ്സുമായി ചർച്ച ചെയ്തുകൊണ്ട്, പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുവണ്ടി കൃഷിയിലേക്ക് വന്നാൽ അവരെ സഹായിക്കുന്നതിനെപ്പറ്റി ഗവൺമെന്റ്

ഗൗരവതരമായി ആലോചിക്കുകയാണ്. പിന്നീടുള്ളത് ഇറക്കുമതിയാണ്. ഇതെല്ലാം പറയുമ്പോഴും കൃഷി ചെയ്താൽ ആദ്യത്തെ റിട്ടേൺ കിട്ടാൻ മിനിമം മൂന്ന് വർഷമെങ്കിലുമെടുക്കും. കൃഷി ചെയ്ത് തോട്ടണ്ടി ഉണ്ടാക്കി കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുകയെന്നത് നമുക്ക് ഉടനടി പ്രായോഗികമായ കാര്യമല്ല. വരുംകാലങ്ങളിൽ ചിന്തിക്കാവുന്ന കാര്യമാണത്. ദീർഘവീഷണത്തോടുകൂടി ചെയ്യേണ്ടതാണത്. ഇപ്പോൾ നമ്മൾ ചെയ്യേണ്ടത് അടിയന്തരമായി തോട്ടണ്ടി ഇറക്കുമതി ചെയ്യുക തന്നെയാണ്. ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഇറക്കുമതി ചുങ്കത്തിലുള്ള മാറ്റം കാരണം വളരെ വലിയ വില വർദ്ധനവിലേയ്ക്കാണ് തോട്ടണ്ടി പോകുന്നത്. അപ്പോൾ നമുക്ക് compete ചെയ്ത് പോകാൻ പറ്റാത്ത ഒരു സ്ഥിതിയുണ്ട്. തക്ക സമയത്തുതന്നെ വിദേശങ്ങളിൽനിന്നും തോട്ടണ്ടി വാങ്ങാൻ കഴിയുന്ന ഒരു സംവിധാനമുണ്ടായാൽ മാത്രമെ കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് പിടിച്ചുനിൽക്കുവാൻ കഴിയുകയുള്ളൂ. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ബാങ്ക് പ്രതിനിധികളും ചെറുകിട വ്യവസായികളുമായി രണ്ടുമൂന്ന് തലത്തിൽ ചർച്ച നടത്തിയിരുന്നു. അപ്പോൾ റിസർവ് ബാങ്ക് ഇങ്ങോട്ട് വച്ച നിർദ്ദേശം ഒരു എസ്.പി.വി രൂപീകരിക്കണമെന്നാണ്. തോട്ടണ്ടി ഇറക്കുമതി

ചെയ്യുന്നതിനടക്കമുള്ള ഒരു സംവിധാനം പൊതുമേഖലയിൽനിന്നും വ്യത്യസ്തമായി സമയബന്ധിതമായി ന്യായമായ വിലയ്ക്ക് വാങ്ങാൻ കഴിയുന്ന ഒരു സിസ്റ്റം നിങ്ങൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞാൽ ഞങ്ങൾ അതിനോട് സഹകരിക്കാൻ തയ്യാറാണെന്നാണ് റിസർവ് ബാങ്കും നാഷണലൈസ്ഡ് ബാങ്കും ഉറപ്പുനൽകിയിട്ടുള്ളത്. അവരുടെ നിർദ്ദേശംകൂടി പരിഗണിച്ച് ഞങ്ങൾ ഒരു എസ്.പി.വി. ഉണ്ടാക്കാൻ, ഞങ്ങൾ നിരന്തരമായി കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അന്നത്തെ യു.പി.എ. ഗവൺമെന്റും ഇന്നത്തെ എൻ.ഡി.എ. ഗവൺമെന്റും തയ്യാറായിട്ടില്ല കാഷ്യൂ ബോർഡ് രൂപീകരിക്കാൻ. കേരളത്തിൽതന്നെ അത്തരമൊരു സംവിധാനം രൂപീകരിക്കുന്നതിനെപ്പറ്റി ഞങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യുകയാണ്. തീർച്ചയായും അധികം കാലവിളംബം കൂടാതെ അങ്ങനെയൊരു എസ്.പി.വി., കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചുകൊണ്ട് തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാനും മാർക്കറ്റിൽ ഇടപെടാനും കഴിയുന്ന തരത്തിലുള്ള സിസ്റ്റത്തെപ്പറ്റിയാണ് ആലോചിക്കുന്നത്. ഇത്രയുമാണ് പറയാനുള്ളത്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ സങ്കീർണ്ണമായ ജീവിത പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു തരി വാക്കുപോലും പ്രതിപക്ഷത്തുനിന്നും ചർച്ചയിൽ പങ്കെടുത്ത ആരും പറഞ്ഞില്ലെന്ന ദുഖമാണ് എനിക്കുള്ളത്. തീർച്ചയായും

അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ ദീർഘവീക്ഷണത്തോടുകൂടിയാണ് ഇടപെടുന്നത്. ഗവൺമെന്റിന്റെ താൽപര്യം സ്ഥാപിത താൽപര്യക്കാരുടേതല്ല, പാവപ്പെട്ട തൊഴിലാളികളുടെ പക്ഷത്താണ് ഈ ഗവൺമെന്റുള്ളത്. കശുവണ്ടിയെന്ന് മിണ്ടിപ്പോയാൽ ഇവിടെ സ്ഥാപിത താൽപര്യക്കാർക്ക് വേണ്ടി വർത്തമാനം പറയാനാണ് ആളുകളുള്ളത്. തൊഴിലാളികൾക്ക് വേണ്ടി കമാ എന്നൊരക്ഷരം പറയാൻ പ്രതിപക്ഷത്തൊരാളും ഇല്ലെന്ന ദയനീയ സ്ഥിതിയാണ്. തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാനാണ് ഗവൺമെന്റുള്ളത്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മുൻ കയർ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് വളരെ ഗൗരവമായിട്ടുള്ള ചില നിരീക്ഷണങ്ങളും വിമർശനങ്ങളുമെല്ലാം കയർ വകുപ്പിനെ കുറിച്ച് പറയുകയുണ്ടായി. അതിലെ ശരിയും തെറ്റും പരാമർശിക്കാൻ മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. പക്ഷേ മൊത്തത്തിൽ കയർ മേഖലയിൽ സ്വീകരിക്കുന്ന നയം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അത് ഇതുവരെ ഈ സഭയിൽ പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നില്ല.

അര നൂറ്റാണ്ട് മുൻപ് ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ 95 ശതമാനവും കേരളത്തിൽ നിന്നായിരുന്നു. ഇന്ന് കേരളത്തിന്റെ വിഹിതം 20-25 ശതമാനമാണ്. ഈ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ട ഒന്നാമത്തെ കാര്യം ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇന്ന് ചകിരിക്ക് പൂർണ്ണമായും തമിഴ്നാടിനെ ആശ്രയിക്കുകയാണ്. സർക്കാർ ഉദ്ദേശിക്കുന്നത്, ഒരു പഞ്ചായത്തിന് ഒരു യൂണിറ്റ് എന്നുള്ള രീതിയിൽ കുടുംബശ്രീയുടെ ആയിരം യൂണിറ്റുകൾ. സർക്കാർ മെഷീൻ നൽകും, buy-back അറേഞ്ച്മെന്റിൽ. അതിന്റെ മെയിന്റനൻസിന് ജില്ലാതലത്തിൽ കുടുംബശ്രീയുടെ തന്നെ സംവിധാനമുണ്ടാകും. കയർഫെഡ് ചകിരിച്ചോറും ചകിരിയും കളക്ട് ചെയ്യും. ഇങ്ങനെയൊരു സംവിധാനത്തിലൂടെ ഒരു വർഷംകൊണ്ട് കേരളത്തിലെ തൊണ്ടിന്റെ മൂന്നിലൊന്ന് ചകിരിയാക്കി കേരളത്തിൽതന്നെ മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

രണ്ടാമത്തേത്, ചകിരി കയറാക്കി മാറ്റേണ്ടതുണ്ട്. അതിന് കയർ സെക്ടറിൽ ഇന്നുള്ള സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കണം. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിലേയ്ക്ക് നമ്മൾ പോകണം. അങ്ങനെ കയർ പിരിച്ചു കഴിഞ്ഞാൽ ആര് എടുക്കും എന്നുള്ളതാണ്. അത് പൂർണ്ണമായിട്ടും

കയർഫെഡ് സംഭരിക്കുന്നതിന് ഗ്യാരണ്ടി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം കയർ ഫെഡിന്റെ സംഭരണം മുൻവർഷത്തേക്കാൾ കൂടിയിട്ടുണ്ട് 26 ശതമാനം. അത് പോര. അടുത്ത വർഷം 100 ശതമാനം വർദ്ധനവാണ് ലക്ഷ്യമിടുന്നത്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതിനുവേണ്ടി എൻ.സി.ഡി.സി.-ക്ക് 100 കോടി രൂപയുടെ ഒരു പ്രോജക്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ചർച്ചകൾ നടന്നു വരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ മൊത്തം കയർ സഹകരണ മേഖലയെ നമുക്ക് നവീകരിക്കാൻ സാധിക്കും.

മൂന്നാമത്തെ കാര്യം, ഇങ്ങനെ സംഭരിക്കുന്ന ഏതാണ്ട് രണ്ടര ലക്ഷം ക്വിന്റൽ കയർ എന്തു ചെയ്യും; അതിന്റെ മാർക്കറ്റ് എവിടെയാണ്; നമ്മുടെ അഭ്യന്തര മാർക്കറ്റ് നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കാണുന്നത്, ജിയോ ടെക്സ്റ്റയിൽസാണ്. കേരളത്തിലെ ഹരിത കേരളം മിഷന്റെ ഭാഗമായിട്ടുള്ള ക്യാമ്പെയിനിൽ വലിയ തോതിൽ കുളങ്ങൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ട്. എല്ലാ ജില്ലകളിലും തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി എൻ.ആർ.ഇ.ജി.എസ് വർക്കേഴ്സിന്റെ യോഗം നടന്നു. കേന്ദ്ര സർക്കാർ 40 ശതമാനമെങ്കിലും മെറ്റീരിയൽ കോസ്റ്റ്

വേണമെന്ന് നിർബന്ധിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ജിയോ ടെക്സ്റ്റയിൽസായി കൺവർട്ട് ചെയ്ത് ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കയർ സഹകരണ സംഘങ്ങൾ എന്റെ നിയോജക മണ്ഡലത്തിൽ ധാരാളമുണ്ട്. ഈ സംഘങ്ങൾക്കാവശ്യമായ മൂലധനം കിട്ടുന്നില്ല. അവിടെയാണ് ഇതിന്റെ അടിസ്ഥാനപരമായ പ്രശ്നം. മൂലധനം കൂടുതൽ ലഭ്യമാക്കിയെങ്കിൽ മാത്രമേ കയർ ഉൽപ്പാദിപ്പിക്കാനും ഉൽപ്പാദിപ്പിക്കുന്ന കയർ, കയർ ഫെഡ് പോലെയുള്ള സ്ഥാപനങ്ങൾ എടുക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. കയർ സൊസൈറ്റികളെ പുനരുദ്ധരിക്കുകയും അതിനാവശ്യമായ മൂലധനം കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; അവർ ഉൽപ്പാദിപ്പിക്കുന്നത് കയർഫെഡ് എടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പ്രവർത്തന മൂലധനമില്ലായ്മയാണ് പ്രധാനപ്പെട്ട കാര്യം. എൻ.സി.ഡി.സി.-യുടെ വായ്പയുടെ ഗണ്യമായ പങ്ക് ഈ പ്രവർത്തന മൂലധനത്തിന് വേണ്ടിയുള്ളതാണ്. പക്ഷേ അതുവരെ കാത്തുനിൽക്കാതെ ഇപ്പോൾതന്നെ കയർഫെഡ് അവരുടെ ബാലൻസ് ഷീറ്റ് ക്ലീൻ ചെയ്തു.

സഹകരണ മേഖലയിൽനിന്ന് വായ്പയെടുത്ത് പ്രൊക്യൂർമെന്റിനുവേണ്ടി അഡ്വാൻസായി പണം നൽകുന്നതിനും ഒരു സ്റ്റോപ്പ് ഗ്യാപ് അറേഞ്ച്മെന്റ് മൂന്ന് മാസത്തേയ്ക്ക് ഉണ്ടാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. എത്ര കയർ ഉൽപ്പാദിപ്പിച്ചാലും ആ കയർ കയർഫെഡ് വാങ്ങും.

നാലാമത്തെ കാര്യം, ഉൽപ്പന്നങ്ങൾ. അവിടെയാണ് ശ്രീ. അടൂർ പ്രകാശിന്റെ പ്രധാനപ്പെട്ട വിമർശനങ്ങൾ വന്നത്. നമ്മുടെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വലിയ പ്രയാസം നേരിടുകയാണ്. എന്നാൽ റെഡി മാർക്കറ്റുള്ള ജിയോ ടെക്സ്റ്റയിൽസുണ്ട്. ലൂമുകളുടെ ഒരു പങ്ക് ജിയോ ടെക്സ്റ്റേൽസിലേയ്ക്ക് മാറേണ്ടി വരും. അവിടെയാണെങ്കിൽ ഇത്രയും കയർ ജിയോ ടെക്സ്റ്റയിൽസായി മാറ്റണം. ഉൽപ്പന്നങ്ങളുടെ സംഭരണം. കൂടുതൽ പണം നൽകിയിട്ടും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട വിമർശനം പറഞ്ഞത്. 15 ശതമാനം പർച്ചേസ് പ്രൈസ് കുറച്ചു. അതുകൊണ്ടാണ് വർദ്ധനവ് കാണാത്തത്. പക്ഷേ എങ്കിൽപ്പോലും അത് നാമമാത്രമാണ്. ഉൽപ്പന്നങ്ങളുടെ സംഭരണം 15 ശതമാനം വർദ്ധിച്ചാൽ പോര. ആ വിമർശനം വളരെ ശരിയാണ്. കാരണം ഏതാണ്ട് 40 കോടി രൂപയുടെ സ്റ്റോക്ക് ആയിരുന്നു. അതിന്റെ

കാരണം എന്തായിരുന്നെന്നാൽ, വാങ്ങാൻ എക്സ്പോർട്ടേഴ്സ് വേണമല്ലോ. എക്സ്പോർട്ടേഴ്സ് രണ്ടു തരത്തിലാണ് വാങ്ങുന്നത്. ഒന്ന്, നേരിട്ട് സ്റ്റെൻസിൽ ചെയ്ത് കയറ്റുമതി ചെയ്യുന്നു. രണ്ട്, അതിന്റെ റബ്ബർ മോൾഡിംഗ് കൊടുത്തിട്ട് കയറ്റുമതി ചെയ്യുന്നു. രണ്ടാമത് പറഞ്ഞ പ്രവൃത്തികളൊക്കെ നടത്തുന്നത് ഇന്ന് കോട്ടയം-ചങ്ങനാശ്ശേരി ഭാഗത്താണ്. കഴിഞ്ഞ ഒരു വർഷത്തിന് മുൻപ് തുടങ്ങിയ ഒരു പ്രവണതയാണ്. ഇപ്പോൾ പൂർണ്ണമായിട്ടും അവർ ഡിപ്പോയിൽ നിന്നാണ് വാങ്ങുന്നത്. ഡിപ്പോയിൽ സർക്കാർ നൽകുന്ന 10 ശതമാനം സബ്സിഡിയല്ല. 25 ശതമാനം വില കുറച്ച് വാങ്ങാൻ പറ്റുമെന്ന് അവർ പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണംവരെ നടത്തി ഇത്തരത്തിലുള്ള പ്രവണതയെ നിരുത്സാഹപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വരുന്ന ഓണക്കാലത്ത് ഈ സ്റ്റോക്കിന്റെ പകുതിയെങ്കിലും വിറ്റഴിക്കുന്നതിനു വേണ്ടി വലിയൊരു യജ്ഞം കേരളത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നമ്മൾ പരിശോധന നടത്തുന്നുണ്ട്. അപ്പോൾ സാധ്യതകൾ പരിശോധിക്കുന്നുണ്ട്. ഇതാണ് നമ്മുടെ മൊത്തത്തിലുള്ള സമീപനം.

ശ്രീ. അടൂർ പ്രകാശ് പറഞ്ഞ ഒരു പ്രധാനപ്പെട്ട വിമർശനം, കേരള ഫെസ്റ്റ്

നിർത്തലാക്കി എന്നുള്ളതാണ്. ഇല്ല. നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ നടത്തിയതിനെക്കുറിച്ച് ഞങ്ങൾ വിമർശിച്ചിട്ടുണ്ട്. അതാണ് നിങ്ങൾ പറയുന്നത്. ഞങ്ങൾ നിർത്താൻ ഉദ്ദേശിക്കുന്നില്ല. ഒക്ടോബർ മാസത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഡെൽഹി ഫെയർ കഴിഞ്ഞാൽ അതിന്റെ തുടർച്ചയായിട്ട് ബയേഴ്സിനെ നമുക്ക് ഇങ്ങോട്ടുകൂടി ക്ഷണിക്കാൻ സാധിക്കും. ഒരു മാറ്റം അതിൽ വരുന്നത്, അഭ്യന്തര കച്ചവടക്കാരെ കൂടുതൽ ക്ഷണിക്കാനായി ഉദ്ദേശിക്കുന്നു. വലിയ തോതിൽതന്നെ ഈ കയർ ഫെസ്റ്റ് നടത്തും. ഈ പറഞ്ഞ പ്രവർത്തന പരിപാടികളുടെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ ഉൽപ്പാദനം ഗണ്യമായി ഉയർത്തുന്നതിനും തൊഴിലാളികൾക്ക് 150 ദിവസത്തെ ജോലിയെങ്കിലും ഉറപ്പു നൽകുന്നതിനും, അത് 300 രൂപ കയർ പിരി മേഖലയിലും 500-600 രൂപ ഉൽപ്പന്ന മേഖലയിലും നൽകുന്നതിനും വേണ്ടിയുള്ള പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(മറുപടി പ്രസംഗത്തിനായി വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എഴുന്നേറ്റപ്പോൾ പ്രതിപക്ഷാംഗങ്ങൾ അദ്ദേഹത്തോടുള്ള പ്രതിഷേധ സൂചകമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ട് പുറത്തുപോയി)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതി

ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവന്ന എല്ലാ നിർദ്ദേശങ്ങളും തുടർന്ന് ബോർഡിന്റെ പ്രവർത്തനങ്ങളിൽ സ്വീകരിക്കുന്നതാണെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. ഈ സഭയിലെ ചർച്ചയിൽ 15 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ബഹുമാന്യരായ അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ, സഭയുടെ പൊതു വികാരം ബോർഡിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ക്രിയാത്മകമായ എല്ലാ കാര്യവും സ്വീകരിക്കുമെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഉറപ്പ് പറയാൻ ആഗ്രഹിക്കുകയാണ്.

വൈദ്യുതി ബോർഡ് ഏറ്റെടുത്ത പ്രധാനപ്പെട്ട ഒരു ജോലി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. ബഹുമാന്യനായ ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ അന്ന് ധാരാളം പ്രവർത്തനങ്ങൾ നടത്തി. 85 അസംബ്ലി മണ്ഡലങ്ങളിൽ അന്ന് സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ കഴിഞ്ഞിരുന്നു. പക്ഷേ പൂർണ്ണമാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ ആ വഴിക്ക് ഒരു ശ്രമവും നടത്തിയില്ല. ആ പരിപാടി ഫലത്തിൽ തള്ളുകയാണ് ചെയ്തത്. നമ്മുടെ അനുഭവം അതാണ്. എന്നാൽ ഈ സർക്കാർ സമ്പൂർണ വൈദ്യുതീകരണം നടത്തുമെന്ന് പ്രഖ്യാപിച്ചു. ഏറ്റവും നല്ല

ഫലപ്രദമായ പ്രവർത്തനമാണ് അതിന് സംഘടിപ്പിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം ആ കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്ന കാര്യം നന്ദിപൂർവ്വം ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. അതോടൊപ്പം, 174 കോടി രൂപ വൈദ്യുതി ബോർഡ് മുടക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പണവും, എം.പി.- മാരുടെ ഫണ്ടും, എം.എൽ.എ.-മാരുടെ ഫണ്ടും ഉപയോഗിച്ചാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നത്, ഈ മാസം തന്നെ സംസ്ഥാനതലത്തിൽ പ്രഖ്യാപിക്കാവുന്ന നിലയിൽ എത്തിയിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണം വഴി 1,49,000 വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കോടതി കേസ്സുകളുള്ളതുകൊണ്ട് 4000 വീടുകൾക്ക് കൊടുക്കാൻ കഴിയില്ല. 53000 ആണ് ആകെ വെരിഫൈ ചെയ്ത് കണ്ടെത്തിയിരിക്കുന്നത്. എന്നാൽ 1,49,000 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്തു. ഈ കാര്യത്തിൽ വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥൻമാരും വിവിധ ട്രേഡ് യൂണിയൻ തൊഴിലാളികളും വലിയ പങ്ക് വഹിച്ചു. അഭിമാനകരമായ പങ്കാണ് അതിലെ ജീവനക്കാർ വഹിച്ചതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർമ്മിക്കാൻ ആഗ്രഹിക്കുകയാണ്. നൂറുക്കണക്കിന്, ആയിരക്കണക്കിന് ആളുകളുടെ വീടുകളിൽ

വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്തവർക്ക് വയറിംഗ് നടത്തിക്കൊടുക്കാൻ സ്വയം പണം കണ്ടെത്തി വൈദ്യുതി ജീവക്കാർ സഹായിച്ചു എന്നുള്ള കാര്യം ഒരിക്കലും നമുക്ക് വിസ്മരിക്കാൻ കഴിയുകയില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ നല്ല ഫലപ്രദമായ പ്രവർത്തനമാണ് വൈദ്യുതി ജീവനക്കാരും എല്ലാ തലങ്ങളിലുമുള്ള ബോർഡിന്റെ അധികാരികളും സമ്പൂർണ വൈദ്യുതീകരണത്തിനുവേണ്ടി നടത്തിയത്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ശ്രീ. എ.കെ. ബാലൻ മുൻകയ്യെടുത്ത് ആ വിഭാഗത്തിന് ചെലവാകുന്ന പണത്തിന്റെ 75 ശതമാനം ഫണ്ട് തന്നു സഹായിച്ചു എന്ന കാര്യവും ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും നടത്താത്ത മഹത്തായ പരിശ്രമമാണ് നമ്മൾ നടത്തിയത്. ഇപ്പോൾ ഗവൺമെന്റിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതിനുശേഷം തീയതി നിശ്ചയിച്ച് ഉടൻ തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കും. ജില്ലകളിൽ പ്രഖ്യാപനം ഇപ്പോൾ തന്നെ പ്ലാൻ ചെയ്തിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു മാതൃകാപരമായ പ്രവർത്തനമാണ് ഇതുസംബന്ധിച്ച്

നമ്മൾ നടത്തിയതെന്ന് അഭിമാനബോധത്തോടുകൂടി പറയാൻ കഴിയും. ഇന്ത്യയിൽ 29 സംസ്ഥാനങ്ങളിൽ കേരളം മുന്നിലാണ്. അതുകൊണ്ട് സമ്പൂർണ വൈദ്യതീകരണത്തിന്റെ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് ഈ രംഗത്ത് നമ്മൾ നടത്തിയതെന്ന കാര്യം അഭിമാനപൂർവ്വം കേരളീയരായ നമുക്ക് വിലയിരുത്താനും കാണാനും കഴിയുന്നതാണ്. മറ്റൊരു നേട്ടം ഇപ്പോൾ കാലാവസ്ഥയിൽ പൂർണ്ണമായി വന്നിരിക്കുന്ന മാറ്റം, മഴയില്ല, ഡാമിൽ വെള്ളവുമില്ല, കടുത്ത ചൂടുമാണ്, പ്രതിസന്ധിയാണ്. സാധാരണനിലയിൽ ഇവിടെ വൈദ്യുതി കട്ടും അനിവാര്യമായ ലോഡ്ഷെഡ്ഡിംഗും വരേണ്ടതാണ്. എന്നാൽ ബോർഡിന്റേയും, ഗവൺമെന്റിന്റേയും ഫലപ്രദമായ ശ്രമംകൊണ്ട് ഒരു നിലയിലും വൈദ്യുതികട്ടോ, ലോഡ്ഷെഡ്ഡിംഗോ വരാതെ കേരളത്തെ രക്ഷിക്കുക, കേരളീയരെ സഹായിക്കുക എന്ന ശരിയായ നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന കാര്യവും ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമുക്ക് കേരളത്തിൽ ആവശ്യം വരുന്ന ആകെ വൈദ്യുതിയുടെ 30% മാത്രമാണ് നമ്മൾ ഉൽപ്പാദിപ്പിക്കുന്നത്. ഇത്തവണത്തെ കാലാവസ്ഥയിൽ വന്ന മാറ്റം 30%-ലും ഉൽപ്പാദനം കുറയുമെന്നതാണ് വസ്തുത. അത്രയും വലിയ പ്രതിസന്ധിയുള്ളപ്പോഴും വൈദ്യുതി കട്ടില്ലാതെ നമുക്ക് കേരളത്തെ മുന്നോട്ട്

കൊണ്ടുപോകാൻ കഴിഞ്ഞു. കേരള ജനതയെ സഹായിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരു മഹത്തായ നേട്ടമായി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ ചർച്ചയിൽ പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്, പദ്ധതികൾ സ്തംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തനം തുടങ്ങിയ പള്ളിവാസൽ പദ്ധതിയടക്കമുള്ള ധാരാളം പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് ഇല്ലാതാക്കി. നൂറുകണക്കിന് കോടി രൂപ മുടക്കി നിർമ്മാണം നടത്തിയത് ഫലത്തിൽ വലിയ നഷ്ടം വൈദ്യുതി ബോർഡിനും ഗവൺമെന്റിനും വരുന്ന നിലയിലുള്ള നടപടികളാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചതെന്നത് നമ്മൾ കാണാതിരുന്നുകൂടാ. അത്തരം പദ്ധതികളെല്ലാം പുനരാരംഭിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പള്ളിവാസൽ പദ്ധതിയടക്കമുള്ള പദ്ധതികൾ പുനരാരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എൽ.ഡി.എഫ് ഭരണകാലത്ത് പണിയാരംഭിച്ച പള്ളിവാസൽ എക്സ്റ്റെൻഷൻ, തോട്ടിയാർ, ചാത്തൻകോട്ടുനട തുടങ്ങിയ പദ്ധതികളൊക്കെ യാതൊരു പണിയും നടക്കാതെ സ്തംഭനത്തിലായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്. അതെല്ലാം ഇപ്പോൾ പുനരാംരംഭിക്കാൻ പോകുന്നു, ചിലത് റീ-ടെണ്ടർ നടത്താൻ

ഗവൺമെന്റും ബോർഡും തീരുമാനിച്ചിരിക്കുന്ന എന്നുള്ള കാര്യം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഡോ. എൻ. ജയരാജ്: കൂടംകുളം പദ്ധതിയിൽ നിന്നുള്ള ലൈൻ കടന്നു പോകുന്നത് നാലഞ്ച് നിയോജകമണ്ഡലങ്ങളിലൂടെയാണ്. അവിടത്തെ കൃഷിക്കാർ ഭയങ്കര ആശങ്കയിലാണ്. പവർ ഗ്രിഡ് കോർപ്പറേഷൻ ഈ വർക്ക് ഏറ്റെടുത്തപ്പോൾ ചില മേഖലകളിൽ അണ്ടർഗ്രൗണ്ട് കേബിൾ വലിച്ച് കൃഷിക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ ലൈൻ ഹൈവേവഴി വലിക്കാൻ തയ്യാറായി. വൈദ്യതിലൈൻ വലിക്കുമ്പോൾ കൃഷിക്ക് നാശമുണ്ടാകാതെ അണ്ടർഗ്രൗണ്ട് കേബിൾ വലിക്കണമെന്നാണ് ഇപ്പോൾ ഞങ്ങളുടെ മേഖലയിലെ കൃഷിക്കാർ ആവശ്യപ്പെടുന്നത്. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ?

ശ്രീ. എം. എം. മണി: ഞാനത് പിന്നീട് പറയാം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇഴഞ്ഞു നീങ്ങിയിരുന്ന പെരുന്തേനരുവി പദ്ധതി ദ്രുതപ്പെടുത്തി പൂർത്തീകരിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. പണി നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിൽ നിന്നും ഈ സർക്കാർ കാലയളവിൽ 160 മെഗാവാട്ട് വൈദ്യുതിയാണ് പ്ലാൻ ചെയ്തിട്ടുള്ളത്. കൂടാതെ 155 മെഗാവാട്ടിന്റെ

പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ ഗവൺമെന്റും ബോർഡും ആലോചിക്കുന്നുണ്ട്. ഇവിടെ സഭയിൽ ചർച്ച ചെയ്തപ്പോൾ ബഹുമാന്യരായ അംഗങ്ങൾ സോളാറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു, സോളാറിന്റെ നിർമ്മാണപ്രവർത്തനവും നമ്മൾ നടത്തുന്നുണ്ട്. സോളാർ എന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു അശ്ലീല വാക്കായിരുന്നു, എന്നാൽ വൈദ്യുതിയുണ്ടാക്കാനുള്ള ഒരു പദ്ധതിയാണ് സോളാർ എന്നാണ് ഈ സർക്കാരിന്റെ സമീപനമെന്ന് ചൂണ്ടിക്കാണിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ പാർക്കിന്റെ നിർമ്മാണം നടന്നു വരികയാണ്. ഇതിനകം 30 മെഗാവാട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനകം തന്നെ 20 മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് സോളാറിന്റെ പദ്ധതി നമുക്ക് ഫലപ്രദമായി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കാം. പക്ഷെ അത് ആലോചിക്കുമ്പോൾ അതിന്റെ പരിമിതിയെപ്പറ്റിയും നമ്മൾ കാണേണ്ടതുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഒന്ന്, പകൽ മാത്രമേ വൈദ്യുതി കിട്ടുകയുള്ളൂ, രാത്രി കിട്ടണമെങ്കിൽ പ്രത്യേകം സ്റ്റോർ ചെയ്യണം. അതെല്ലാം വലിയ ചെലവുള്ളതാണെന്ന പ്രശ്നവുമുണ്ട്. ഇപ്പോൾ ഒരു യൂണിറ്റ് ജലവൈദ്യുത പദ്ധതിക്ക് ആകുന്നതിനേക്കാൾ കൂടുതൽ വില ഇതിനാകുമെന്ന പ്രശ്നവുമുണ്ട്. ഈ വില കൂടിയ വൈദ്യുതി കൂടുതൽ

ഉൽപ്പാദിപ്പിച്ചെന്നാൽ അത് ഭാവിയിൽ വൈദ്യുതി ബോർഡിനും വിതരണരംഗത്തും പ്രതിസന്ധിയുണ്ടാകുമോ എന്ന കാര്യവും ഗൗരവമായി ആലോചിക്കേണ്ടതുണ്ടെന്ന് ഈ രംഗത്തെ വിദഗ്ദർക്ക് അഭിപ്രായമുണ്ടെന്നുള്ളകാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എങ്കിലും സോളാറിന്റെ സ്കീം നമ്മുടെ പരിഗണനയിലുണ്ട്. നിർമ്മാണ പ്രവർത്തനം ഇപ്പോൾ കാസർഗോഡ് നടന്നുവരുന്നു, രാമക്കൽമേട്ടിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അവിടെയും നമുക്ക് ആരംഭിക്കാവുന്നതാണ്. അതിനും ലിമിറ്റ് ചെയ്തില്ലെങ്കിൽ നമുക്ക് പ്രതിസന്ധിയുണ്ടാകും. വില കൂടുതലാകുമെന്നുള്ളത് തന്നെയാണ് അതിലെ ഒരു ദൗർബല്യമെന്ന് നമ്മൾ കാണേണ്ടതുണ്ട്. കായംകുളം എൻ.ടി.പി.സി താപനിലയത്തിൽ നിന്ന് കഴിഞ്ഞ കുറേനാളുകളായി ഒരു യൂണിറ്റ് വൈദ്യുതി പോലും നമ്മൾ വാങ്ങുന്നില്ല, ഉൽപ്പാദിപ്പിക്കുന്നുമില്ല. നമ്മൾ പ്രതിവർഷം 247 കോടി രൂപ ഇതിനുവേണ്ടി എൻ.ടി.പി.സി.-ക്ക് കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അതിന്റെ ചാർജ്ജ് കൂട്ടി, 299 കോടി രൂപ ഇപ്പോൾ കൊടുക്കണമെന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരിക്കുകയാണ്. അപ്പോൾ ഇതുസംബന്ധിച്ച് നമ്മൾ തീരുമാനം എടുക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിൽ അടുത്ത കാലത്ത് തുക കുറച്ചുതരണമെന്ന് പറഞ്ഞ് നിവേദനം കൊടുത്തപ്പോൾ ഇത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം,

കെ.എസ്.ഇ.ബി. ഏറ്റെടുക്കണമെന്ന നിർദ്ദേശം കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി, മുന്നോട്ടുവച്ചിട്ടുണ്ട്. അദ്ദേഹം അതുസംബന്ധിച്ച് പറഞ്ഞത്, 500 കോടി രൂപ ഞങ്ങൾക്ക് തന്നിട്ട് നിങ്ങൾ ഏറ്റെടുത്തോ, എന്നാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം, അതുസംബന്ധിച്ച് വിപുലമായ ആലോചന നടക്കാതെ ഒന്നും പറയാൻ കഴിയില്ല. ബോർഡും ഗവൺമെന്റുമായി ആലോചിച്ച് അവസാന തീരുമാനമെടുക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഏതായാലും കായംകുളം എൻ.ടി.പി.സി പദ്ധതിയിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി പോലും കിട്ടുന്നില്ല, ഒരു നിലയിലും അത് നമുക്ക് മുതലാകുന്നില്ലെന്ന പ്രശ്നവുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭൂമിയുണ്ട്, അവിടെയും സോളാറിന്റെ നിർമ്മാണപ്രവർത്തനം നോക്കാവുന്നതാണ്. അതുകൂടാതെ നമുക്ക് ഗ്യാസ് മുഖാന്തരം ഉല്പാദനം നടത്താമോ, എന്നാൽ വില കുറഞ്ഞു കിട്ടുമോ, എന്ന കാര്യവും പരിശോധനാർഹമായ കാര്യമാണ്, അതു സംബന്ധിച്ച് ഗവൺമെന്റും ബോർഡും ഒരു തീരുമാനമെടുക്കേണ്ടതുണ്ടെന്നാണ് പറയാനുള്ളത്. അതുപോലെ ഈ നിലയത്തോടനുബന്ധിച്ച് ഭൂമിയിൽ സോളാർ നിലയം സ്ഥാപിച്ച് 170 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതി എൻ.ടി.പി.സി ആലോചിക്കുന്നുണ്ട്. കായകുളം നിലയത്തോടനുബന്ധിച്ച് ഭൂമിയിൽ സോളാർ നിലയം സ്ഥാപിച്ച് 170 മെഗാവാട്ട് വൈദ്യുതി

ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതി NTPC ആലോചിക്കുന്നുണ്ട്. ആ കാര്യം വളരെ ഗൗരവമായി ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും പരിശോധിക്കപ്പെടേണ്ട ഒരു വിഷയമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ കൂടംകുളം ലൈൻ, പ്രസരണമേഖല എന്നിവയെപ്പറ്റി സൂചിപ്പിച്ചു. കൂടംകുളത്ത് 400 മെഗാവാട്ട് ലൈനാണ് ഉദ്ദേശിക്കുന്നത്. അതിന് ധാരാളം തടസ്സമുണ്ടായിരുന്നു, ഈ ഗവൺമെന്റ് വന്നശേഷം മുഖ്യമന്ത്രിയൊക്കെ ഇടപെട്ട് കൃഷിക്കാരുമായി ചർച്ച ചെയ്ത് ഏകദേശ ധാരണ ഉണ്ടാക്കിയിട്ടുണ്ട്, വലിയ പ്രശ്നമില്ലാതെ അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്ന ചിന്തയാണ് ഇലക്ട്രിസിറ്റി ബോർഡിനുള്ളത്. അതിനായി കേബിൾ സ്ഥാപിക്കുക എന്നകാര്യം അപ്രായോഗികമാണ്, സാങ്കേതിക വിദ്യയെപ്പറ്റി കൂടുതൽ ആലോചിക്കേണ്ടതുണ്ട്, കേബിൾ സ്ഥാപിക്കുന്നത് അത്ര സുഗമമായിരിക്കില്ല എന്നാണ് തോന്നുന്നത്. 400 കെ.വി. ലൈൻ പൂർത്തീകരിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. കൂടംകുളത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് ഇത് അനിവാര്യമാണ്.

മറ്റൊരു കാര്യം പ്രസരണ മേഖലയെക്കുറിച്ചാണ്. വൈദ്യുതോല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം വർദ്ധിച്ചുവരുന്ന

ആവശ്യകത കണക്കിലെടുത്ത് പുറത്തു നിന്നു ചെലവു കുറഞ്ഞ വൈദ്യുതി കിട്ടാനുള്ള എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്താനും സർക്കാർ ആലോചിക്കുന്നുണ്ട്. ഇങ്ങനെ കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി പ്രസരണശേഷിയിൽ വലിയ വർദ്ധനവ് ആവശ്യമുണ്ട്.

കഴിഞ്ഞ 25 വർഷമായി പ്രവർത്തനം സ്തംഭിച്ചു കിടന്നതാണ് പരപ്പനങ്ങാടി 110 KV സബ്സ്റ്റേഷനും എരുമേലി സബ്സ്റ്റേഷനും. ഈ രണ്ട് പദ്ധതികളുടെയും പണി പൂർത്തികരിക്കാൻ സാധിച്ചു. പരപ്പനങ്ങാടി സബ്സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു എന്ന കാര്യം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുവന്തപുരം നഗരത്തിൽ വൈദ്യുതി എത്തിക്കുന്നതിന് ആവശ്യത്തിന് ലൈനുകളില്ലാത്തത് കടുത്ത വൈദ്യുത തടസ്സത്തിന് കാരണമായിരുന്നു. ഇത് പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട പോത്തൻകോട്-കാട്ടാക്കട ലൈൻ നിർമ്മാണം കുറേക്കാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈൻ നിർമ്മാണം ദ്രുതപ്പെടുത്തി, ഈ മെയ് അവസാനത്തോടെ തന്നെ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ട്രാൻസ്ഗ്രിഡ്-II എന്ന പുതിയ പദ്ധതിയും ഈ രംഗത്ത് കൊണ്ടു വരികയാണ്. പ്രസരണ മേഖലയിൽ വലിയൊരു കുതിച്ചു ചാട്ടത്തിനാണ് കേരളം ലക്ഷ്യമിടുന്നത്.

നമ്മുടെ പ്രസരണ ശൃംഖലയുടെ നട്ടെല്ല് ഇപ്പോൾ 220 KV ലൈൻ ആണ്. അത് 400 KV ലൈൻ ആക്കി മാറ്റണം. അത് നമ്മുടെ ദീർഘകാലമായുള്ള ആഗ്രഹമാണ്. കേരളത്തിന്റെ പ്രസരണ ശൃംഖല ആധുനികവൽക്കരിക്കുക, പ്രസരണ ശേഷി ഇരട്ടിയിലധികമായി വർദ്ധിപ്പിക്കുക, എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും ലൈനുകളോ, ട്രാൻസ്ഫോർമറുകളോ കേടായാലും പകരം സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തുക, വൈദ്യുത ഇറക്കമതിശേഷി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 10000 കോടി രൂപയുടെ ഒരു പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്-II എന്ന പേരിൽ അംഗീകരിച്ചിട്ടുള്ളത് എന്ന കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പദ്ധതിക്ക് 5200 കോടി രൂപ കിഫ്ബിയിൽ നിന്ന് ധനസഹായമായി അനുവദിച്ചിട്ടുണ്ട് എന്നതും നന്ദിപൂർവ്വം ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 700 കോടിയോളം രൂപയുടെ ധനസഹായവും ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വൈദ്യുത മേഖലയിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ നിക്ഷേപമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വൈദ്യുത ബോർഡിന്റെ സാമ്പത്തിക സ്ഥിതി- എല്ലാവർക്കും വൈദ്യുതി എത്തിക്കുന്നതിനും, വൈദ്യുതോല്പാദനം കൂട്ടുന്നതിനും, ഉപഭോക്തൃ സംതൃപ്തി

ഉറപ്പുവരുത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതോടൊപ്പം വൈദ്യുത ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സർക്കാർ നല്ല രീതിയിൽ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാന വൈദ്യുത ബോർഡിന് നിലവിൽ 7000 കോടി രൂപയോളം കടബാദ്ധ്യതയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിൽ ഈ കടബാദ്ധ്യത നല്ല നിലയിൽ കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. 2006-ൽ 4500 കോടി രൂപ കടമുണ്ടായിരുന്നത് 2011 ആയപ്പോഴേയ്ക്കും 1066 കോടി രൂപയായി കുറയ്ക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽ ഇത് വീണ്ടും വർദ്ധിച്ചു, ഇപ്പോൾ 7000 കോടി രൂപയായി. ഇതിൽത്തന്നെ 2011-2012, 2012-2013 കാലത്ത് വലിയ ബാദ്ധ്യതയാണ് ബോർഡിനുണ്ടായിട്ടുള്ളത്.

താരിഫ് പരിഷ്ക്കരണം- ഇക്കാര്യത്തെപ്പറ്റി വാക്കൗട്ട് നടത്തിപ്പോയ സുഹൃത്തുക്കളടക്കം വിമർശിച്ചു. യഥാർത്ഥത്തിൽ ഇലക്ട്രിസിറ്റി ബോർഡല്ല, ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ് ഇലക്ട്രിസിറ്റി നിയമമനുസരിച്ച് താരിഫ് വർദ്ധനവ് കൊണ്ടുവന്നതും പ്രഖ്യാപിച്ചതും. പക്ഷേ കെ.എസ്.ഇ.ബി.-യാണ് താരിഫ് വർദ്ധിപ്പിച്ചതെന്ന രീതിയിലാണ് പ്രതിപക്ഷം ഇവിടെ വിമർശനം കൊണ്ടുവന്നത്. അത് ശരിയല്ല, വസ്തുതയല്ല. കേന്ദ്ര ഇലക്ട്രിസിറ്റി നിയമമനുസരിച്ച്

റഗുലേറ്ററി കമ്മീഷനാണ് അതിന്റെ അധികാരി. കടബാദ്ധ്യത തീർക്കുന്നതിലേയ്ക്കായി 500 കോടി രൂപ അധികമായി ലഭിക്കുന്നതിനാൽ തെല്ലാശ്വാസം കിട്ടുമെന്നേയുള്ളൂ, വലിയ വർദ്ധനവ് എന്ന് പറയാൻ കഴിയില്ല. കാർഷിക മേഖലയിൽ കുറച്ചധികം സൗജന്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്, എൻഡോസൾഫാൻ ബാധിതർക്കും ഏറ്റവും താഴെക്കിടയിലുള്ള ജനവിഭാഗങ്ങൾക്കും സൗജന്യം പ്രഖ്യാപിച്ചിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് സംതൃപ്തി- വൈദ്യുത വിതരണ മേഖലയിൽ ഒട്ടേറെ പരിഷ്കാരങ്ങൾ ഈ കാലഘട്ടം സാക്ഷ്യം വഹിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കി, ആർക്കും ഏതു സെക്ഷനിലും പണമടയ്ക്കാനും, അപേക്ഷകൾ കൊടുക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയത് ഈ രംഗത്തെ വലിയൊരു നേട്ടമായി ചൂണ്ടിക്കാണിക്കുകയാണ്. തിരുവനന്തപുരത്തോ, മലപ്പുറത്തോ, കണ്ണൂരിലോ ഏത് സെക്ഷനിൽ വേണമെങ്കിലും ബില്ലടയ്ക്കുന്നതിനും, ഓൺലൈൻ അപേക്ഷകൾ നല്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇപ്പോഴുണ്ട്, പുതിയ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. വൈദ്യുത തടസ്സം എസ്.എം.എസ്. ആയി ഫോണിൽ അറിയിക്കുന്ന സംവിധാനമടക്കം ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. ഈ

സേവനങ്ങളൊക്കെ ഇനിയും മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കസ്റ്റമർ കെയർ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ട്, അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വൈദ്യുത വിതരണ ശൃംഖല മേഖലയിൽ വേൾട്ടേജ് ക്ഷാമം, വൈദ്യുത തടസ്സം എന്നിവ പരഹരിക്കാൻ കഴിയുന്ന വിധത്തിൽ, ബൃഹത്തായ രീതിയിൽ വിതരണശൃംഖല ആധുനികവത്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഊർജ്ജ സംരക്ഷണം- ഊർജ്ജസംരക്ഷണത്തിനുവേണ്ടിയുള്ള കാമ്പയിൻ വളരെ വിപുലമായി നടത്തിവരികയാണ്. ഓരോഘട്ടത്തിലും ഓരോ മണക്കൂറും, ഓരോ മിനിറ്റും ഊർജ്ജ സംരക്ഷണം നടത്തുക എന്നുള്ളത് പരമപ്രധാനമായി നമ്മൾ കാണേണ്ടതാണ്. തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യാക്കി മാറ്റി കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് വിപുലമായ ഒരു പദ്ധതിയും തയ്യാറാക്കുകയാണ്. പുതിയ സെക്ഷനുകൾക്കുവേണ്ടിയുള്ള ആവശ്യങ്ങൾ ധാരാളമായി ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അശാസ്ത്രീയമായി മുപ്പതോളം സെക്ഷനുകൾ അനുവദിച്ചു. എന്നാൽ ഒരു ജീവനക്കാരൻ പോലും അത്തരം സെക്ഷനുകളിലില്ല. രാഷ്ട്രീയ ഇടപെടൽമൂലം ഇങ്ങനെ അനുവദിക്കുക മാത്രമാണ് ചെയ്തതെന്ന് പരിശോധിച്ചാൽ മനസ്സിലാകും.

ഇപ്പോഴും എല്ലാ മണ്ഡലങ്ങളിൽനിന്നും പുതിയ സെക്ഷനുകൾ വേണമെന്ന ആവശ്യം ഉയർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാമെന്നത് സംബന്ധിച്ച് പ്രായോഗികമായ എല്ലാ മാർഗ്ഗങ്ങളും പരിശോധിച്ച, ചില കാര്യങ്ങൾ അക്കാര്യത്തിൽ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

സെന്റർ സംവിധാനം - വൈദ്യുതി സംബന്ധമായ ഏത് പരാതിയും 1912 എന്ന നമ്പറിൽ വിളിച്ച് പറയാവുന്നതാണ്, അതിനുള്ള സംവിധാനം വിപുലീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ്, വൈദ്യുത വകുപ്പിനു കീഴിലുള്ള അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയൊക്കെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് നല്ല ഇടപെടലും, പരിശ്രമവും ഈ രംഗത്ത് നടത്തിയിട്ടുണ്ടെന്ന കാര്യം പ്രത്യേകിച്ചും ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

വൈദ്യുത അപകടങ്ങൾ - യഥാർത്ഥത്തിൽ വൈദ്യുത അപകടങ്ങൾ ഇപ്പോൾ കുറഞ്ഞു വരികയാണ്. അഖിലേന്ത്യാനിരക്കിൽ നോക്കിയാൽ കേരളത്തിൽ 4 ശതമാനം വൈദ്യുത അപകടങ്ങളേയുള്ളൂവെങ്കിലും അതുപോലും നമുക്ക് അനുവദിക്കാൻ കഴിയില്ല. വൈദ്യുതി ഉപയോഗിക്കുന്നതിലെ അശാസ്ത്രീയത, വയറിംഗിൽ സംഭവിക്കുന്ന മിസ്റ്റേക്ക്, ഇരുമ്പ് തോട്ടി ഉപയോഗിച്ച് കൃഷിക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയ പല കാരണങ്ങൾകൊണ്ടും വലിയ തോതിൽ

വൈദ്യുത അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിപുലമായ കാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനതലത്തിൽ ഈയടുത്ത ദിവസം ഒരു സെമിനാർ നടന്നു, അത് താഴേതട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വിപുലമായ പരിപാടി ബോർഡ് തയ്യാറാക്കിയിട്ടുണ്ട് എന്ന കാര്യവും അറിയിക്കുകയാണ്.

ഹൈഡൽ ടൂറിസം - വൈദ്യുത ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഹൈഡൽ ടൂറിസം സെന്റർ ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിവരികയാണ്. 'ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും' എന്നതാണ് വൈദ്യുത ബോർഡിന്റെയും ഗവൺമെന്റിന്റെയും ലക്ഷ്യം എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII
## വ്യവസായങ്ങൾ

മി. സ്പീക്കർ: വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങളാരും സീറ്റിലില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

**<u>അനുകൂലിക്കുന്നവർ:</u>**

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ

11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. സി. ദിവാകരൻ

16. ശ്രീ. എൽദോ എബ്രഹാം

17. ശ്രീമതി ഗീതാ ഗോപി

18. ശ്രീ. ജോർജ് എം. തോമസ്

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24.ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32 ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ. പി

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

**പ്രതികൂലിക്കുന്നവർ:**

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

3. ശ്രീ. സി. എഫ്. തോമസ്

**നിഷ്പക്ഷത പാലിക്കുന്നവർ:**

1. ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.......78

പ്രതികൂലിക്കുന്നവർ........3

നിഷ്പക്ഷത പാലിക്കുന്നവർ......1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIX**
**വൈദ്യുത പദ്ധതികൾ**

മി. സ്പീക്കർ: വൈദ്യുത പദ്ധതികൾ എന്ന XXXIX--ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടില്ല.

വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

**അനുകൂലിക്കുന്നവർ:**

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. എ. എം. ആരിഫ്

7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ

11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. സി. ദിവാകരൻ

16. ശ്രീ. എൽദോ എബ്രഹാം

17. ശ്രീമതി ഗീതാ ഗോപി

18. ശ്രീ. ജോർജ് എം. തോമസ്

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32 ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ. പി

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

**<u>പ്രതികൂലിക്കുന്നവർ:</u>**

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

3. ശ്രീ. സി. എഫ്. തോമസ്

**<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>**

1. ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.......78

പ്രതികൂലിക്കുന്നവർ........3

നിഷ്പക്ഷത പാലിക്കുന്നവർ......1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.43-ന് പിരിഞ്ഞു.)

****